Reg: No. M. 2689
T. 32.

License o: 427
Datec — 8—1943.

# മലയാളരാജ്യം

പുസ്തകം ൨൦ | കൊല്ലം ൧൯൪൩ ഏപ്രിൽ ൧൨-ാംനു- | ലക്കം ൨൩൩
പേജ ൧൨ | ൧൧൧൮ മീനം ൩൦-ാംനു- തിങ്കളാഴ്ച | ഒറ്റപ്രതി അണ ൧

# ഹൈദരാബാദ് ഇൻഡ്യയിൽ ലയിപ്പിക്കുക

## വ്യക്തമായി ചിന്തിക്കുന്നതിനു ഒരഭ്യർത്ഥന

ഡാക്ടർ എൻ. വി. രാജകുമാർ, പി. എച്ച്. ഡി;
എഫ്. ആർ. ഇ എൽ. (ലണ്ടൻ)
എ. ഐ. സി. സി. വിദേശകാര്യവകുപ്പുസെക്രട്ടറി.

നമ്മുടെ രാജ്യത്തിന്റെ ഒരു പ്രധാന പ്രശ്നം ഇന്നു ഹൈദരബാദാണ്. ഇത്തിഹാദ് സംഘത്തിന്റെ കുനയങ്ങളും നൈസാമിന്റെ സഹജമായ അസ്ഥിരതയും ഇൻഡ്യയുടെ സംഘടിതത്വത്തിനു പ്രതിബന്ധമായി നിലകൊള്ളുന്നു. ഈ ലേഖനത്തിൽ സുധീരമായ ഒരു നയം ലേഖകൻ നിർദ്ദേശിക്കുന്നു.

ഹൈദരബാദിലെ യഥാർത്ഥ വസ്തുതകളെ ഒന്നു അഭിമുഖീകരിക്കുക. നൈസാമിന്റെ ഉരുട്ടുവിദ്യകൾക്കു വിരാമമിടേണ്ട കാലമായി; എന്തെന്നാൽ ഇന്നു ഹൈദരബാദ് ഇന്ത്യൻശരീരത്തിലെ ഒരു പൊട്ടിയൊഴുകുന്ന വ്രണമാണ്. പാകിസ്ഥാനി അഞ്ചാംപത്തികൾക്കു ഒരു വിളനിലമായിത്തീരാനുള്ള സാധ്യത ആ രാജ്യത്തിനുണ്ട്. ഉപശമനനയം ഈ വിഷയത്തിൽ പ്രയോജനരഹിതമാണെന്നുള്ളതിനു സംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നു. ഹൈദരബാദുകാരെ നടത്തുന്ന മതഭ്രാന്തന്മാർക്കു നാം നൽകുന്ന ഓരോ സൗജന്യവും അവരോടു പ്രകടിപ്പിക്കുന്ന സന്മനോഭാവവും നമ്മുടെ ഭാഗത്തുള്ള ദൗർബല്യമായി വ്യാഖ്യാനിക്കപ്പെടുന്നു. യഥാർത്ഥത്തിൽ ഈ രാജ്യം ഭരിക്കുന്ന ഇത്തിഹാദ് സംഘത്തിനു പ്രചോദനം ലഭിക്കുന്നതു മി. ജിന്നായിൽനിന്നാണെന്നു ഇതിനകം വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥിതിഗതികളിൽ നമ്മുടെയും ഇന്ത്യാഗവൺമെന്റിന്റെയും കർത്തവ്യം എന്താണ്?

ഇന്ത്യാഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവരുടെ അഭിപ്രായപ്രകാരം ഇതിനുള്ള പോംവഴി ആരായുന്നു. വളഞ്ഞുതിരിഞ്ഞ ഒരു വഴിയാണതെന്നു തോന്നുന്നു. നമ്മിലധികംപേർക്കും തോന്നുന്നതു അവർ നൈസാമിനോടു വളരെ കൂടുതൽ ദാക്ഷിണ്യം പ്രകടിപ്പിക്കുന്നു എന്നാണ്. എങ്കിലും, നാട്ടുരാജ്യമന്ത്രാലയത്തിന്റെ മേധാവിയായി ഉഗ്രമായ ആക്രമണകാലഘട്ടങ്ങളിൽ അത്ഭുതകൃത്യങ്ങൾ നിർവഹിച്ച ഒരു മനുഷ്യനാണുള്ളത്. മുൻപാരും ചെയ്തിട്ടില്ലാത്തവിധത്തിൽ അദ്ദേഹം രാജ്യത്തെ സംഘടിപ്പിച്ചിരിക്കുന്നു. പട്ടേൽസ്പർശനം നിശ്ചിതഫലം നൽകുന്നതാണ്. അദ്ദേഹം പോകുന്നു, സംസാരിക്കുന്നു, വിജയിക്കുന്നു. ഇന്നോളം ഉദ്ദേശം ൫൦൦-നാട്ടുരാജ്യങ്ങളുടെ പ്രശ്നത്തിനു അദ്ദേഹം പരിഹാരമുണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. ഹൈദരബാദു കുഴപ്പവും നേരെയാക്കുന്നതിനു നമുക്കു അദ്ദേഹത്തിനെ പൂർണ്ണമായി വിശ്വസിക്കാം.

ഒരുകാര്യം തീർച്ചതന്നെ. നിശ്ചലകരാറുകൊണ്ടു നാമോ ഹൈദരബാദിലെ ജനങ്ങളോ നിശ്ചലരായിരിക്കണമെന്നില്ല. മുന്നോട്ടു നമുക്കു പോകതന്നെ വേണം; മുന്നോട്ടുപോകുമ്പോൾ വസ്തുതകൾ പരിഗണിക്കാതിരിക്കരുതു. ഹൈദരബാദിനു പ്രത്യേകമായ ഒരു വ്യക്തിത്വമില്ല. അതു ഇന്ത്യയുടെ ഒരു ഭാഗം മാത്രമാണ്. ഭാഷയോ കലയോ സംസ്കാരമോ മതങ്ങളോ ഹൈദരബാദ് ജനങ്ങളെ ഇന്ത്യയുടെ ബാക്കി ഭാഗങ്ങളിലെ ജനങ്ങളുമായി വേർതിരിച്ചുനിർത്തുന്നില്ല. ഹൈദരബാദിലെ ജനങ്ങൾ ഏകവർഗ്ഗമല്ല. മൂന്നു ഭാഷാവിഭാഗങ്ങളായി അവർ വേർതിരിക്കപ്പെട്ടിരിക്കുന്നു, തെലുങ്കർ, മഹാരാഷ്ട്രർ, കന്നടക്കാർ. ഹൈദരബാദിനെ സംബന്ധിച്ച ഈ വസ്തുത പ്രാധാന്യമർഹിക്കുന്നതാണ്. ഹൈദരബാദിനു ചുറ്റും ഭാഷാപരമായ അടിസ്ഥാനത്തിൽ പ്രവിശ്യകൾ രൂപവൽക്കരിക്കപ്പെടുമ്പോൾ സമീപപ്രദേശങ്ങളിൽ അവരവരുടെ ഭാഷകൾ സംസാരിക്കുന്ന ജനങ്ങളോടു ഹൈദരബാദിലെ ജനങ്ങൾക്കു ബന്ധുഭാവം വളർക്കുന്നതാണ്. സ്വാഭാവികമായി ഇൻഡ്യൻയൂണിയനു അനുകൂലമായി പ്രസ്തുത വികാരത്തെ ഉദ്ദീപിപ്പിച്ചു ചൂഷണം ചെയ്യേണ്ടതു നമ്മുടെ കർത്തവ്യമല്ലേ.

ഞാൻ ഇങ്ങനെ പറയട്ടെ. ഭാഷാപരമായ അതിന്റെ മൂന്നു ഘടകങ്ങളായി ഹൈദരബാദിനെ വേർതിരിച്ചു ഇന്ത്യൻയൂണിയനിലെ അടുത്തുള്ള പ്രദേശങ്ങളിൽ അവയെ ലയിപ്പിക്കണം. ഈ പ്രകാരമുള്ള ഒരു പരിഹാരം ചിലർക്കു സംഭ്രമജനകമായി തോന്നിയേക്കാം. പക്ഷേ ന്യായമായ ഏകപരിഹാരം ഇതുമാത്രമാണെന്നു ഞാൻ ധൈര്യപൂർവം പ്രസ്താവിച്ചുകൊള്ളുന്നു. ഈ വസ്തുത ഗ്രഹിച്ചു ഈ പരിഹാരമാർഗ്ഗം പ്രായോഗികമാക്കാനുള്ള കഴിവും യഥാർത്ഥബോധവും നമുക്കില്ലെന്നുള്ളതു സന്താപകരമാണ്. ഹൈദരബാദിനു ഇന്ത്യയുടെ ഭൂപടത്തിൽ ഒരു സ്ഥാനമില്ലെന്നു ഞാൻ ആവർത്തിച്ചുകൊള്ളുന്നു. അതു അപ്രത്യക്ഷമാകണം. തെലങ്കാണാ ഉൾപ്പെട്ട വിശാലതയോടെ ഒരു ആന്ധ്രാദേശവും കർണ്ണാടകവും മഹാരാഷ്ട്രവും പ്രത്യക്ഷമാകും. എങ്കിൽ മാത്രമേ ഇന്ത്യയുടെ ഐക്യവും സംഘടിതത്വവും പൂർണ്ണമാകയുള്ളു; മഹാനായ സർദാറിന്റെ സ്വപ്നം യാഥാർത്ഥ്യമായി പരിണമിക്കയുള്ളു.

ഹൈദരബാദ് സ്റ്റേറ്റുകോൺഗ്രസ്സ് നൈസാമിന്റെ പരമാധികാരത്തിൻകീഴിലുള്ള ഉത്തരവാദഭരണം മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളു എന്ന വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. പ്രസ്തുതരാജ്യത്തിന്റെ തിരോധാനത്തിനും അതിന്റെ അംശങ്ങൾ സമീപപ്രവിശ്യകളിൽ ലയിക്കുന്നതിനും അവശ്യംവേണ്ട ഒരു പ്രാഥമികപടിയാണതു. അതിനാൽ ഹൈദരബാദിലെ പൊതുജനപ്രവർത്തകന്മാർ ഈ മാർഗ്ഗങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പ്രവർത്തനപരിപാടി രൂപീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ഈ പ്രതിസന്ധിയിൽ ഹൈദരബാദ് ജനതയ്ക്കു അത്യാവശ്യം ധൈര്യമാണ്. ശക്തിയായി സ്ഥാനമുറപ്പിച്ചിട്ടുള്ള ഒരു ശത്രുവിനെയാണ് അവർ എതിരിടേണ്ടതു. നൈസാം—ഇത്തിഹാദ് സഖ്യം അതിശക്തമാണ്, ഭരണയന്ത്രം മുഴുവനും മുസ്ലീങ്ങളുടെ കയ്യിലാണ്. പോലീസും പട്ടാളവും മിക്കവാറും അവരെക്കൊണ്ടുതന്നെ നിറഞ്ഞിരിക്കയാണ്. മതഭ്രാന്തിന്റെ പേരിൽ പ്രക്ഷോഭണം നടത്തിവരുന്ന ഇത്തിഹാദിനു സംഘടനയെ മുസ്ലീങ്ങളെ ഇൻഡ്യയിലെ ഇസ്ലാമികപക്ഷത്തിനായി പ്രവർത്തിക്കുന്ന അഗ്രഗാമികളായ ഒരു സംഘമായി സൃഷ്ടിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ചു നമുക്കു വ്യാമോഹങ്ങളൊന്നും പാടില്ല. നമ്മുടെ ആദർശനിഷ്ഠയും അവ്യക്തമായ ഒരു ദേശീയതാപരമായ പ്രേമവും, ഹൈദരബാദിനെ സംബന്ധിച്ചിടത്തോളം മുസ്ലീങ്ങൾ നമ്മോടു കൂറില്ല എന്ന വസ്തുത വിസ്മരിക്കാൻ ഇടയാക്കരുത്. മുസ്ലീങ്ങളുടെയിടയിൽ സ്റ്റേറ്റുകോൺഗ്രസ്സിനു യാതൊരു സ്വാധീനശക്തിയുമില്ല. നൈസാമിന്റെ സ്വേച്ഛാധിപത്യത്തിനെതിരായുള്ള സമരം ഹിന്ദുസഹോദരന്മാരെന്നപോലെ തങ്ങളുടെയും കൂട്ടമരണമെന്നു അവർ കരുതിപ്രവർത്തിച്ചിട്ടില്ല. അവരെതിരായാണു പ്രവർത്തിക്കുന്നതു. നൈസാം അവരുടെ സ്വന്തം ആളാണ്. ഇവിടങ്ങളിൽ അദ്ദേഹം അവരുടെ ഒരു അവകാശിയായിത്തീർന്നിരിക്കയുമാണ്. മുസ്ലീംപ്രജകളുടെ ആനുകൂല്യവും പിൻതുണയുമുണ്ടാകാതെ ഒരു മാറ്റവുമില്ലെന്നു മനസ്സിലാക്കത്തക്കവണ്ണമുള്ള സാമാന്യബോധം നൈസാമിനുണ്ട്. അതിനാൽ ഹൈദരബാദിലെ സ്വാതന്ത്ര്യത്തിനുള്ള ജനകീയസമരം ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള സമരത്തിന്റെ ഛായ അവലംബിച്ചേക്കാമെന്നു നാം പ്രതീക്ഷിക്കേണ്ടതാണ്. മുസ്ലീംജനതയെ വഴിതെറ്റിച്ചു പ്രസ്തുതപന്ഥാവിൽക്കൂടി ചരിപ്പിക്കാനിടയുണ്ട്. അപ്രകാരമൊരു സാധ്യത നമ്മുടെ നയത്തിൽനിന്നു നമ്മെ വ്യതിചലിപ്പിക്കുന്നതിനു ഇടയാക്കരുതു. ബ്രിട്ടീഷുകാർക്കെതിരായുള്ള സമരങ്ങളിൽപോലും ഒരു സമുദായമെന്ന നിലയിൽ മുസ്ലീങ്ങൾ നമ്മുടെ പക്ഷത്തു ആയിരുന്നില്ല. രാജ്യത്തിന്റെ വിപത്സന്ധികളിൽപോലും അവർ ലീഗുനേതാക്കന്മാരുടെ നേതൃത്വത്തിൽ ബ്രിട്ടീഷുപക്ഷത്താണു ചേർന്നിരുന്നതു. ഉദാഹരണമായി, ഇടക്കാലഗവൺമെന്റുകാലത്തു ലീഗുകാർ "രാജാവിന്റെ കക്ഷി"യായിട്ടാണു പ്രവർത്തിച്ചതെന്നു ഓർക്കുമല്ലോ.

വർഗ്ഗീയസമരസ്ഥിതി കൂടാതെതന്നെ ഹൈദരബാദിലെ ഹിന്ദുക്കൾക്കു അവിടത്തെ പിൽത്തിരിപ്പന്മാരായ മുസ്ലീങ്ങളോടു സമരംചെയ്യാവുന്നതാണ്; അവർ അങ്ങനെ ചെയ്യുമെന്നു എനിക്കു വിശ്വാസമുണ്ട്. വർഗ്ഗീയതയാകുന്ന അഗ്നിബാധയുടെ വിപത്തു അവിടെയുണ്ട്. പക്ഷേ ആ ആപത്തിനെ നേരിടേണ്ടതാണ്. മുസ്ലീങ്ങൾക്കു അപ്രിയമാകുമെന്ന ആശങ്ക നമ്മുടെ നയങ്ങളിലും നടപടികളിലും വ്യതിയാനം വരുത്തരുത്. പ്രത്യക്ഷത്തിൽ അബദ്ധമായ ഒരു നടപടിയാണ് അവർ അവലംബിക്കുന്നതെങ്കിൽ, അതിനെ ലഘൂകരിച്ചുകൊടുക്കുകയല്ല, ശരിയായ നടപടി നടത്തി അതിനെ പരിഹരിക്കുകയാണു നമ്മുടെ കർത്തവ്യം. ഉടനടി ഉത്തരവാദഭരണം സ്ഥാപിക്കുന്നതിനുള്ള സമരമാണു ശരിയായ നടപടിയെന്നു പ്രകടമാണ്. അതു സ്ഥാപിച്ചുകഴിഞ്ഞാൽ ഭാഷയുടെ അടിസ്ഥാനത്തിലുള്ള ആന്ധ്ര, കർണ്ണാടക, മഹാരാഷ്ട്രപ്രവിശ്യകളോടു ഹൈദരബാദിനെ വിഭജിച്ചു ചേർക്കേണ്ടതു അത്യാവശ്യവുമാണ്.

ഹൈദരബാദിനു ചരിത്രപരമോ സാംസ്കാരികമോ ആയി ഒരു വ്യത്യസ്തപാരമ്പര്യമുണ്ടെന്നു പറയുന്നതു അസംബന്ധമാണ്. നമ്മുടെ പ്രധാനമന്ത്രി ഒരിക്കൽ പ്രസ്താവിച്ചതുപോലെ അവിടത്തെ നൈസാമിനുപോലും അഭിമാനകരമായ ഒരു കുലചരിത്രമില്ല. നൈസാമിന്റെ പൂർവ്വികന്മാർ മുഗൾചക്രവർത്തിമാരുടെ കീഴിൽ ഡെക്കാനിലെ സുബേദാർമാത്രമായിരുന്നു. അനന്തരം അദ്ദേഹം ബ്രിട്ടീഷുകാരുടെ വിശ്വസ്തബന്ധുവായി വികസിച്ചു; വ്യക്തമായ ഭാഷയിൽ അവരുടെ ഇഷ്ടത്തിനൊത്തു പ്രവർത്തിക്കുന്ന മനുഷ്യൻ. നൈസാമിനു ഉന്നതമായ പ്രതീക്ഷകളുണ്ടെന്നും ഈയിടെയായി ഒരു അക്ബർവിഭ്രാന്തി അദ്ദേഹത്തിൽ സംജാതമായിട്ടുണ്ടെന്നും എനിക്കറിയാം. പക്ഷേ അക്ബറിനെയും നൈസാമിനെയും ഒരേ അവസരത്തിൽ പറയുന്നതു പാപമാണ്.

നൈസാമിന്റെ പ്രജകൾ അദ്ദേഹത്തെ സ്നേഹിക്കുന്നില്ല. ഹിന്ദുവോ മുസ്ലീമോ ആയ സ്വപ്രജകൾ കൃതജ്ഞതയോടെ സ്മരിക്കത്തക്കതായ ഒന്നും അദ്ദേഹം അവർക്കു ചെയ്തുകൊടുത്തിട്ടില്ല. രാജ്യത്തിലെ പ്രധാനപ്പെട്ട ഉദ്യോഗങ്ങളെല്ലാം ഒരു ചെറുസംഘം മുസ്ലീങ്ങൾ കരസ്ഥമാക്കിവെച്ചിരിക്കയാണ്. അവരാണ് അവരുടെ കക്ഷിയുമായി "ഇസ്ലാം വിപത്തിൽ" എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ടു മുസ്ലീംജനതയെ അപഥത്തിൽ സഞ്ചരിപ്പിക്കുന്നതു. മുസ്ലീങ്ങൾ അപഥസഞ്ചാരത്തിനു സ്വയം അനുവദിക്കുകയും ചെയ്യുന്നു. ഇൻഡ്യയുടെ ഇതരഭാഗങ്ങളിലെ മുസ്ലീങ്ങൾക്കു ഇപ്പോൾ ബോദ്ധ്യമായതുപോലെ ഒരു സ്വതന്ത്രരാജ്യത്തിൽ ഒരു ചെറിയ ന്യൂനപക്ഷത്തിന്റെ വർഗ്ഗീയാധിപത്യത്തിനു സ്ഥാനമില്ലെന്നു അവർ ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അവർ അതു ഒരു ദിവസം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അവർ അതു ഒരുദിവസം മനസ്സിലാക്കും. ആ ദിവസം വിദൂരമല്ല.

സ്റ്റേറ്റിന്റെ ഭാവി ഇരുമ്പുചട്ട ധരിച്ച സമസ്യയായി പൊതിഞ്ഞിരിക്കയാണ്. "ഹൈദരബാദുമുസ്ലീങ്ങളെ രക്ഷിക്കുക; അതുവഴി ഇന്ത്യൻ മുസ്ലീങ്ങളെയും" ഇതാണ് അദ്ദേഹത്തിന്റെ പോർവിളി. ജിന്നായുടെ നേതൃത്വം ഇന്ത്യയിലെ മുസ്ലീങ്ങളുടെ ഇടയിൽ പിളർപ്പും ധാർമ്മികമായ അധഃപതനവും വരുത്തിത്തുടങ്ങി. ആ പ്രവർത്തനം പൂർത്തിയാകുന്നതിനു വാസ്തവത്തിൽ ഒരു പാകിസ്ഥാനായിത്തീർന്നിരിക്കുന്ന ഈ സ്ഥലത്തു ഒരു രണ്ടാംജിന്നാ ഉദയം ചെയ്തിരിക്കുന്നു. അദ്ദേഹവും വിജയം പ്രാപിക്കുകയാണെങ്കിൽ ഭാരതത്തിലെ മണ്ണിൽ ജനിച്ച രണ്ടു

(ശേഷം പതിനൊന്നാംപേജിൽ)

മലയാളരാജ്യം

# യു. എസ്. എസ്. ആറിന്റെ ഭരണഘടന

## യു. എസ്. എസ്. ആർ. സംസ്ഥാനാധികാരത്തിന്റെ പരമസ്ഥാനങ്ങൾ

എസ്. രാമവാര്യർ

### III
### സുപ്രീംസോവിയററ്

സോവിയററ് യൂണിയന്റെ രാഷ്ട്രാധികാരത്തിന്റെ അത്യുച്ചമായ ഉപകരണങ്ങൾ യു. എസ്. എസ്. ആറിന്റെ സുപ്രീം സോവിയററാണ്. ഭരണഘടനാനിയമപ്രകാരം സുപ്രീം സോവിയററിനോടു ഉത്തരവാദിത്വമുള്ള, സോവിയററ് യൂണിയനിലെ സുപ്രീം സോവിയററ് പ്രസിഡിയം, കൌൺസിൽ ആഫ് പീപ്പിൾസ് കമ്മീസ്സാർസ്, പീപ്പിൾസ് കമ്മീസ്സറിയേററുകൾ എന്നിവയുടെ അധികാരപരിധിക്കുള്ളിൽ വരുന്നവയൊഴിച്ചു സോവിയററ് യൂണിയന്റെ സകല അധികാരങ്ങളും അവകാശങ്ങളും പ്രയോഗിക്കുന്നതു് യു. എസ്. എസ്. ആറിലെ സുപ്രീം സോവിയററാണ്. യു. എസ്. എസ്. ആറിലെ നിയമനിർമ്മാണാധികാരം സോവിയററ് യൂണിയന്റെ സുപ്രീം സോവിയററിനു മാത്രം ഉള്ളതാണ്. യു. എസ്. എസ്. ആറിലെ സുപ്രീം സോവിയററ് ഒരു ദ്വിമണ്ഡലസ്ഥാപനമാണ്. (൧. സോവിയററ് ആഫ് ദി യൂണിയൻ. ൨. സോവിയററ് ആഫ് നാഷനാലിററീസ്) മൂന്നുലക്ഷം ജനങ്ങൾക്കു ഒരു പ്രതിനിധിയെന്നുള്ള അടിസ്ഥാനത്തിന്മേലുള്ള നിയോജകമണ്ഡലങ്ങളിൽനിന്നു യു. എസ്. എസ്. ആറിലെ പൌരന്മാർ യൂണിയന്റെ സോവിയററിലേക്കു പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. യു. എസ്. എസ്. ആറിലെ പൌരന്മാർ തന്നെയാണ് നാഷനാലിററികളുടെ സോവിയററിലേക്കും പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതു്. ഇതിലേക്കുള്ള നിയോജകമണ്ഡലങ്ങൾ യൂണിയൻറിപ്പബ്ലിക്കുകൾ, സ്വയംഭരണ റിപ്പബ്ലിക്കുകൾ, സ്വയംഭരണമേഖലകൾ, രാഷ്ട്രവർഗ്ഗദേശങ്ങൾ എന്നിവയാണ്. ഓരോ യൂണിയൻ റിപ്പബ്ലിക്കിനും ൨൫-ം ഓരോ സ്വയംഭരണറിപ്പബ്ലിക്കിനും ൧൧-ം ഓരോ സ്വയംഭരണമേഖലയ്ക്കും ൫-ം ഓരോ നാഷനൽപ്രദേശത്തിനു ൧-ംവീതം പ്രതിനിധികളെയാണ് തെരഞ്ഞെടുക്കാനവകാശമുള്ളതു്.

നാലുവർഷത്തേക്കാണ സുപ്രീംസോവിയററിനെ തെരഞ്ഞെടുക്കുന്നതു്. യു. എസ്. എസ്. ആറിലെ സുപ്രീംസോവിയററിന്റെ രണ്ടു മണ്ഡലങ്ങൾക്കും തുല്യാവകാശങ്ങളും അധികാരങ്ങളുമാണുള്ളതു്. രണ്ടു മണ്ഡലങ്ങളിലും നൂതനനിയമം അവതരിപ്പിക്കാവുന്നതാണ്. രണ്ടു മണ്ഡലങ്ങളുടേയും സമ്മേളനങ്ങൾ ഒരേകാലത്തു ആരംഭിക്കയും ഒരേകാലത്തു അവസാനിക്കയും ചെയ്യുന്നു. ഒരു നിയമത്തിനു രണ്ടു മണ്ഡലങ്ങളിലും കേവലഭൂരിപക്ഷം കിട്ടുന്നതായാൽ അതു സ്വീകരിച്ചതായി ഗണിക്കപ്പെടും. രണ്ടു മണ്ഡലങ്ങളും തമ്മിൽ അഭിപ്രായവ്യത്യാസം വന്ന സന്ദർഭത്തിൽ ഒരു അനുരഞ്ജനകമ്മീഷനെ നിയമിച്ചു ആ പ്രശ്നം അതിനു വിട്ടുകൊടുക്കുന്നു. ഓരോ മണ്ഡലങ്ങളിൽനിന്നും ഈ കമ്മീഷനിലേക്കു തുല്യസംഖ്യയുള്ള അംഗങ്ങളെ നിയമിക്കുന്നു. അനുരഞ്ജനകമ്മീഷനു ഒരു ഒത്തുതീർപ്പു വരുത്തുവാൻ സാധിക്കാതെ വരികയോ, കമ്മിഷന്റെ തീരുമാനം ഏതെങ്കിലും ഒരു മണ്ഡലത്തിനു സ്വീകാര്യമല്ലാതെ വരികയോ ചെയ്യുന്നപക്ഷം രണ്ടു മണ്ഡലങ്ങളും ആ പ്രശ്നത്തെക്കുറിച്ചു വീണ്ടും ചർച്ചചെയ്യുന്നു. എന്നിട്ടും രണ്ടുമണ്ഡലങ്ങളും തമ്മിൽ യോജിപ്പു ഉണ്ടാകാത്തപക്ഷം സുപ്രീം സോവിയററിന്റെ പ്രസിഡിയം സുപ്രീം സോവിയററിനെ പിരിച്ചുവിടുകയും പുതിയ തിരഞ്ഞെടുപ്പിനു ഉത്തരവിടുകയും ചെയ്യുന്നു. യു. എസ്. എസ്. ആറിലെ സുപ്രീംസോവിയററ് പാസ്സാക്കുന്ന നിയമങ്ങൾ എല്ലാ യൂണിയൻറിപ്പബ്ലിക്കുകളുടെ ഭാഷകളിലും പ്രസിഡിയത്തിന്റെ അദ്ധ്യക്ഷന്റേയും കാര്യദർശിയുടേയും ഒപ്പോടുകൂടെ പ്രസിദ്ധപ്പെടുത്തുന്നു. സുപ്രീംസോവിയററിന്റെ രണ്ടു മണ്ഡലങ്ങളും അവയ്ക്കുള്ള ഓരോ അദ്ധ്യക്ഷന്മാരെയും രണ്ടുഉപാദ്ധ്യക്ഷന്മാരെയും പ്രത്യേകം പ്രത്യേകം തെരഞ്ഞെടുക്കുന്നു. അതതു മണ്ഡലത്തിന്റെ അദ്ധ്യക്ഷൻ ആ മണ്ഡലത്തിന്റെ സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിക്കുകയും നടപടികളെ നിയന്ത്രിക്കുകയും ചെയ്യുന്നു. രണ്ടു മണ്ഡലങ്ങളുടേയും സംയുക്തസമ്മേളനമുണ്ടാകുന്ന സന്ദർഭങ്ങളിൽ യൂണിയൻ സോവിയററിന്റെ അദ്ധ്യക്ഷനും നാഷനാലിററീസ് സോവിയററിന്റെ അദ്ധ്യക്ഷനും ഒന്നിടവിട്ടു അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നു. ഈ സഭകൾ ആണ്ടിൽ രണ്ടുപ്രാവശ്യം സമ്മേളിക്കുന്നു. അവയെ വിളിച്ചുകൂട്ടുന്നതു് യു. എസ്. എസ്. ആറിലെ സുപ്രീം സോവിയററിന്റെ പ്രസിഡിയം ആണ്. പ്രസിഡിയത്തിന്റെ യുക്തമനുസരിച്ചോ, ഒരു യൂണിയൻറിപ്പബ്ലിക്കിന്റെ ആവശ്യമനുസരിച്ചോ വിശേഷസമ്മേളനങ്ങൾ വിളിച്ചുകൂട്ടപ്പെടുന്നു.

### പ്രസിഡിയം (അദ്ധ്യക്ഷസമിതി)

യു. എസ്. എസ്. ആറിലെ സുപ്രീം സോവിയററിന്റെ രണ്ടു മണ്ഡലങ്ങളും ചേർന്നുള്ള ഒരു സംയുക്തസമ്മേളനത്തിൽ യു. എസ്. എസ്. ആറിന്റെ സുപ്രീം സോവിയററിന്റെ പ്രസീഡിയത്തെ തിരഞ്ഞെടുക്കുന്നു. പ്രസീഡിയത്തിനു ഒരു അദ്ധ്യക്ഷനും, പതിനാറു് ഉപാദ്ധ്യക്ഷന്മാരും ഒരു സെക്രട്ടറിയും ഇരുപത്തിനാലു അംഗങ്ങളും ഉണ്ടു്. ഉപാദ്ധ്യക്ഷന്മാർ യൂണിയന്റെ ഘടകങ്ങളായ ഓരോ യൂണിയൻ റിപ്പബ്ലിക്കുകളിൽനിന്നുമായിരിക്കുന്നു. യൂണിയൻറിപ്പബ്ലിക്കുകൾക്കുള്ള തുല്യാധികാരത്തേയും പ്രാധാന്യത്തേയും വരുത്തുന്നതിനുവേണ്ടിയാണ് ഇങ്ങനെ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതു്. പ്രസീഡിയത്തിന്റെ സകലവിധങ്ങളുമായ പ്രവൎത്തനങ്ങൾക്കും അതു് സോവിയററ് യൂണിയന്റെ സുപ്രീംസോവിയററിനോടു ഉത്തരവാദംചെയ്യുവാനുള്ളതാണ്.

### പ്രസിഡിയത്തിന്റെ പ്രവൎത്തനാധികാരങ്ങൾ

൧. യു. എസ്. എസ്. ആറിലെ സുപ്രീംസോവിയററിന്റെ സമ്മേളനങ്ങളെ വിളിച്ചുകൂട്ടുന്നു.

൨. യു. എസ്. എസ്. ആറിൽ നടപ്പിലിരിക്കുന്ന നിയമങ്ങളെ വ്യാഖ്യാനിക്കുന്നു. ശാസനങ്ങൾ പുറപ്പെടുവിക്കുന്നു.

൩. യു. എസ്. എസ്. ആറിലെ സുപ്രീംസോവിയററിനെ നിയമവ്യവസ്ഥകൾ അനുസരിച്ചു് പിരിച്ചുവിടുകയും പുതിയ തെരഞ്ഞെടുപ്പുകൾ ആജ്ഞാപിക്കയും ചെയ്യുന്നു.

൪. സ്വന്തം അഭിമതമനുസരിച്ചോ ഏതെങ്കിലും ഒരു യൂണിയൻറിപ്പബ്ലിക്കിന്റെ ആവശ്യമനുസരിച്ചോ ജനഹിതപരിശോധനകൾ നടത്തുന്നു.

൫. യു. എസ്. എസ്. ആറിന്റേയും യൂണിയൻറിപ്പബ്ലിക്കുകളുടേയും പീപ്പിൾസ് കമ്മീസ്സാർസ് കൌൺസിലുകളുടെ തീരുമാനങ്ങളേയും ഉത്തരവുകളേയും അവ നിയമത്തിനനുസരിച്ചുള്ളവയല്ലെങ്കിൽ അസ്ഥിരപ്പെടുത്തുന്നു.

൬. സുപ്രീംസോവിയററിന്റെ സമ്മേളനങ്ങൾ തമ്മിലുള്ള ഇടക്കാലങ്ങളിൽ യു. എസ്. എസ്. ആറിലെ പീപ്പിൾസ് കമ്മീസർകളെ കമ്മിസ്സാർ കൌൺസിൽ അദ്ധ്യക്ഷന്റെ ഉപദേശമനുസരിച്ചു ഉദ്യോഗത്തിൽനിന്നു ഒഴിവാക്കുകയും ഉദ്യോഗത്തിൽ നിയമിക്കുകയും ചെയ്യുന്നു. ഈ പിരിച്ചുവിടലും നിയമനവും സുപ്രീം സോവിയററിന്റെ അനന്തരമായ അനുവാദത്തിനു വിധേയമാണ്.

൭. യു. എസ്. എസ്. ആറിലെ അഭിമാനലക്ഷണചിഹ്നങ്ങളും ബഹുമതിനാമങ്ങളും നൽകുന്നു.

൮. മാപ്പുകൊടുക്കുന്നതിനുള്ള അധികാരം പ്രയോഗിക്കുന്നു.

൯. യു. എസ്. എസ്. ആറിലെ സായുധബലത്തിന്റെ ഉന്നതസ്ഥാനങ്ങളിലുള്ള സേനാനികളെ നിയമിക്കയും മാററുകയും ചെയ്യുന്നു.

൧൦. യു. എസ്. എസ്. ആറിന്റെ മേൽ സായുധാക്രമണമുണ്ടാകയോ, ആക്രമണങ്ങൾക്കെതിരെ അന്യോന്യപ്രതിരോധബാദ്ധ്യതകൾ അന്തർരാഷ്ട്രീയസഖ്യപത്രങ്ങൾ അനുസരിച്ചുള്ളവ നിറവേറേണ്ടതായിവരികയോ ചെയ്യുന്നപക്ഷം സുപ്രീം സോവിയററിന്റെ സമ്മേളനങ്ങൾക്കു തമ്മിലുള്ള ഇടക്കാലങ്ങളിൽ സമരാവസ്ഥ പ്രഖ്യാപനം ചെയ്യുന്നു.

൧൧. സാർവ്വത്രികമോ, അസമ്പൂർണ്ണമോ ആയ സൈനികസേവനത്തെ ആജ്ഞാപിക്കുന്നു.

൧൨. അന്തർരാഷ്ട്രീയസന്ധികളെ സ്ഥിരീകരിക്കുന്നു.

൧൩. വിദേശരാജ്യങ്ങളിലേക്കുള്ള യു. എസ്. എസ്. ആറിന്റെ പ്രതിപുരുഷന്മാരെ നിയമിക്കുന്നു.

൧൪. വിദേശരാഷ്ട്രങ്ങളുടെ യു. എസ്. എസ്. ആറിലേക്കുള്ള പ്രതിപുരുഷന്മാരുടെ സാക്ഷിപത്രങ്ങളേയും തിരിച്ചുവിളിപ്പു പത്രങ്ങളേയും സ്വീകരിക്കുന്നു.

൧൫. യു. എസ്. എസ്. ആറിന്റെ പ്രതിരോധകാര്യങ്ങൾക്കുവേണ്ടിയോ പൊതുജനസമാധാനത്തിനോ രാജ്യരക്ഷയ്ക്കോ വേണ്ടിയോ യു. എസ്. എസ്. ആറിൽ സാർവ്വത്രികമായോ, ഏതെങ്കിലും പ്രത്യേകപ്രദേശങ്ങളിലോ സൈനികനിയമം പ്രഖ്യാപിക്കുന്നു.

രണ്ടുമണ്ഡലങ്ങളും അവയുടെ മെമ്പർമാരുടെ സാക്ഷിപത്രങ്ങളെ പരിശോധിക്കുവാനായിട്ടു് സാക്ഷിപത്രകമ്മീഷനെ തെരഞ്ഞെടുത്തു നിയമിക്കുന്നു. ഈ കമ്മീഷന്റെ ഉപദേശമനുസരിച്ചു് പ്രതിനിധികളുടെ തെരഞ്ഞെടുപ്പിനെ സ്വീകരിക്കയോ തിരസ്കരിക്കയോ ചെയ്യുന്നു. ആവശ്യമെന്നുതോന്നുന്ന സന്ദർഭങ്ങളിലെല്ലാം ഏതുകാര്യത്തിന്റേയും അന്വേഷണത്തിനും വിസ്താരത്തിനും ആയിട്ടു യു. എസ്. എസ്. ആറിലെ സുപ്രീം സോവിയററുകമ്മീഷനെ നിയമിക്കുന്നു. കമ്മിഷന്റെ ആജ്ഞയനുസരിച്ചു് സകല രേഖകളും മററുവസ്തുക്കളും നൽകേണ്ടതു് എല്ലാ സ്ഥാപനങ്ങളുടേയും, ഉദ്യോഗസ്ഥന്മാരുടേയും കടമയാണ്.

യു. എസ്. എസ്. ആറിലെ സുപ്രീം സോവിയററിന്റെ സമ്മേളനകാലത്താണെങ്കിൽ സോവിയററിന്റെ സമ്മതവും അല്ലാത്തകാലത്താണെങ്കിൽ സുപ്രീം സോവിയററിന്റെ പ്രസീഡിയത്തിന്റെ അനുവാദവും കൂടാതെ സുപ്രീം സോവിയററിലെ ഒരു മെമ്പറുടെമേൽ നടപടി നടത്തുകയോ ആയാളെ അറസ്റ്റുചെയ്യുകയോ ചെയ്തുകൂടാ.

പുതിയതായി തിരഞ്ഞെടുക്കപ്പെട്ട സുപ്രീംസോവിയററ്, ഒരു പുതിയ പ്രസീഡിയത്തെ തിരഞ്ഞെടുക്കുന്നതുവരെ പ്രസീഡിയത്തിന്റെ സകല അധികാരങ്ങളും പ്രവൎത്തനങ്ങളും പഴയ പ്രസീഡിയത്തിനു ഉണ്ടായിരിക്കുന്നതാണ്. കാലാവധി കഴിഞ്ഞോ അതിനുമുമ്പോ സുപ്രീം സോവിയററ് പിരിച്ചുവിടപ്പെട്ടുകഴിഞ്ഞാൽ രണ്ടുമാസത്തിനകം പുതിയ തെരഞ്ഞെടുപ്പു പ്രസീഡിയം നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പുകഴിഞ്ഞു ഒരുമാസത്തിനുമേൽ ആകുന്നതിനുമുമ്പു സമ്മേളനം വിളിച്ചുകൂട്ടേണ്ടതുമാണ്.

യു. എസ്. എസ്. ആറിലെ സുപ്രീം സോവിയററിന്റെ രണ്ടു മണ്ഡലങ്ങളുടേയും ഒരു സംയുക്തസമ്മേളനത്തിൽവച്ചു് സുപ്രീംസോവിയററ് യു. എസ്. എസ്. ആറിലെ ഗവൎമ്മെന്റിനെ നിയമിക്കുന്നു. അതായതു് യു. എസ്. എസ്. ആറിലെ പീപ്പിൾസ് കമ്മീസാർമാരുടെ കൌൺസിലിനെ നിയമിക്കുന്നു.

### IV
### യൂണിയൻ റിപ്പബ്ലിക്കുകളിലെ രാഷ്ട്രാധികാരസ്ഥാനം

#### യൂണിയൻ റിപ്പബ്ലിക്കിലെ സുപ്രീംസോവിയററ്

യൂണിയൻറിപ്പബ്ലിക്കുകളിലെ ഏററവും ഉയൎന്ന രാഷ്ട്രാധികാരസ്ഥാനം അവയിലെ സുപ്രീംസോവിയററുകളാണ്. ഈ സുപ്രീംസോവിയററിനെ യൂണിയൻ റിപ്പബ്ലിക്കിലെ പൌരന്മാർ നാലുകൊല്ലത്തേക്കു തെരഞ്ഞെടുക്കുന്നു. പ്രാതിനിധ്യത്തിന്റെ തോതു് അതതു

(ശേഷം പന്ത്രണ്ടാംപേജിൽ)



ഭക്ഷ്യോല്പാദനം—ബ്രിട്ടനിലെ റോഡുകളുടെ പാർശ്വങ്ങളിലുള്ള തരിശുഭൂമി കൃഷിചെയ്യുന്നതിനുള്ള ഒരു പദ്ധതി ഒരു കലപ്പക്കമ്പനി മാനേജിംഗ് ഡയറക്ടറായ മി: ജോൺറിച്ച് ആരംഭിച്ചിരിക്കുന്നു. ചെറുതരം (പാക്കാറവെസസ്) യന്ത്രക്കലപ്പകൾകൊണ്ടു ഭൂമി ഉഴുതശേഷം ബാർലി കൃഷിചെയ്യപ്പെടുന്നതാണ്. വ്യഷ്ലർ (ഒരുമൈൽ) സ്ഥലത്തു നടത്തുന്ന പരീക്ഷണം വിജയപ്രദമാകുന്നപക്ഷം കൂടുതൽ സ്ഥലത്തു ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

# ഉല്പാദനം വർദ്ധിപ്പിക്കുക

കെ. പി. മാധവൻ, മങ്ങാട്ടു്

ഒരു പുതിയ അന്തരീക്ഷത്തിലാണു നാമിന്നു ജീവിക്കുന്നതു്. പ്രായപൂർത്തി വോട്ടവകാശമനുസരിച്ചു നടന്ന തെരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിച്ച പ്രതിപക്ഷകക്ഷിയുടെ ഭരണം ആരംഭിച്ചുകഴിഞ്ഞു. ഭരണത്തിന്റെ ജയാപജയങ്ങൾ നിർണ്ണയിക്കുന്നതിനു ബാദ്ധ്യസ്ഥരായിക്കഴിയുന്നവരാണു സാധാരണജനങ്ങളെന്നു പറയുന്നതിൽ വലിയ പ്രമാദത്തിനവകാശമില്ല. സാധാരണജനങ്ങൾക്കു കൂടുതൽ ജീവിതസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും രാജ്യത്തെ നാനാമുഖങ്ങളായ പ്രശ്നങ്ങൾ പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിച്ചു നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതു ഭരണാ[illegible] ജനപ്രതിനിധികളുടെ മുഖ്യചുമതലയാണു. ആരാണു ഈ സാധാരണജനങ്ങൾ? അവരുടെ ആവശ്യങ്ങൾ എന്തു്? അതു നിർവ്വഹിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഏവ?

പാവങ്ങളായ സാധാരണ ജനങ്ങൾ. അവരാണു ഭൂരിഭാഗം. അവരാണു രാജ്യത്തിന്റെ ജീവശ്വാസം. അവരുടെ അഭിവൃദ്ധിയെ ആശ്രയിച്ചാണു രാജ്യാഭിവൃദ്ധി സ്ഥിതിചെയ്യുന്നതു്. എന്തെന്നാൽ ഇക്കൂട്ടർ കൃഷിക്കാരനും തൊഴിലാളിയും, രാജ്യത്തെ ജനസംഖ്യയുടെ ൯൦ ശതമാനമാണു്: രാജ്യത്തിന്റെ സമ്പത്തു ഇവരുടെ കൈവശമാണെന്നു നമുക്കു മറക്കാൻ സാദ്ധ്യമല്ല.

തൊഴിലാളികളുടെ വ്യവസ്ഥാപിതമായ സംഘടന ഒരു രാജ്യത്തിന്റെ പുരോഗമനത്തിനു അത്യാവശ്യം വേണ്ട ഒരു ശക്തിയാണെന്നു പുരോഗമിച്ചിട്ടുള്ള മററു രാജ്യങ്ങളുടെ അനുഭവം തെളിയിക്കുന്നു. അതുപോലെ വിഘടിതമായ തൊഴിലാളികൾ രാജ്യത്തിനു കൂടുതൽ നന്മയേക്കാൾ തിന്മയാണു പ്രദാനംചെയ്യുന്നതു്. തൊഴിലാളിസംഘടനകൾ ഉയരുന്നതിനും, നശിപ്പിക്കുന്നതിനും മുതലാളികൾ പരസ്യമായി ശ്രമിച്ച ഒരു കാലമുണ്ടായിരുന്നു. ചില ഗവൺമെന്റുകളും ഈ നയം കുറെയൊക്കെ അംഗീകരിച്ചിട്ടുണ്ടു്. തൊഴിലാളിസംഘടനകൾ മുതലാളിമാരുടെ സ്വേച്ഛാധികാരത്തെ ചോദ്യംചെയ്യുകയും നിയമത്തിനു വിധേയരായി വർത്തിക്കണമെന്നാവശ്യപ്പെടുകയുംചെയ്തു. സംഘടിക്കുന്നതിനു സ്വാതന്ത്ര്യം നൽകാതെ ഭയപ്പെടുത്തി ജോലിയെടുപ്പിച്ച പല മുതലാളിമാരും കാലത്തിന്റെ മാററത്തോടുകൂടി വലിയ എതിർപ്പുകൾക്കു വിധേയരാകുകയും ഭീമമായനഷ്ടം സഹിക്കേണ്ടിവരികയും ചെയ്തു. ഇന്നു തൊഴിലാളിസംഘടനകളുടെ പ്രവർത്തനം രാജ്യത്തിന്റെയും വ്യവസായത്തിന്റെയും പുരോഗമനത്തിനു ഒരാവശ്യമായിത്തീർന്നിരിക്കയാണു്. തൊഴിലാളിസംഘടനകളുടെ ആവിർഭാവകാലത്തു വൈമുഖ്യംപ്രദർശിപ്പിച്ച പല മുതലാളിമാരും കാലാന്തരത്തിൽ അവരുടെ നയം മാററുകയും തന്മൂലം പല കുഴഞ്ഞ പ്രശ്നങ്ങളും ക്ഷണത്തിൽ തീരുമാനിക്കപ്പെടുകയും ചെയ്തിട്ടുണ്ടു്. തൊഴിലാളിസംഘടനകൾ രാജ്യത്തിന്റെ പൊതുക്ഷേമമായുള്ള നന്മയ്ക്കുവേണ്ടിയാണെന്നു ഇന്നത്തെ എല്ലാം വ്യവസായപ്രമുഖരും ആദ്യമായി മനസ്സിലാക്കണം. തൊഴിലാളികളുടെ ഏതുതരത്തിലുള്ള അവശതകളും പരിഹരിക്കുന്നതിനുവേണ്ടി അവരുടെ സംഘടിതശക്തി ഉപയോഗിക്കുന്നതിനു അവർക്കവകാശമുണ്ടു്.

ഒരു സാമൂഹ്യജീവിയാണു തൊഴിലാളി. അവന്റെ മൗലികമായ ആവശ്യങ്ങൾ കൂലിയിനത്തിൽ അവനു ലഭിക്കുന്ന പണംകൊണ്ടു സാധിക്കണം. അതു സാധിക്കാത്ത കാലങ്ങളിൽ, ഒരു വ്യവസായം ന്യായമായ വഴിയിൽ പുരോഗമിക്കാൻ പ്രയാസമായിരിക്കും. വ്യവസായാഭിവൃദ്ധിയുടെ അടിസ്ഥാനം പ്രധാനമായി അതിലുൾക്കൊള്ളുന്ന തൊഴിലാളികളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളിലും, ലഭിച്ച സുഖസൗകര്യങ്ങളിലും; നിർഭയമായ തൊഴിൽ സ്ഥിരതയിലുമാണു നിലനില്ക്കുന്നതു്.

ഒരു രാജ്യത്തിന്റെ വരുമാനം വ്യവസായപുരോഗമനമനുസരിച്ചു മാറിക്കൊണ്ടിരിക്കുന്നു. അതുപോലെതന്നെ കൂലിനിരക്കും, ക്രയവിക്രയസ്ഥിതിഗതികളും സ്ഥിരമായ ഒരു നിലയിൽ കഴിയുന്നില്ല. ഉല്പന്നങ്ങളുടെ ഓരോ വർദ്ധനവും നാട്ടിന്റെ സാമ്പത്തികനില വർദ്ധിപ്പിക്കുകയും, നാട്ടുകാരുടെ ജീവിതത്തോതു ഉയർത്തുകയുംചെയ്യുന്നു. ഈ നിലയിലെത്തിച്ചേരുന്നതിനു ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റിന്റെ പ്രത്യേക മേൽനോട്ടം ഉണ്ടായിരിക്കണം. പലതരത്തിലുള്ള ഉല്പന്നങ്ങളുടെ വർദ്ധനവിനുവേണ്ടി ഒരു പരിപാടി സൃഷ്ടിക്കുകയും, തൊഴിലാളികളുടെ പരിപൂർണ്ണമായ സഹകരണത്തിൽ ആ പദ്ധതി നടപ്പിൽവരുത്തുകയുംവേണം. ചില രാജ്യങ്ങളിൽ ജനങ്ങളുടെ വരുമാനം മുഴുവൻ ആഹാരസാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി വിനിയോഗിക്കുന്നു. മററു ചില രാജ്യങ്ങളിൽ [illegible]രവിന്റെ മുന്നിൽ ഒരു ഭാഗം ശ്രമമാണു ഇതിനുവേണ്ടി ചിലവാക്കുന്നതു്. മനുഷ്യരുടെ നിത്യോപയോഗസാധനങ്ങൾ ഉല്പാദിപ്പിച്ചു വിതരണം നടത്തുന്നതിനുള്ള ഒരു പരിതഃസ്ഥിതി നമ്മുടെ രാജ്യത്തു ആസന്നമായ ഭാവിയിൽ ഉണ്ടാക്കുന്നതിനു ഇന്നത്തെ ഗവൺമെന്റു ശ്രമിക്കണം.

ചില തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ ജീവിതനില വളരെ ശോചനീയമാണു്. സംഘടനയുടെ അഭാവം തൊഴിലാളികളുടെ വർഗ്ഗീയബോധമില്ലായ്മ, ഈ വ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന മുതലാളിമാരുടെ അമിതമായ ലാഭോദ്ദേശം, മുതലായവയാണു ഈ പരിതഃസ്ഥിതിക്കു പ്രധാനമായ കാരണങ്ങൾ. നിസ്സാരകൂലിനിരക്കിൽ ചിരകാലം വേലചെയ്യുന്ന ഒരു തൊഴിലാളിയുടെ കഴിവു സാധാരണമായി നശിക്കുമെന്നുള്ളതു് സ്വാഭാവികമാണു്. ഈ നില മാറുന്നതിനു ഗവൺമെന്റിനു പ്രത്യേക ചുമതലയുണ്ടു്. ന്യൂസിലണ്ടു, ഗ്രേററ് ബ്രിട്ടൻ, ആസ്ത്രേലിയാ, ക്യാനഡാ, അമേരിക്ക മുതലായ രാജ്യങ്ങളിൽ കാണുന്ന കൂലിനിരക്കുനിയമം നടപ്പാക്കുന്നതിനു പ്രേരകമായ പ്രധാന സംഗതി ഇതായിരുന്നു. ഈ നിയമം നമ്മുടെ രാജ്യത്തു കഴിയുന്നതും വേഗം നടപ്പാക്കുന്നതു് വളരെ നന്നായിരിക്കും.

എല്ലാം സാധനങ്ങളും നിർമ്മിക്കുന്നതിനു ഒരു രാജ്യത്തു സാധിച്ചില്ലെന്നു വരാം. ചില സാധനങ്ങൾ മററു രാജ്യങ്ങളെ അപേക്ഷിച്ചു തുച്ഛമായ വിലയ്ക്കു നിർമ്മിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരു രാജ്യത്തിനുണ്ടാകാം. അതു മനസ്സിലാക്കി വ്യവസായനയംരൂപീകരിക്കണം. നിലവിലിരിക്കുന്ന വ്യവസായങ്ങളിലെ വിവിധജോലികളെസംബന്ധിച്ചു നല്ലപോലെ പഠിച്ചു ന്യായമായ കൂലി നിർണ്ണയിക്കേണ്ടതു ഒരാവശ്യമാണു്. ഇതു വിജയിക്കുന്നതിനു മുതലാളിമാരുടെയും തൊഴിലാളിസംഘടനകളുടെയും പരിപൂർണ്ണമായ സഹായസഹകരണങ്ങൾ ഉണ്ടാകണം. വ്യവസായലോകത്തു സമാധാനമായ ഒരന്തരീക്ഷം സൃഷ്ടിച്ചു ഉല്പാദനവർദ്ധനവിനുവേണ്ടി ശ്രമിക്കേണ്ടതു് ഏററവും ആവശ്യമാണു്.

വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന മനുഷ്യർക്കു ആവശ്യമായ സുഖസൗകര്യങ്ങൾ നൽകുന്നതിനു പ്രത്യേകം ശ്രദ്ധിക്കണം. ഫാക്ടറി പരിസരങ്ങൾ വളരെ ശുചിയായി സൂക്ഷിക്കണം. ജോലിചെയ്യുന്നതിനു അതൃപ്തിയും, വൈമുഖ്യവും ഉളവാക്കുന്ന സംഗതികൾ കണ്ടുപിടിച്ചു പരിഹരിക്കേണ്ടതാണു്. അപൂർണ്ണമായ വെളിച്ചവും വായുവും പ്രവേശിക്കുന്ന കെട്ടിടങ്ങളിൽ ജോലിചെയ്യാനനുവദിക്കരുതു്. ജോലിയിൽനിന്നും നീക്കുമെന്നുള്ള ഭയപ്പെടുത്തൽമൂലം എന്തെങ്കിലും തല്ക്കാല ശമനമുണ്ടാകുന്നതു് വ്യവസായത്തിന്റെ ശാശ്വതമായ നിലനില്പിനു പററിയതല്ല. പൊതുവെയുള്ള സൗകര്യങ്ങൾ അനുകൂലമാണെങ്കിൽ ജോലിചെയ്യുന്നതിനു വിഷമമാകുന്ന പ്രകൃതം സാധാരണയായി ജോലിക്കാരൻ പ്രദർശിപ്പിക്കയില്ല. എപ്പോഴെങ്കിലും വിപരീതമായ ഒരു ചെറിയ ലക്ഷണം കണ്ടാലുടൻതന്നെ, കാര്യത്തെപ്പററി പൂർണ്ണമായി അന്വേഷിച്ചു പരിഹാരമുണ്ടാക്കണം. ചില സന്ദർഭങ്ങളിൽ ഫാക്ടറി ഉദ്യോഗസ്ഥന്മാരുടെ ചില [illegible]ങ്ങൾ തൊഴിൽക്കുഴപ്പങ്ങൾക്കു കാരണമാകും. ഒരു തൊഴിലാളിയെ സന്തോഷമായി മുന്നോട്ടു നയിച്ചാൽ അവൻ ചെയ്യാനുള്ള ജോലി ശ്രദ്ധയോടുകൂടി ചെയ്തുതീർക്കുന്നതാണു്. അമിതമായി ജോലിചെയ്യുന്നതിനു ഒരു തൊഴിലാളിയെ നിർബന്ധിക്കരുതു്. വ്യവസായലോകം സാധാരണ ആളുകളെക്കൊണ്ടു നിറഞ്ഞതാണു്. അവരുടെ വികാരവിചാരങ്ങൾ മനസ്സിലാക്കി പെരുമാറുന്നതിനു കഴിവുള്ള ഉദ്യോഗസ്ഥന്മാർ ഒരു ഫാക്ടറിയുടെ ഭരണക്രമത്തിൽ ഉണ്ടായിരിക്കണം. ജോലിയിൽ എടുക്കുകയും, നീക്കുകയും ചെയ്യുന്നതിനുള്ള പരിപൂർണ്ണമായ അധികാരാവകാശങ്ങൾ തനിക്കുള്ളതാണെന്നു ഒരു മുതലാളി വിശ്വസിക്കുന്നു. ഇതു വളരെ അപകടപൂർണ്ണമായ ഒരു വിശ്വാസമാണു്. നേരേമറിച്ചു മററൊരാൾ ജോലിയുടെ ഉടമസ്ഥൻ ജോലിക്കാരനാണെന്നു അവനെ വിശ്വസിപ്പിക്കും. ഇതാണു് ഏററവും ശരിയായ മനഃസ്ഥിതി. അധികാരപ്രമത്തരായ ഫാക്ടറിഉദ്യോഗസ്ഥന്മാർ രാജ്യത്തിന്റെയും, വ്യവസായത്തിന്റെയും ശത്രുക്കളാണു്.

തൊഴിലാളിസംഘടന ഒരു സാമൂഹ്യസംഘമാകുന്നു. അതിൽ ഒരംഗമാകുന്നതോടുകൂടി ഒരാളിന്റെ വ്യക്തിത്വം നശിക്കുന്നു. ഒരു വലിയ സമൂഹത്തിന്റെ ഘടകമായി അവൻ രൂപാന്തരപ്പെടുന്നു. അവന്റെ സ്വഭാവത്തിലും പ്രവർത്തനത്തിലും സംഘടനയുടെനേതൃത്വമുണ്ടായിരിക്കുന്നു. ഉല്പാദകരുടെ സംഘടിതപ്രവർത്തനമില്ലെങ്കിൽ ഉല്പാദനം വർദ്ധിക്കുകയില്ല. പരസ്പരവിശ്വാസം സൃഷ്ടിക്കുന്നതിനു സാധിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഏതെങ്കിലും തൊഴിൽകുഴപ്പമുണ്ടായാൽ വളരെവേഗം ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ സാധ്യമാണു. ഫാക്ടറിപ്രവർത്തനത്തിനു വിഘാതമുണ്ടാകുന്നതുമൂലം അതിലേർപ്പെട്ടിരിക്കുന്ന എല്ലാം വിഭാഗങ്ങൾക്കും അമിതമായ നഷ്ടം സംഭവിക്കുന്നു.

ഒരു ജോലിക്കാരനു വിശ്രമം വളരെ ആവശ്യമാണു്. മനുഷ്യജീവിയെ ഒരു യന്ത്രമായി കണക്കാക്കരുതു. ഒരു മനുഷ്യശരീരത്തു, ജോലിചെയ്യുന്നതിനു നിക്ഷേപിച്ചുവയ്ക്കുന്ന ശേഷി, കുറെ സമയത്തിനുള്ളിൽ നഷ്ടപ്പെടുന്നതും, വീണ്ടും അതു കരുതിവയ്ക്കുന്നതിനു ശരീരത്തിനു വിശ്രമം നൽകേണ്ടതുമാണു്. വിശ്രമസമയം തൊഴിലിനെ ആശ്രയിച്ചിരിക്കുന്നു. ചില ജോലികളിലേർപ്പെട്ടിരിക്കുന്നവർ ജോലിസമയത്തിനുള്ളിൽതന്നെ കൂടുതൽവിശ്രമത്തിന്റെ ആവശ്യം നേരിടുന്നതാണു്. ഇതു മനസ്സിലാക്കാതെ ഒരു ഫാക്ടറിയിൽജോലി നടത്തിയാൽ തൊഴിൽസംബന്ധമായി പല കുഴപ്പങ്ങളും ഉണ്ടാകുമെന്നുള്ളതിനു രണ്ടു പക്ഷമില്ല: തൊഴിലാളികളെ ഭീഷണിപ്പെടുത്തി ജോലിനടത്താൻ ശ്രമിക്കരുതു്. അതു അസമാധാനത്തിനും, അതൃപ്തിക്കും വലിയ നഷ്ടത്തിനും ഇടയാക്കുന്നതാണു്. തൊഴിലാളിയൂണിയന്റെ അംഗീകാരം സിദ്ധിച്ച നിയമങ്ങൾ പരിപാലിക്കുന്നതിനു ഫാക്ടറിഭരണാധികാരികൾ ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

ഇന്നത്തെ വ്യവസ്ഥിതിക്കു ഒരു മാററമുണ്ടാകണം. രാജ്യത്തിന്റെ നന്മയ്ക്കു ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള എല്ലാം നടപടികളും അതിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സഹകരണത്തോടുകൂടി നടപ്പിൽവരുത്തേണ്ടതാണു്. ഉടൻതന്നെ ദേശീയമാക്കാൻസാധിക്കുന്ന വ്യവസായങ്ങൾ ഏതാണെന്നു ഗവൺമെന്റു കണ്ടുപിടിക്കുകയും, കഴിയുന്നതും വേഗം അവ ദേശീയമാക്കുകയും വേണം.

ഇന്നത്തെ തൊഴിലുടമസ്ഥന്മാർ അവരുടെ ഭാരവാഹിത്വം വിശ്വസ്തതയോടുകൂടി നിർവ്വഹിക്കണം. ഫാക്ടറിഭരണത്തിൽ തൊഴിലാളിക്കു ന്യായമായ ഒരു സ്ഥാനം നൽകാൻ യാതൊരു വൈമനസ്യവും പ്രകടിപ്പിക്കരുതു്. വ്യവസായത്തിന്റെ ഒരു യഥാർത്ഥ അവകാശിയാണു തൊഴിലാളി. ലാഭത്തിന്റെ ന്യായമായ ഒരു ഭാഗം അവനുള്ളതാണു്.

൧൯൪൭-ലെ Inrustrial disputes act അനുസരിച്ചു എല്ലാം തൊഴിൽശാലകളിലും തൊഴിലാളി മുതലാളിപ്രതിനിധികളടങ്ങിയ കമ്മററികൾ സ്ഥാപിച്ചു ദൈനംദിന കാര്യങ്ങളിൽ ഉണ്ടാകാവുന്ന അഭിപ്രായവ്യത്യാസങ്ങൾ രമ്യമായി തീർച്ചചെയ്യുന്നതാണു്. ഈ കമ്മററിയിൽ തൊഴിലാളിപ്രതിനിധികൾ തുല്യനിലയിൽ വേലചെയ്യുന്നു. തൊഴിൽപരമായും മററുമുള്ള ഏതു പ്രശ്നത്തെ സംബന്ധിച്ചും ചർച്ച ചെയ്യുന്നതിനു ഈ കമ്മററിക്കു അധികാരമുണ്ടു്. ഏതു തർക്കത്തെപ്പററിയും ഐകകണ്ഠ്യമായ തീരുമാനം ചെയ്യുന്നതിനു ഇരുകൂട്ടരുടേയും പ്രതിനിധികൾ കഴിയുന്നതും ആത്മാർത്ഥമായി ശ്രമിക്കേണ്ടതാണു്. ഈ കമ്മററിയുടെ പ്രവർത്തനം വിജയകരമാണെങ്കിൽ വ്യവസായത്തിലെ പല വിഷമഘട്ടങ്ങളും നിഷ്പ്രയാസം തരണംചെയ്യാൻ സാധിക്കും. ബംഗാളിലെ ഒരു പ്രധാനപ്പെട്ട ജായിന്റ് വർക്ക്സ് കമ്മിററിയിൽ മാനേജ്മെന്റിന്റെ പ്രതിനിധിയായി ജോലിചെയ്യുന്ന ഒരു വ്യക്തിയാണു് ഈ ലേഖനകർത്താവു്. അനേകം കുഴഞ്ഞ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കുന്നതിനും, വ്യവസായം സമാധാനപരമായും, കൂടുതൽ പ്രയോജനകരമായി പുരോഗമിക്കുന്നതിനുതകുന്ന പദ്ധതികൾ രൂപീകരിക്കുന്നതിനും ഇങ്ങിനെയുള്ള കമ്മിററികൾക്കു സാധിക്കുമെന്നു അനുഭവത്തിൽ മനസ്സിലാക്കാൻകഴിഞ്ഞിട്ടുണ്ടു്.

ഈ കമ്മിററിയിൽ തീരുമാനത്തിലെത്താത്ത കാര്യങ്ങൾ ഉടൻ ഗവൺമെന്റിനെ അറിയിക്കുകയും, ഗവൺമെന്റിൽനിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥന്മാർ സമാധാനമായ ഒരു തീരുമാനത്തിനുവേണ്ടി ശ്രമിക്കുന്നതുമാണു്. അവിടെയും അതു പരാജയപ്പെട്ടാൽ ഈ കേസ് ഒരു വ്യവസായക്കോടതിയിൽ സമർപ്പിക്കുന്നതും, ആ കോടതിയുടെ തീരുമാനം ഇരുകൂട്ടരും അംഗീകരിക്കാൻ നിർബ്ബന്ധിതരുമാണു്.

ഇങ്ങനെയുള്ള കോടതിയുടെ തീരുമാനം കഴിയുന്നതും വേഗം ഉണ്ടാകുന്നു. കോടതിയുടെ ഈ പരമാധികാരത്തിൽ പലരും ആക്ഷേപം പുറപ്പെടുവിക്കുന്നുണ്ടു്. ഒരു ഗവൺമെന്റിനു് ന്യായമായ ട്രേഡ്യൂണിയൻ പ്രവർത്തനങ്ങളിൽ വിഘാതം വരുത്തുന്നതിനു് അധികാരമില്ല. ന്യായമായ അവകാശസംരക്ഷണത്തിനുവേണ്ടി തൊഴിലാളികളുടെ സംഘടിതശക്തി ഉപയോഗിക്കുന്നതിനു തടസ്സമായി ഒരു ഗവൺമെന്റു നില്ക്കുന്നതു ശരിയാണെന്നു പറയാൻ നിവൃത്തിയില്ല. എന്നാൽ രാജ്യത്തിന്റെ പൊതുവേയുള്ള നന്മയ്ക്കുവേണ്ടി ചിലപ്പോൾ ഈ നയം കൈക്കൊള്ളേണ്ടിവരുന്നതും സാധാരണ ജനങ്ങളുടെ താല്പര്യസംരക്ഷണം മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ഒരു ഗവൺമെന്റിനു ഇക്കാര്യത്തിൽ തൊഴിലാളിക്കു അനുകൂലമായ തീരുമാനം ചെയ്യുന്നതിനു സാധിക്കുന്നതുമാകുന്നു.

തൊഴിലാളി-മുതലാളി പ്രതിനിധികളുടങ്ങിയ കമ്മിററി നിഷ്പക്ഷമായി പ്രവർത്തിക്കുന്നപക്ഷം ഈ പടിയിലേക്കു പ്രശ്നങ്ങൾ കൊണ്ടുവരേണ്ട ആവശ്യം നേരിടുകയില്ല. രാജ്യത്തിന്റെ നന്മയെ ലാക്കാക്കി പണിമുടക്കം, തൊഴിൽക്കുഴപ്പങ്ങളും ഇല്ലാതാക്കുന്നതിനു കഴിവുള്ള എല്ലാം ശക്തികളും സദാ ശ്രമിക്കേണ്ടതാണു്. ചില ഫാക്ടറികളിൽ നടന്നിട്ടുള്ള പണിമുടക്കുകൾ കുറെക്കൂടി ബുദ്ധിപൂർവ്വകമായ നടപടികൾമൂലം ഒഴിച്ചുവയ്ക്കാൻ സാധിക്കുമായിരുന്നു. താഴെ കാണിച്ചിരിക്കുന്ന പട്ടികയിൽനിന്നു്, ഇന്ത്യയിൽ ൧൯൪൭-ൽ നടന്ന പണിമുടക്കിന്റെ ഒരു ചെറുവിവരണം മനസ്സിലാക്കാം.

| | |
|---|---|
| തൊഴിൽത്തർക്കത്തിന്റെ എണ്ണം- | 1629. |
| ഇതിൽ ഏർപ്പെട്ട ജോലിക്കാരുടെഎണ്ണം | 1961948. |
| നഷ്ടപ്പെട്ട ദിവസങ്ങൾ Mondays- | 12717762. |
| പരിപൂർണ്ണവിജയത്തിലെത്തിച്ചേർന്നതു - | 278. |
| അപൂർണ്ണമായി വിജയിച്ചതു് | 274. |
| പരാജയത്തിലവസാനിച്ചതു് | 696. |
| അസ്ഥാനത്തിലെത്തിച്ചേർന്നതു് | 317. |
| നിലവിലിരിക്കുന്നതു് | 29. |

ഫാക്ടറിഭരണാധികാരികളുടെ നയത്തിൽ ഗണ്യവും സഹായകരവുമായ മാററമുണ്ടാക്കി തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ കുഴപ്പംകൂടാതെ അനുവദിച്ചുകൊടുക്കുന്നതിനു ഗവൺമെന്റിന്റെ ശ്രദ്ധ ഉടൻ പതിയേണ്ടതാണു്. രാജ്യത്തു ഉൽപ്പാദനം വർദ്ധിപ്പിച്ചു സമാധാനവും, സംതൃപ്തിയും നിലനിർത്തുന്നതിനു എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഈ ലേഖനം ഇവിടെ അവസാനിപ്പിക്കുന്നു.

—•—

# വിഭിന്നവൈദ്യസമ്പ്രദായങ്ങൾ

## I

## ആയുർവ്വേദം

### ആയുർവ്വേദം ഒരു ശാസ്ത്രമാണ് ശാസ്ത്രമല്ലെന്നുപറയുന്നതു ശരിയല്ല

ഡാ. കെ. ജി. ഗോപാലപിള്ള

ഡാ: സി. ഓ. കരുണാകരൻ ഇക്കഴിഞ്ഞ കുംഭം ൧൮-ാംനു-യിലെ സ്വതന്ത്രകാഹളത്തിൽ പ്രാചീന വൈദ്യസമ്പ്രദായങ്ങളിൽ ഉൾപ്പെട്ടതായ ആയുർവേദവും 'ഒരു കലയെന്നോ വിദ്യയെന്നോ മാത്രം' കരുതാവുന്ന ഒന്നാണെന്നും, ശാസ്ത്രമല്ലെന്നും, പറഞ്ഞുകണ്ടു. കലയെന്നു സമ്മതിക്കുന്നതും കുഴപ്പമെന്ന് പിന്നീടു തോന്നി. കല ദേശീയമാകാമെന്നു പറയാതെ തരമില്ലല്ലോ. അപ്പോൾ ദേശീയകലയ്ക്കുള്ള പ്രോത്സാഹനവഴക്ക വീണ്ടും ഉടക്കും. ആ വിഷമം വരേണ്ടെന്നു നിശ്ചയിച്ചായിരിക്കാം അടുത്ത ലേഖനത്തിൽ 'ചികിത്സയിൽ കലയ്ക്കു സ്ഥാനമില്ലെന്നും ചികിത്സാസമ്പ്രദായം ശാസ്ത്രീയവും സാർവ്വലൗകികവും ആയിരിക്കണമെന്നുമുള്ള തീരുമാനത്തിൽ എത്തിച്ചേർന്നു'' ചുരുക്കത്തിൽ ഇതിൽനിന്നും വന്നുകൂടുന്നതു ആയുർവേദത്തിനു കലയെന്ന നിലയിലോ ശാസ്ത്രമെന്ന നിലയിലോ യാതൊരു പ്രോത്സാഹനത്തിനും അർഹതയില്ലെന്നു പൊതുജനങ്ങൾ ധരിക്കണമെന്നാണ് അഭിപ്രായപ്രകാരം ഒരു ദുരുദ്ദേശം തനിക്കില്ലെന്ന് കുംഭം ൨൫-ാംനു-യിലെ 'ഒരു പ്രത്യാഖ്യാനമെന്ന ലേഖനത്തിൽ ഡാ: കരുണാകരൻ വ്യക്തമാക്കിയിരിക്കുന്നതും ഞാൻ കണ്ടു. അങ്ങനെ ദുരുദ്ദേശമില്ലെങ്കിൽ ആയുർവേദത്തെസംബന്ധിച്ച ഒരു ഭീമമായ തെറ്റിദ്ധാരണയാണ് ഡാ: കരുണാകരനുള്ളതെന്ന് പറയാതെ തരമില്ല. ഏതു കൊണ്ടും ഈ വിഷയത്തിൽ എനിക്കു പറയാനുള്ളതു ഞാൻ പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കു വിഷയമാക്കുന്നു.

വിഭിന്ന വൈദ്യസമ്പ്രദായങ്ങളിൽ ഇപ്പോൾ ഇവിടെ പ്രാധാന്യേന കരുതപ്പെടുന്നതു ആയുർവേദം, അലോപ്പതി, ഹോമിയോപ്പതി, സിദ്ധവൈദ്യം, യൂനാനി ഇവയാണ്. ഈ വൈദ്യസമ്പ്രദായങ്ങളിൽ ഒരു പരിജ്ഞാനവും ഇല്ലാതെ എന്തെങ്കിലും അഭിപ്രായം പറയുന്നതു ന്യായശാസ്ത്രജ്ഞന്മാർ പറയുന്നതുപോലെ 'ഉന്മത്തപ്രലാപ'മാണ്. അതുകൊണ്ട് ഈ വിഷയത്തിൽ സാമാന്യമായിട്ടെങ്കിലും ഒരഭിപ്രായം പറയുന്നതിനു എനിക്ക് അർഹതയുണ്ടെന്നുള്ളതും വായനക്കാരെ ധരിപ്പിക്കേണ്ടിയിരിക്കുന്നു. മേല്പറഞ്ഞ വൈദ്യസമ്പ്രദായങ്ങൾ മിക്കതും അതാതിനു ഉചിതങ്ങളായ വിദ്യാലയങ്ങളിൽ അതതു സമ്പ്രദായങ്ങളുടെ പ്രമുഖന്മാരായ ഗുരുക്കന്മാരിൽനിന്നുതന്നെയാണ് ഞാൻ അഭ്യസിച്ചിട്ടുള്ളതു. അക്കാലത്തു കൽക്കത്തായിൽ ആയുർവേദവും അലോപ്പതിയും എങ്ങനെ കൂട്ടിയിണക്കാമെന്നുള്ള ആലോചനയിൽ സർ പ്രഫുല്ലചന്ദ്രറായ് (പി.സി. റായ്), സർ രാമനാഥചോപ്ര ഇവരോടൊന്നിച്ചു പ്രധാന പങ്കെടുത്തിരുന്നതു, മഹാമഹോപാദ്ധ്യായ കവിരാജ്-ഗണനാഥസേൻ എം. ഏ. എൽ. എം. എസ്സ്. ആണ്. അദ്ദേഹം ആയുർവേദത്തിലും അലോപ്പതിയിലും ഒന്നുപോലെ അഗാധജ്ഞാനമുള്ള ഒരാളായിരുന്നു. ആയുർവേദൗഷധങ്ങളെ ആധുനികരീതിയിലുള്ള ഒരു ഗവേഷണം നടത്തുന്നതിനു മേല്പറഞ്ഞ മഹാന്മാരെ പ്രേരിപ്പിച്ചിട്ടുള്ളതും അദ്ദേഹമാണ്. ആ ഇടയ്ക്കു നമ്മുടെ ഗവർമ്മെന്റിന്റെ നിർദ്ദേശമനുസരിച്ചു ഞാൻ അദ്ദേഹത്തിന്റെ മേൽനോട്ടത്തിലുള്ള ആയുർവേദസ്ഥാപനങ്ങളിൽ ഉപരിപരിശീലനം നടത്തുന്നകാലവും ആയിരുന്നു. അതുകൊണ്ടു അലോപ്പതിയും ആയുർവേദവും കൂട്ടിയിണക്കുന്നതിനുള്ള സാദ്ധ്യാസാദ്ധ്യതകളെപ്പറ്റി അവർക്കുണ്ടായിരുന്ന ചിന്താഗതികൾ എനിക്കും ഏറെക്കുറെ അറിയാൻ സാധിച്ചിട്ടുണ്ട്. ഈ കാരണങ്ങളെക്കൊണ്ടു ഈ വിഷയത്തിലുള്ള എന്റെ ലേഖനം കേവലം “ഉന്മത്തപ്രലാപമെന്നു” തള്ളിക്കളയരുതെന്നു പൊതുജനങ്ങളോടൊരു അപേക്ഷയും എനിക്കുണ്ട്.

### ആയുർവേദത്തിന്റെ ശാസ്ത്രീയത

ഒരു ശാസ്ത്രത്തിനു, സർവ്വോപകാരകത്വം, സർവ്വവ്യാപകത്വം, സമ്പൂർണ്ണത്വം, നിത്യത്വം മുതലായി അനേകഗുണങ്ങൾ ഉണ്ടായിരിക്കണം. അപ്രകാരം ഗുണസമ്പൂർണ്ണതയുള്ള ഹിന്ദുക്കളുടെ പതിനെട്ടു ശാസ്ത്രങ്ങളിൽ ഒന്നാണ് ആയുർവ്വേദം. (ഡാക്ടർ കരുണാകരൻ പറയുന്നതുപോലെ “ശാസ്ത്രം സാർവ്വദേശീയമായിരിക്കണ”മെന്നുള്ളതു വിസ്മരിച്ചിട്ടില്ല “ഹിന്ദുക്കളുടെ” എന്നു പറഞ്ഞതു അതു ഏതു ദേശീയരായാലും ആദ്യം കണ്ടുപിടിച്ചുവോ അവരിൽ പ്രാരംഭപ്പെട്ടതെന്നുള്ള അവകാശമുള്ളതു കൊണ്ടുമാത്രമാണ്. അല്ലെങ്കിൽ ജീവസാമാന്യം ഹേതുവായിട്ടു ഇന്നാരുടെ മകനെന്നോ അച്ഛനെന്നോ ഒന്നും പറയുവാൻ പാടില്ലെന്നു വരുമല്ലോ.) ഋഗ്വേദം, യജുർവ്വേദം, സാമവേദം, അഥർവവേദം, ആയുർവേദം, ധനുർവേദം, ഛന്ദശ്ശാസ്ത്രം, ശബ്ദശാസ്ത്രം, കല്പശാസ്ത്രം, ജ്യോതിശ്ശാസ്ത്രം തുടങ്ങി പതിനെട്ടു ശാസ്ത്രങ്ങളാണ് പുരാണയാണ് ഗീതം, നാട്യം, വാദ്യം, നൃത്തം മുതലായ അറുപത്തിനാലു കലാവിദ്യകളുള്ളതു. ഈ അറുപത്തിനാലു കലകളിൽപെട്ടതല്ല ആയുർവേദം, ഹിന്ദുക്കളുടെ സകല ശാസ്ത്രങ്ങൾക്കും ഉൽപത്തിസ്ഥാനങ്ങളായ ജ്ഞാനവിജ്ഞാനസാഗരങ്ങളാണ് ചതുർവേദങ്ങൾ. ഇവയിൽ അഥർവ്വവേദത്തിന്റെ ഉപാംഗമാണ് ആയുർവ്വേദം. വേദങ്ങൾ അനിത്യങ്ങളാണെന്നും ശാസ്ത്രങ്ങളല്ലെന്നും തെളിയിച്ചാൽമാത്രമേ ആയുർവേദവും അനിത്യമെന്നും ശാസ്ത്രമല്ലെന്നും വന്നുകൂടു.

### സാർവ്വലൗകികത്വവും സർവ്വോപകാരകത്വവും

ആയുർവ്വേദത്തിന്റെ “ആയുർവ്വിന്ദതി വേത്തിച” എന്ന വ്യുല്പത്തിമൂലമായ അർത്ഥത്തിൽനിന്നും അതിന്റെ സാർവ്വലൗകികത്വവും സർവ്വോപകാരകത്വവും വ്യക്തമാകുന്നതുമാണ്. ഇവിടെ ഭാരതീയരുടെ ആയുസ്സെന്നോ പാശ്ചാത്യരുടെ ആയുസ്സെന്നോ പറയുന്നില്ല. പൊതുവേ ആയുസ്സിനെ ദീർഘിപ്പിക്കുന്നതിനും ആയുസ്സിനെപ്പറ്റിയുള്ള സകലവിധ അറിവും തരുന്നതിനും കഴിവുള്ള ഒരു ശാസ്ത്രമായതുകൊണ്ടാണ് ആയുർവേദം എന്നു പറയുന്നതു. ആയുർവേദം ഭൂലോകത്തിൽ ആയുസ്സുള്ള (ജീവബന്ധമുള്ള) സകല ചരാചരങ്ങളുടേയും ചികിത്സാശാസ്ത്രമാണ്. ജീവൻ മനുഷ്യനുമാത്രമല്ല മൃഗങ്ങൾക്കുമുണ്ട്. ആനകളുടെ ചികിത്സയ്ക്കു പാലകാപ്യൻതുടങ്ങിയ മുനീശ്വരന്മാർ “ഗജായുർവേദം” എഴുതിയിട്ടുണ്ട്. കുതിരകളുടെ ചികിത്സയ്ക്കു ശാലിഹോത്രമഹർഷി തുടങ്ങിയവർ “അശ്വായുർവേദം എഴുതിയിട്ടുണ്ട്.

“ശാലിഹോത്രഃ സുശ്രുതായ-
ഹയായുർവേദമുക്തവാൻ.
പാലകാപ്യോംഗ രാജായ-
ഗജായുർവേദമുക്തവാൻ.”
(അഗ്നിപുരാണം)

ഇതൊന്നുംകൂടാതെ എത്രയോ ശതവർഷങ്ങൾക്കുമുൻപുതന്നെ തരുലതാദികൾക്കുകൂടിയും സ്ഥാവരപ്രാണികളാണെന്നറിഞ്ഞു അവയുടെ ചികിത്സയ്ക്കുവേണ്ടി കരുണാപരിധികളായ കാശ്യപ, സാരസ്വത, പരാശരാദിമഹർഷികൾ വൃക്ഷായുർവേദം നിർമ്മിച്ചു.

“അന്തഃ സംജ്ഞാഭവന്ത്യേതേ-
സുഖദുഃഖസമന്വിതാഃ”

എന്നുള്ള ആപ്തവാക്യമനുസരിച്ചു നമ്മുടെ പ്രസിദ്ധഭാരതീയ വൈജ്ഞാനികനായ ഡാക്ടർ ശ്രീ ജഗദീശചന്ദ്രബസു (ഡാക്ടർ ജെ. സി. ബോസ്സ്) വൃക്ഷലതാദികൾക്കുംകൂടി ജീവനുണ്ടെന്നുള്ള ആപ്തവാക്യം ശരിയാണോ എന്നു പരീക്ഷിച്ചുനോക്കി. അതേറ്റവും ശരിയാണെന്നു തെളിഞ്ഞു മഹർഷികളുടെ വൈജ്ഞാനികമഹിമയെ അദ്ദേഹം കൊണ്ടാടി. ഈ ദേശത്തെ “ആയുർവേദം, ഋഷിപ്രോക്തങ്ങളാണെന്നും സനാതനങ്ങളാണെന്നും ഉള്ള അന്ധവിശ്വാസം” കളയണമെന്നാണ് നമ്മുടെ ഗവേഷകപ്രമാണികൾ ഒരിക്കൽ ഉപദേശിക്കുന്നതു. ഗവേഷകന്മാർ തമ്മിലുള്ള വ്യത്യാസം നോക്കുക, ഡാക്ടർ കരുണാകരൻ പറയുന്ന “ധ്രുവങ്ങൾ തമ്മിലെന്നപോലെയുള്ള വ്യത്യാസം” ഇവിടെയാണ് നാം കാണുന്നതു.

മേൽപ്പറഞ്ഞ കാരണങ്ങളെക്കൊണ്ടു ആയുർവേദം കേവലം ഭാരതീയർക്കുമാത്രമായിട്ടുള്ള ഒരു മാനവീയചികിത്സാശാസ്ത്രമല്ലെന്നും, സർവ്വവ്യാപകത്വവും സർവ്വപ്രാണ്യുപകാരകത്വവും ആണ് ശാസ്ത്രോദ്ദേശമെന്നും സിദ്ധിക്കുന്നു.

### ശാസ്ത്രപൂർണ്ണത

പാശ്ചാത്യപൌരസ്ത്യശാസ്ത്രജ്ഞന്മാർ ആയുർവേദശബ്ദത്തിനു "The Science of life" എന്നാണ് ഭാഷാന്തരം ചെയ്തിട്ടുള്ളതു. ജീവിതത്തെ സംബന്ധിക്കുന്ന ഒരു ശാസ്ത്രം പരിപൂർണ്ണമെന്നു പറയണമെങ്കിൽ ജീവിതത്തിനു, സ്വാത്മനാ കാരണഭൂതമായി വർത്തിക്കുന്ന ജീവനെപ്പറ്റി പരിപൂർണ്ണമായ ജ്ഞാനം തരുന്ന ഒന്നായിരിക്കണം അതു. ഒരു ജീവൻ സ്ഥൂലശരീരം എടുക്കുന്ന നിമേഷം (ഗർഭാധാനം) മുതൽ ശരീരം വെടിയുന്നതുവരെ (മരണം) ആയുർവേദശാസ്ത്രത്തിന്റെ ചികിത്സാഭാഗം (കർമ്മകാണ്ഡം) പ്രവർത്തിക്കുന്നു. ആ ജീവൻതന്നെ ഗർഭാധാനത്തിനുമുൻപും മരണത്തിനുശേഷവും എന്തു ചെയ്തിരുന്നു എന്തുചെയ്യുന്നു എന്നുള്ള വിഷയത്തിലും ശാസ്ത്രം പ്രവർത്തിക്കതന്നെ വേണം. ഇതിനു ആയുർവ്വേദത്തിലെ ജ്ഞാനകാണ്ഡം എന്തു പറയുന്നുവെന്നു താഴെ വിവരിക്കാം.

ഒരു ജീവന് നാം കാണുന്ന ഈ സ്ഥൂലശരീരം മാത്രമല്ല—സൂക്ഷ്മശരീരം, കാരണശരീരം എന്നു രണ്ടുശരീരങ്ങൾകൂടിയുണ്ട്. ഇങ്ങനെ മൂന്നുശരീരങ്ങളിലായി—അഞ്ചുപൊതിഞ്ഞ ഒരാളിനെപ്പോലെ അഞ്ചുകോശങ്ങളും അതിനുണ്ട്. അവ—അന്നമയകോശം, പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം, ആനന്ദമയകോശം എന്നിവയാണ്. ഒരാൾ മരിക്കുക എന്നുപറഞ്ഞാൽ ആ ജീവൻ കേവലം സ്ഥൂലശരീരം (അന്നമയകോശം) മാത്രം ഉപേക്ഷിച്ചു ബാക്കി രണ്ടുശരീരങ്ങളോടും, നാലുകോശങ്ങളോടുംകൂടി പുറത്തുപോയി എന്ന അർത്ഥമുള്ളൂ. ഇപ്രകാരം ഒരു സ്ഥൂലശരീരം ഉപേക്ഷിച്ച ജീവൻ അടുത്ത വേറൊരു സ്ഥൂലശരീരം എടുക്കുന്നതുവരെയുള്ള സംസാരഗതിപ്പറ്റിയും 'പഞ്ചാഗ്നിവിജ്ഞാനം' കൊണ്ടു ആയുർവ്വേദത്തിലെ ജ്ഞാനകാണ്ഡം ഉപദേശിക്കുന്നു. ദ്യുലോകം, പർജ്ജന്യം, സസ്യം ഈ നാലു സ്ഥാനങ്ങളെ ആശ്രയിച്ചു അഞ്ചാമത്തെ സ്ഥാനമായ സ്ത്രീയിൽ (ഗർഭഗോളകത്തിൽ) എങ്ങിനെ എത്തിച്ചേരുന്നു എന്നും അവിടെ മുഖ്യപ്രാണൻമാത്രം പൂർവ്വകർമ്മപ്രേരിതനായിട്ടു സ്ത്രീബീജ (Ovem) ത്തോടുചേർന്നു എങ്ങനെ ദേഹാന്തരപ്രാപ്തനാകുന്നു എന്നുമാറാമുള്ള വിവരണം ഏതു ശാസ്ത്രജ്ഞന്മാരെയാണ് പുളകംകൊള്ളിക്കാത്തതു. സ്ഥൂലശരീരം വിട്ടതിനുശേഷമുള്ള (മരിച്ചതിനുശേഷമുള്ള) സംസാരഗതിയിൽ ജീവൻ വഴതെറ്റി വലഞ്ഞുപോകാതെ മാർഗ്ഗനിർദ്ദേശം ചെയ്യുന്ന ശേഷക്രിയാപദ്ധതി (ആയുർവ്വേദത്തിനുടൻ മറുശാസ്ത്രങ്ങൾ ഏറ്റെടുക്കുന്നു. ആയുർവ്വേദത്തിനുള്ളതും ആ ശാസ്ത്രങ്ങളും ആയുർവ്വേദംപോലെ ഋഷിപ്രോക്തങ്ങളാണ്. അവ സനാതനങ്ങളാണെന്നുള്ള പൂർണ്ണവാദത്തോടുകൂടി ഹിന്ദുക്കൾ ഇന്നും ആചരിച്ചുവരുന്നു. അതു അന്ധവിശ്വാസമാണെങ്കിൽ ആധുനികലോകപ്രശസ്തി ആർജ്ജിച്ച ബുദ്ധിമാന്മാർ മഹാത്മാഗാന്ധിയുടെ ശേഷക്രിയ ഇത്ര ശ്രദ്ധയോടുകൂടി എന്തിനാചരിച്ചു? ഒരു ശാസ്ത്രത്തിന്റെ ഒരുഭാഗം വിശ്വസിക്കാമെങ്കിൽ മറ്റൊരുഭാഗം വിശ്വസിച്ചുകൂടയോ? ഒരു കോഴിയെ രണ്ടായിട്ടുപിളർന്നു ഒരുഭാഗം വളർത്താനും മറ്റൊരുഭാഗം കറിവയ്ക്കാനും ഉപയോഗിക്കാമോ?

മേൽവിവരിച്ചപ്രകാരം സ്ഥാവരജംഗമാദി സകലപ്രാണികളുടെയും ജീവന്റെ അവസ്ഥാഭേദം, ഗതിഭേദം ഇവയെപ്പറ്റി പരിപൂർണ്ണമായ ശാസ്ത്രപ്രപഞ്ചനം ചെയ്തതിനുശേഷം ആയുർവ്വേദാചാര്യന്മാർ ജീവിതോദ്ദേശം, ഇവയെക്കുറിച്ചു നിരൂപിക്കുന്നു. ഏതുരൂപത്തിലായാലും സകലപ്രാണികളുടേയും ജീവിതോദ്ദേശം ദുഃഖനിവൃത്തിയും തദ്വാരാ സുഖപ്രാപ്തിയുമാണെന്നു സംക്ഷേപിക്കുന്നു. സുഖപ്രാപ്തിക്കു (ഐഹികമായാലുംശരി പാരത്രികമായാലുംശരി) വിഘ്നങ്ങളായിത്തീർന്നിട്ടുള്ളതു ശാരീരികങ്ങളായും മാനസികങ്ങളായും ഉള്ള രോഗങ്ങളാണെന്നു വ്യക്തമാക്കുന്നു. ശാരീരികരോഗങ്ങൾക്കു ശരീരത്തിനു, പഞ്ചേന്ദ്രിയങ്ങൾ, കർമ്മേന്ദ്രിയങ്ങൾ, മനസ്സ് മുതലായവപോലെ സൂക്ഷ്മരൂപേണ വർത്തിക്കുന്ന, വാതം, പിത്തം, കഫം, എന്നീ മൂന്നുതത്വങ്ങളുടെ വിഷമാവസ്ഥയാണ് കാരണമെന്നും, മാനസികരോഗങ്ങൾക്ക്, രാജസം താമസം എന്നീ ഗുണങ്ങളാണ് കാരണമെന്നും പരീക്ഷിച്ചറിഞ്ഞു! മേൽപ്രകാരം രോഗകാരണങ്ങളായി വിഷമാവസ്ഥയെ പ്രാപിക്കുന്ന വാതപിത്തകഫങ്ങൾക്കാണ് ത്രിദോഷങ്ങൾ എന്നു പറയുന്നതു. ത്രിദോഷങ്ങളുടെ വിഷമാവസ്ഥ രോഗത്തിനും സമാവസ്ഥ ആരോഗ്യത്തിനും കാരണമാണെന്നുള്ളതാണ് ആയുർവ്വേദത്തിലെ പ്രസിദ്ധ 'ത്രിദോഷസിദ്ധാന്തം' (The doctrine of hamaral pathology ഈ സിദ്ധാന്തം വളരെ പഴയതായിപ്പോയി എന്നും അതു മാറ്റണമെന്നുമാണ് ചില പാശ്ചാത്യവിദ്യാമാത്രാവലംബികളും ജ്ഞാനകണാഗർവ്വിഷ്ഠന്മാരുമായ ചിലരുടെ അഭിപ്രായം. നമ്മുടെ കണ്ണ്, മൂക്ക്, ചെവി. നാക്ക്, തല, കാല്, കയ്യ്, പഞ്ചേന്ദ്രിയങ്ങൾ, പഞ്ചപ്രാണങ്ങൾ, ആഹാരംകഴിക്കുന്ന വഴി—ഇവയൊക്കെ എത്ര പഴക്കമുള്ളതാണെന്നു ഞാൻ വായനക്കാരോടു പറയണമെന്നില്ലല്ലോ—ഇതേവരെ ആധുനികപ്രകൃതിതത്വജ്ഞന്മാരിൽ ആർക്കെങ്കിലും മേല്പറഞ്ഞ പ്രകൃതിതത്വങ്ങളിൽ ഒന്നെങ്കിലും മാറ്റാൻ സാധിച്ചിട്ടുണ്ടോ? ഇപ്രകാരം—മാറ്റാൻ സാധിക്കാത്തതും മാറ്റേണ്ട ആവശ്യമില്ലാത്തതുമായ തൊണ്ണൂറ്റാറു ശരീരതത്വങ്ങളിൽ ഒന്നാണ് ത്രിദോഷങ്ങൾ എന്നു ഞാൻ വഴിയേ വ്യക്തമാക്കിക്കൊള്ളാം.

മേൽപ്രകാരം ത്രിദോഷങ്ങൾ ഏതുവിധത്തിൽ എങ്ങനെ വിഷമാവസ്ഥയെ പ്രാപിച്ച ഏതെല്ലാം ലക്ഷണങ്ങളോടുകൂടിയ എത്രവിധം രോഗങ്ങളെ ഉണ്ടാക്കാമെന്നും ആ വക വിഷമദോഷങ്ങളെ സമാവസ്ഥയിൽ കൊണ്ടുവന്നു രോഗശമനം വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്നും ആയുർവേദം, മൂന്നുസ്കന്ധങ്ങളെക്കൊണ്ടു നിർദ്ദേശിക്കുന്നു. ഹേതുസ്കന്ധം, ലിംഗസ്കന്ധം, ഔഷധസ്കന്ധം ഇവയാണ് മൂന്നുസ്കന്ധങ്ങൾ. ഇപ്രകാരം ത്രിസ്കന്ധങ്ങളോടും ശാഖോപശാഖകളോടുംകൂടി സർവ്വവ്യാപകമായി സർവ്വജീവോപകാരാർത്ഥം വർത്തിക്കുന്ന ഒരു ശാസ്ത്രകല്പതരുവാണ് ആയുർവേദം.

ഇപ്രകാരമുള്ള ആയുർവേദം ഒരു ശാസ്ത്രമല്ലെന്നും, കലയെന്നോ സമ്പ്രദായമെന്നോ വായിൽതോന്നിയപോലെ പറയുന്നതു ഒട്ടും ശരിയല്ല. ആയുർവേദഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നതു കണ്ണടച്ചു അപ്പടി വിശ്വസിക്കണമെന്നു ആയുർവേദാചാര്യന്മാർ പറയുന്നില്ല. അതൊരു ശാസ്ത്രമാണോ എന്നു പരിശോധിച്ചറിയുന്നതിനുള്ള മാർഗ്ഗങ്ങൾ അതിൽതന്നെ നിർദ്ദേശിക്കുന്നുണ്ട്. അപ്രകാരം പരിശോധിച്ചു ഇന്നകാരണങ്ങളെക്കൊണ്ടു ആയുർവേദം ഒരു ശാസ്ത്രമല്ലെന്നു ഡാ: കരുണാകരൻ പറയട്ടെ!! അതൊന്നുംകൂടാതെ ആയുർവേദം ഋഷിപ്രോക്തമാണെന്നും മറ്റുമുള്ള അന്ധവിശ്വാസം കളയണമെന്നുപദേശിച്ചാൽ—ആ പ്രകാരമുള്ള ഉപദേശങ്ങളുടെ ഉച്ചനീചഭാവങ്ങൾ തിരിച്ചറിയാത്ത ആര് എങ്ങനെ സ്വീകരിക്കും:—

(തുടരും)

സ്തോത്രരത്നാകരം

സവ്യാഖ്യാനം.

വില രൂപ ൧ ണ ൮.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ചെറുകഥ

# *അന്നത്തെ കഥ

കെ. ശിവശങ്കരപ്പിള്ള, മുതുകുളം

എല്ലാവരും എന്നെ കളിയാക്കും, ആ വൃദ്ധയുടെ മടിയിൽ പോയിരിക്കുന്നതിന്. അവർക്കാർക്കും അതിഷ്ടമല്ല പക്ഷെ, എനിക്ക് എന്തു സന്തോഷമാണെന്നോ; ആ പല്ലു പറിഞ്ഞ വൃദ്ധയുടെ മടിയിൽ പോയി ഇരിക്കാൻ. അവിടെ ഇരുന്ന് അവർ പറയുന്ന കഥകൾ കേൾക്കാൻ ഹാ എത്ര എത്ര കഥകളാണ് അവർ പറഞ്ഞിട്ടുള്ളത്, അവകൾ കേട്ടു കേട്ട് ഞാൻ എന്തു ആനന്ദിച്ചിട്ടുണ്ട്. അവരുടെ മടിയിൽനിന്നു ഇറങ്ങാൻ എനിക്ക് തോന്നുകയില്ല, ആ പല്ലില്ലാത്ത വായിൽനിന്നും പൊഴിയുന്ന കഥകൾ കേട്ട് കേട്ട് രസിക്കാൻ! എന്തൊരാനന്ദമാണ് അതിൽ!!

എല്ലാവരും പറഞ്ഞു അവക്ക് വൃത്തി ഇല്ലെന്ന് അവർ ഒരു വൃത്തികെട്ട വൃദ്ധയാണെന്ന് ആർക്കും അവരെ ഇഷ്ടമല്ല. അതുകൊണ്ടാണ് അവർ എന്നെ കളിയാക്കിയത്. ഞാൻ ആ വൃത്തികെട്ട വൃദ്ധയുടെ മടിയിൽ ചെന്നിരിക്കുന്നത് അവർക്കാർക്കും ഇഷ്ടമല്ല. 'വൃത്തികെട്ട ചെറുക്കൻ' എന്നു പറഞ്ഞ് എല്ലാവരും എന്നെ കളിയാക്കിവന്നു. ചേച്ചിമാർ ഒക്കെ കളിയാക്കി. ചേട്ടൻമാർ ഒക്കെ കളിയാക്കി അച്ഛനമ്മയും കളിയാക്കി. പിന്നകാണുന്നവർ ഒക്കെ കളിയാക്കി. അവർക്കാർക്കും ഇഷ്ടമല്ല ഞാൻ ആ പല്ലു പറിഞ്ഞ വൃദ്ധയുടെ മടിയിൽ ചെന്നിരിക്കുന്നത്, പക്ഷെ ഞാൻ എന്തു ആനന്ദിച്ചിട്ടുണ്ട്. അവരുടെ കഥകൾ കേൾക്കുന്നതിൽപരം ഒരാനന്ദം എനിക്കുണ്ടായിട്ടില്ല.!

ചേച്ചിമാർ ഒക്കെ കൂട്ടംകൂടിയിരുന്നു പാട്ടുപാടും. ചേട്ടൻമാർ ഒക്കെ കൂട്ടംകൂടിയിരുന്നു ചീട്ടുകളിക്കും. പക്ഷെ എനിക്ക് അതൊന്നും ഇഷ്ടമല്ല ആരും കാണാതെ ഞാൻ ഓടി ആ വൃദ്ധയുടെ മടിയിൽ പോയിരിക്കും. അവർ എന്നോടു കഥകൾ പറയും.

ചേച്ചിമാർ ഒക്കെ അച്ഛന്റെ മുൻപിൽവച്ചു പാട്ടുപാടും. ചേട്ടൻമാർക്കും പാട്ടുപാടാൻ അറിയാം. അമ്മ അവരെ ഒക്കെ പാട്ടുപഠിപ്പിച്ചിട്ടുണ്ട്. എനിക്ക് പാട്ടുപാടാൻ ഇഷ്ടമല്ല. അവർ ഒക്കെ എന്നെ കളിയാക്കും. പാട്ടുപാടാൻ അറിയാൻവയ്യാത്ത ചെറുക്കൻ! പക്ഷെ അവർക്കറിയാമൊ എനിക്ക് കഥകൾ പറയാൻ അറിയാമെന്ന് അവർ ആരും എന്റെ കഥകൾ കേട്ടിട്ടില്ല. പറയണമെന്ന് ഞാൻ ആഗ്രഹിച്ചിട്ടുമില്ല. ആ വൃത്തികെട്ട വൃദ്ധയിൽനിന്നും, ഞാൻ വളരെ വളരെ കഥകൾ പഠിച്ചിട്ടുണ്ട്. അവരെയൊക്കെ വൃത്തികെട്ടതായെ അവർക്ക് തോന്നുകയുള്ളായിരിക്കാം. കഷ്ടം! വൃത്തികേടിൽനിന്നാണ് വൃത്തി ജനിക്കുന്നതെന്ന് അവർക്കറിയാൻ പാടില്ല. വൃത്തികേടുണ്ടെങ്കിലേ വൃത്തി ഉണ്ടായിരിക്കയുള്ളു. അല്ലെങ്കിൽ അതിന് മഹത്വം ഉണ്ടോ!

കുട്ടികൾ ഒക്കെ ഓണക്കളിക്ക് ഊഞ്ഞാൽ ആടുമ്പോഴും, ആരും കാണാതെ ഞാൻ ആ പല്ലു കൊഴിഞ്ഞ വൃദ്ധയുടെ മടിയിൽ പോയിരിക്കും: അവർ എന്നെ കഥകൾ പറഞ്ഞു കേൾപ്പിക്കും!

'പണ്ടു പണ്ട് ഒരു രാജാവുണ്ടായിരുന്നു.' അങ്ങിനെയാണ് അവർ പറയുന്നത്. അന്ന് അങ്ങിനെ ഒക്കെ കേട്ടാൽ മതി. എന്നാണെന്നൊന്നും പറഞ്ഞിട്ടില്ല. ഏതു രാജ്യത്താണെന്നും പറഞ്ഞിട്ടില്ല. 'പണ്ടു പണ്ട് ഒരു രാജാവുണ്ടായിരുന്നു.' അത്രമാത്രം രാജാവിന് പേരും ഇല്ല. അന്ന് അതൊന്നും അറിവാൻ ആഗ്രഹിച്ചിട്ടും ഇല്ല.

'രാജാവ് ഒരു രാജ്ഞിയെ സംബന്ധം ചെയ്തു!! എങ്ങിനെയാണ് സംബന്ധം ചെയ്തത്. അവർ പ്രേമികൾ ആയിരുന്നോ, രാജാവിന്റെ അച്ഛനും അമ്മയ്ക്കും അതു സമ്മതമായിരുന്നോ, ആരും തടസ്സം പറഞ്ഞില്ലയോ, അമ്മാവന് നീരസം ഉണ്ടായില്ലേ? അതിനു മുൻപ് അവർ തമ്മിൽ കണ്ടിട്ടുണ്ടോ? ഇതൊന്നും അറിയണമെന്ന് ആഗ്രഹിച്ചിരുന്നില്ല. 'രാജാവ് ഒരു രാജ്ഞിയെ സംബന്ധംചെയ്തു' അത്രയും മാത്രം കേട്ടാൽ മതി. രാജ്ഞിക്ക് പേരും ഇല്ല പേര് അറിയുകേം വേണ്ട. ബാക്കികൂടി വേഗം പറഞ്ഞു കേട്ടാൽ മതി.

'രാജ്ഞി വളരെ സുന്ദരി ആയിരുന്നു'. അതു വലിയ തരക്കേടില്ല. കഥയിലുള്ള എന്റെ ആസക്തി വർദ്ധിച്ചുവന്നു. സുന്ദരി എന്നു കേട്ടതുമുതൽ, എങ്ങിനെ ആണ് അവരുടെ സൗന്ദര്യം. മുടി ചുരുണ്ടതായിരുന്നോ?. മുഖം ഉരുണ്ടതായിരുന്നോ? മാറിടവും അരക്കെട്ടും എങ്ങിനെയിരുന്നു. അതൊന്നും ആ വൃദ്ധ പറഞ്ഞിട്ടില്ല. 'രാജ്ഞി സുന്ദരി ആയിരുന്നു', അത്രയും കേട്ടാൽ മതി. അവർ അമ്മയെപ്പോലെ വലിയ ഒരു സുന്ദരിയാണെന്ന് ഞാൻ കരുതിക്കൊള്ളും.

'രാജാവിന് രാജ്ഞിയെ വളരെ കാര്യമായിരുന്നു.' എനിക്ക് ഒരു സംശയവും ഉണ്ടായിരുന്നില്ല. - സുന്ദരികളെ കാര്യമില്ലാത്തവർ വല്ലവരും കാണുമൊ? വൃദ്ധ വൃത്തികെട്ടതായതുകൊണ്ടാണ് ചേച്ചിമാർക്ക് ആർക്കും അവരെ കാര്യമല്ലാത്തത്. പക്ഷെ വൃദ്ധയുടെ കഥയ്ക്കു സൗന്ദര്യം ഉണ്ട്. സുന്ദരിയായ രാജ്ഞിയെക്കുറിച്ചാണ് അവർ കഥകൾ പറയുന്നത്. അതുകൊണ്ടാണ് ഞാൻ അവരെ ഇഷ്ടപ്പെട്ടത്. സുന്ദരമാരായ രാജ്ഞിമാരെക്കുറിച്ചുള്ള കഥകൾ കേൾക്കാൻ.

"രാജാവിന് ഒരു മന്ത്രിഉണ്ടായിരുന്നു." അതാണ് അവർ പിന്നീട പറയുന്നത്. ഒരടുക്കും ഒതുക്കവുമില്ലാതെയാണ് അവർ കഥകൾ പറയുന്നത്. സുന്ദരിയായ രാജ്ഞിയെക്കുറിച്ചു കേൾക്കാനാണ് എന്റെ ആഗ്രഹം മുഴുവൻ. അപ്പോഴാണവർ പറയുന്നത് രാജാവിനു ഒരു മന്ത്രിയുണ്ടായിരുന്നെന്ന്. ഞാൻ ഇടയ്ക്കുകയറി ഒന്നും ചോദിക്കുകയില്ല. അതു ആ വൃദ്ധയ്ക്കു ഇഷ്ടവുമല്ല. മന്ത്രിക്കു പേരുംഇല്ല. അവർ പിന്നീട് എന്താണുപറയുന്നതു എന്നുമാത്രം കേട്ടാൽമതി.

"മന്ത്രിക്ക് ഒരു മകൾ ഉണ്ടായിരുന്നു." അതുകൊള്ളാം. അതൊക്കെകേൾക്കാനാണ് എനിക്കാഗ്രഹം. സുന്ദരിയായ രാജ്ഞിയെക്കുറിച്ചും, മന്ത്രിയുടെ മകളെക്കുറിച്ചുംഒക്കെ കേൾക്കണം. മന്ത്രിയുടെ മകൾ എങ്ങിനെയാണ്. അവളും സുന്ദരിയാണോ. രാജ്ഞിക്കാണൊ അവൾക്കാണോ സൗന്ദര്യം കൂടുതൽ. പക്ഷെ അവൾ ഒരു കൊച്ചുപെണ്ണായിരിക്കും. അവൾക്കും കഥകൾ കേൾക്കാൻ ഇഷ്ടംകാണും. ഞാൻ ആഗ്രഹിച്ചു, ആ മന്ത്രിയുടെ മകളെക്കുറിച്ച് കൂടുതൽ കൂടുതൽ കേൾക്കാൻ. അവൾ ഒരു സൗന്ദര്യമുള്ള കൊച്ചുപെണ്ണാണെന്നും, അവൾക്കു കഥകൾ കേൾക്കാൻ ഇഷ്ടമാണെന്നും; എന്നൊക്കെ കേൾക്കാൻ. ഞാൻ തീർച്ചപ്പെടുത്തി. ചേച്ചിമാർ എന്നെ കളിയാക്കുമ്പോൾ മന്ത്രിക്കു കഥകൾ കേൾക്കാൻ ഇഷ്ടമുള്ള ഒരു മകളുണ്ടെന്നു പറയണമെന്ന്. അവർ നാണിച്ചുപോകും. പിന്നീടു അവർ എന്നെ കളിയാക്കുകയില്ല. അങ്ങിനെ ഞാൻ അവരെ ഒരു പാഠം പഠിപ്പിക്കും!. ഒരു പക്ഷെ അവൾ ഒരു മിണ്ടാത്ത പാവമായിരിക്കുമോ? ഛേ! ഒരിക്കലും ആയിരിക്കയില്ല. എന്റെ അനുജത്തിയെപ്പോലെ അവൾ വളരെ അധികം സംസാരിക്കുന്ന ഒരു മിടുക്കിയായിരിക്കും.

വൃദ്ധ വീണ്ടും കഥ തുടർന്നു. "മന്ത്രി ആഗ്രഹിച്ചു, മകളെ രാജാവിനെക്കൊണ്ടു വിവാഹംകഴിപ്പിക്കണമെന്ന്", അങ്ങിനെയാണ് പിന്നീട് അവർ കഥതുടർന്നത്. എനിക്കെന്തുനിരാശയാണുണ്ടായതെന്നോ? ആ മന്ത്രിയോട് എനിക്കു വളരെ വൈരാഗ്യംതോന്നി. അയാൾ എന്തിനാണ് അങ്ങിനെ ആഗ്രഹിച്ചത്?

"മന്ത്രി പല വിദ്യകളും പ്രയോഗിച്ചു." പക്ഷെ അതു എങ്ങിനെ സാധിക്കാനാണ്. രാജാവിനു സുന്ദരിയായ രാജ്ഞിയുള്ളപ്പോൾ മന്ത്രിയുടെ വിദ്യകൾ എങ്ങിനെ സാധിക്കും. വൃദ്ധ വീണ്ടും പറഞ്ഞു "രാജാവു രാജ്ഞിയെ വെറുക്കാൻ മന്ത്രി പല പ്രയോഗങ്ങളും പ്രയോഗിച്ചു. എനിക്കു കാര്യം മനസ്സിലായി. രാജാവു രാജ്ഞിയെ വെറുക്കണം. വെറുപ്പ് വർദ്ധിക്കുമ്പോൾ രാജാവു രാജ്ഞിയെ ഉപേക്ഷിക്കും. രാജാവിന് വീണ്ടും ഒരു ഭാര്യ വേണം. അപ്പോൾ രാജാവു മന്ത്രിയുടെ മകളെ വിവാഹംചെയ്യും. അതാണ് മന്ത്രിയുടെ തന്ത്രം. മണ്ടൻമന്ത്രി. രാജാവു രാജ്ഞിയെ എങ്ങിനെ വെറുക്കും. രാജ്ഞി സുന്ദരി അല്ലേ. സുന്ദരികളെ വല്ലവർക്കും വെറുക്കാൻ സാധിക്കുമോ?

വൃദ്ധ വീണ്ടും പറഞ്ഞു, "രാജ്ഞിയെക്കുറിച്ച് മന്ത്രി പല കള്ളങ്ങളും പറഞ്ഞു പരത്തി. അതൊക്കെ രാജാവങ്ങു വിശ്വസിച്ചു." വീണ്ടും കേൾക്കാൻ ഞാൻ ഭയത്തോടെ കാത്തിരുന്നു

"രാജാവു രാജ്ഞിയെ ഉപേക്ഷിച്ചു." ഞാൻ അങ്ങു ഞെട്ടിപ്പോയി. അങ്ങു ഭയന്നുപോയി എന്തൊക്കെ എനിക്കു തോന്നിയെന്നോ? ആ മന്ത്രിയെ അങ്ങു വെടിവെച്ചു, കൊന്നാൽമതിയെന്നു തോന്നിപ്പോയി. എന്തു ദുഷ്ടനാണ് ഈ മന്ത്രി. ഇവനെ വെടിവെച്ചു കൊല്ലുകതന്നെ വേണം. ആ സുന്ദരിയായ രാജ്ഞിയോട് എനിക്കു എന്ത് അനുതാപം തോന്നിയെന്നോ? അവരെ കൊണ്ടുവന്ന് ഒരു വലിയ മണിമേട പണിയിപ്പിച്ച് അതിൽ പാർപ്പിക്കണം എന്ന് തോന്നിപ്പോയി. ഹാ! ആ സുന്ദരിയായ രാജ്ഞി! ദുഷ്ടൻ മന്ത്രി.

"പക്ഷെ" വൃദ്ധ വീണ്ടും പറഞ്ഞുതുടങ്ങി. ഞാൻ ആകാംക്ഷയോടെ കേട്ടിരുന്നു. "മന്ത്രിയുടെ മകൾ നല്ല പെണ്ണായിരുന്നു." അതെ, തീർച്ചയായും. ഞാൻ നേരത്തെതന്നെ ഉദ്ദേശിച്ചതാണ്. എന്തൊരാനന്ദമാണ് എനിക്കുണ്ടായതെന്നോ? ആ മന്ത്രിയുടെ മകൾ നല്ല പെണ്ണ് എന്റെ മുൻപിൽ നില്ക്കുന്നെന്ന് എനിക്കു തോന്നിപ്പോയി. ബാക്കി മുഴുവൻ കേൾക്കാൻ ഞാൻ അത്യാശിച്ചു.

വൃദ്ധ തുടർന്നു; "മന്ത്രിയുടെ മകൾ രാജാവിനോടു പരമാർത്ഥങ്ങൾ എല്ലാം പറഞ്ഞുകേൾപ്പിച്ചു. രാജാവിനു സത്യം മനസ്സിലായി." എനിക്കെന്തു സന്തോഷമാണുണ്ടായതെന്നോ? ആ മന്ത്രിയുടെ മകളെ കെട്ടിപ്പിടിച്ചൊരുമ്മകൊടുപ്പാൻ തോന്നിപ്പോയി. ഞാൻ തീർച്ചപ്പെടുത്തി, ആ മന്ത്രിയുടെ മകളെക്കുറിച്ചു കഥകൾ പറയണമെന്ന്. അതു കേട്ടു കേട്ട് ചേച്ചിമാർ ഒക്കെ അസൂയപ്പെടണമെന്നു. ആ മന്ത്രിയുടെ നല്ല മകളെക്കുറിച്ച് ലോകംമുഴുവനും പറഞ്ഞു പരത്തണം എന്നു. പക്ഷെ പിന്നീട് രാജാവു എന്താണു ചെയ്തത്. അതാണു അറിയേണ്ടത്.

"രാജാവു രാജ്ഞിയുടെ അടുക്കൽപോയി മാപ്പപേക്ഷിച്ചു. വീണ്ടും രാജ്ഞിയെ രാജാവു സ്വീകരിച്ചു." ഞാൻ ഒന്നു ചിരിച്ചു. ഞാൻവിചാരിച്ചു വൃദ്ധ കഥപറഞ്ഞുതീർന്നെന്നു. പക്ഷെ അവർ വീണ്ടും പറഞ്ഞു.

"രാജാവിനും രാജ്ഞിക്കും മന്ത്രിയോടു വിരോധംതോന്നി. മന്ത്രിയെ വെടിവച്ചു കൊല്ലണമെന്ന് അവർ ഓരോരുത്തരു തീർച്ചപ്പെടുത്തി." ഞാൻ ആ വൃദ്ധയുടെ മടിയിൽനിന്നും ഒരു ചാട്ടംചാടി. മന്ത്രിയെ വെടിവെച്ചു കൊല്ലുകതന്നെ വേണം: എന്തു ദുഷ്ടനാണയാൾ. ഞാൻ കൈകൊട്ടി ആനന്ദിച്ചു. വൃദ്ധ പറഞ്ഞു. "തീർന്നില്ല. ഇനിയും ഉണ്ട്."

ഞാൻ വീണ്ടും ആ മടിയിൽ പോയിരുന്നു. ബാക്കികൂടി കേൾക്കാൻ ഞാൻ അനങ്ങാതെ അവിടെത്തന്നെ ഇരുന്നു. "രാത്രിയിൽ മന്ത്രിയെ കൊല്ലാൻ രാജ്ഞി അറിയാതെ രാജാവും, രാജാവറിയാതെ രാജ്ഞിയും തോക്കെടുത്തുകൊണ്ടു തിരിച്ചു." അതു കേൾക്കാൻ എനിക്കു വളരെ സന്തോഷമായിരുന്നു. ആ മന്ത്രി വെടിയേററു കിടക്കുന്നതുകാണാൻ ഞാൻ ആശിച്ചു.

"പക്ഷെ ഇതെല്ലാം മന്ത്രി എങ്ങിനെയോ അറിഞ്ഞു. മന്ത്രി കാട്ടിൽപോയി ഒളിച്ചിരുന്നു." അങ്ങിനെയാണ് വൃദ്ധ പിന്നീട് കഥതുടർന്നത്. എന്റെ ആകാംക്ഷ വളരെ വർദ്ധിച്ചു. എന്തിനാണ് ആ മന്ത്രി ഇതൊക്കെ അറിഞ്ഞത്. അവനെ കാട്ടിൽചെന്നു കണ്ടുപിടിക്കണം എന്ന് എനിക്കു തോന്നിപ്പോയി. വളരെ വേഗം വെടിയേററ് അവൻ കിടന്നു പിടയ്ക്കുന്നതുകാണാൻ ആണ് ഞാൻ ആശിച്ചത്. കഥയുടെ അവസാനം എന്തിനിത്രവളരെ നീട്ടിക്കൊണ്ടുപോകുന്നു. എങ്ങിനെയെങ്കിലും മന്ത്രിയെ കൊല്ലണം. എന്നിട്ട് രാജാവും രാജ്ഞിയും സുഖമായി ജീവിക്കണം. അതാണ് ഞാൻ ആഗ്രഹിച്ചത്. ഹാ ആ സുന്ദരിയായ രാജ്ഞി സുഖമായി ജീവിക്കണം.

"രാജാവും രാജ്ഞിയും പ്രത്യേകം പ്രത്യേകം മന്ത്രിയെത്തേടി കാടുമുഴുവൻ നടന്നു. മന്ത്രി ഒരു മരത്തിൽ ചാരിനില്ക്കുന്നത് അവർ രണ്ടുപേരും കണ്ടു." എങ്ങിനെയാണ് മന്ത്രിയെ കണ്ടുപിടിച്ചത്. കാട്ടിൽ ചെന്നാലുടൻ ഒളിച്ചിരുന്ന മന്ത്രിയെ കാണാൻസാധിക്കുമോ? അതൊന്നും എനിക്കറിയേണ്ടായിരുന്നു.

"അവർ രണ്ടുപേരും വെടിവെച്ചു." അതായിരുന്നു എനിക്കറിയാനുള്ളത്. അതായിരുന്നു ഞാൻ ആശിച്ചത്. രണ്ടു വെടിയും ഏററ ആ ദുഷ്ടൻ കിടന്നു പിടയ്ക്കുന്നു.

വൃദ്ധ തുടർന്നു. "രാജ്ഞിയുടെ വെടി മന്ത്രിയുടെ ദേഹത്തുകൊണ്ടു, മന്ത്രി മറിഞ്ഞുവീണു; വളരെനേരംകൊണ്ടു ഞാൻ ആഗ്രഹിച്ചതാണ്. രാജ്ഞിതന്നെ ആ ദുഷ്ടനെ വെടിവെച്ചു പക്ഷെ അവൻ പിടച്ചില്ലയോ? അലറിയില്ലേ? എങ്ങിനെയാണ് അവൻ മരിച്ചത്. അതൊക്കെയായിരുന്നു എനിക്കു പിന്നീട് അറിയാനുണ്ടായിരുന്നത്. വൃദ്ധ തുടർന്നുകൊണ്ടേ ഇരുന്നു.

"പക്ഷെ രാജാവിന്റെ വെടി മന്ത്രിയുടെ ദേഹത്തു കൊള്ളാതെ, രാജ്ഞിയുടെ ദേഹത്താണ് ചെന്നുകൊണ്ടത്." ഒരു ഇടിയേററതുപോലെ ഞാൻ അങ്ങു ഞെട്ടിപ്പോയി. അങ്ങിനെ ഞാൻ കരുതിയില്ല. ആ സുന്ദരിയായ രാജ്ഞി. അയ്യോ! കഷ്ടം അവർക്കു വെടികൊണ്ടു അവർ പിടച്ചുകാണും. അവർ അലറിക്കാണും. അവർ മരിച്ചുകാണും. മരിക്കാതിരുന്നെങ്കിൽ!

വൃദ്ധ പിന്നെയും പറഞ്ഞു. ഞാൻ ശ്വാസംവിടാതെ കേട്ടിരുന്നു.

"രാജ്ഞിയെ എടുത്തു മടിയിൽവെച്ചുകൊണ്ട് രാജാവു കരഞ്ഞു. കരഞ്ഞുകരഞ്ഞു രാജാവും അവിടെഇരുന്നു മരിച്ചു." എന്റെ ദേഹംമുഴുവൻ തളർന്നു. ഞാൻ വൃദ്ധയുടെ മാറിൽ തലചാച്ചു. ആ പല്ലു കൊഴിഞ്ഞ നാവിലേക്കു എന്റെ ആക്ഷീണിച്ച നോട്ടം നോക്കി. ഞാൻ വിചാരിച്ചു അവർ വീണ്ടും കഥ തുടരുമെന്ന്. മരിച്ച രാജാവിന് ഈശ്വരൻ വന്നു ജീവൻകൊടുത്ത കഥ വൃദ്ധ എന്നോടു പറഞ്ഞിട്ടുണ്ട്. അതുപോലൊക്കെ ഒരു ദൈവം വന്ന് രാജാവിനും രാജ്ഞിക്കും ജീവൻ കൊടുക്കുമെന്നു ഞാൻ വിചാരിച്ചു. എന്നിട്ടവർ സുഖമായി ജീവിക്കും. പക്ഷെ വൃദ്ധ ഒന്നും പറയുന്നില്ലായിരുന്നു. അവർ ഒരു വികാരവുമില്ലാതെ എന്നെത്തന്നെ നോക്കിക്കൊണ്ടിരുന്നു. ഞാൻ ചോദിച്ചു. "പിന്നെ" ഞാൻ അവരുടെ തോളിൽ കയ്യിട്ടുകൊണ്ട്, ബാക്കികൂടി കേൾക്കാൻ ആ പല്ലില്ലാത്ത വായിലേക്കു തന്നെ നോക്കിയിരുന്നു.

"പിന്നെ ആ ഉണങ്ങിയ ചിറികൾക്കൊന്നനങ്ങുകമാത്രം ചെയ്തു. ഒരു ചെറിയ പുഞ്ചിരി ആ വൃത്തികെട്ട മുഖത്തു നിഴലിച്ചു. പക്ഷെ അവർ പിന്നീടൊന്നും പറഞ്ഞില്ല.

---

* ഒരു ടാഗോർ കഥയെ അനുകരിച്ച് എഴുതിയത്.

—o—

---

സ്വാമിരാമതീർത്ഥൻ
അഥവാ
പ്രായോഗികവേദാന്തം
(ഒന്നാംഭാഗം)
വില രൂ: ൧ ണ ൨
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

# ഹൈദ്രബാദും ഇന്ത്യയും യോജിച്ചുപോകുന്ന ലക്ഷണമില്ല

## വേണ്ടിവന്നാൽ സമരത്തിനു തയാറാകണമെന്നു് ശ്രീ അരുണാ ആസഫാലി

### റാസ്‌വിയുടെ പ്രലപനങ്ങളെ ഇന്ത്യൻ മുസ്ലിംനേതാക്കൾ ഭർത്സിക്കുന്നു

ഹൈദ്രബാദ് ഏപ്രിൽ ൧൦—ഇന്നലെ മി. കാസിംറാസ്‌വി ചെയ്ത പ്രസംഗത്തിൽ മുസ്ലിംവനിതകൾ ആയുധം ധരിക്കുവാൻ പരിശീലിക്കുകയും തന്മൂലം സ്വസഹോദരന്മാരുടെ ഭാരം കുറയ്ക്കുകയുംചെയ്യണമെന്നു ഉൽബോധിപ്പിച്ചിരിക്കുന്നു.

ഇന്ത്യൻ മുസ്ലീംകൾ മി: റാസ്‌വിയുടെ അഞ്ചാംപത്തിക്കാരാണെന്നും മററുമുള്ള അദ്ദേഹത്തിന്റെ അടുത്തകാലത്തെ പ്രസംഗങ്ങൾ ഇന്ത്യൻ മുസ്ലീംകളുടെ ശക്തിയെ എതിർപ്പിനു വിധേയമായിരിക്കുകയാണ്. മി. ഹുസൈൻ ഇമാം, മി: ഇസാക്ക് സേട്ട്, ബീഗം റസൂൽ, മി: നാസിറുദ്ദീൻ അഹമദ് എന്നീ മുസ്ലീം നേതാക്കൾ മി. റാസ്‌വിയുടെ വിനാശകവും നിരുത്തരവാദപരവുമായ പ്രചരണങ്ങളെ വിമർശിക്കുകയും ദുരുദ്ദേശപരമായ ഈ പ്രചരണം അദ്ദേഹം ഉടനടി നിറുത്തണമെന്നു ആവശ്യപ്പെടുകയുംചെയ്തിരിക്കുന്നു. ഇന്ത്യൻ മുസ്ലീങ്ങളെപ്പററി പറയുവാൻ മി റാസ്‌വിക്കു യാതൊരു അധികാരവുമില്ലെന്നും അവർ പ്രസ്താവിക്കുന്നു.

### സോഷ്യലിസ്റ്റുകാർ സമരത്തിലേർപ്പെടും

ഇന്ത്യാഗവണ്മെന്റു നേരിട്ടു ആയുധസന്നദ്ധരായി ഇടപെടത്തക്കവിധം ഹൈദ്രബാദിലെ സ്ഥിതിഗതികൾ ഗുരുതരമായിരിക്കുന്നുവെന്നാണു മിസ്സിസ്സ് ആസഫ് അലി ഇന്നു ഒരു പ്രസ്സുകാൺഫറൻസിൽ വച്ചു പ്രസ്താവിച്ചതു്. റസാക്കർ വാളണ്ടിയന്മാരെ നിശ്ചലകരാറിലെ താല്പര്യമനുസരിച്ചു ഹൈദ്രബാദു ഗവ: നിരായുധീകരിക്കുകയോ ഇന്ത്യാ ഗവ: ഹൈദ്രബാദുകാര്യത്തിൽ സശക്തമായി ഇടപെടുകയോ ചെയ്തിട്ടില്ലെങ്കിൽ സോഷ്യലിസ്റ്റുകാർ മുൻകൈ എടുക്കുകയും നൈസാം സേനയുടെയും റസാക്കർപ്പടയുടെയും മർദ്ദനങ്ങളിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിനായി അവർക്ക് ആയുധംനൽകി സഹായിക്കുമെന്നും മിസിസ് അരുണ വ്യക്തമാക്കി. ഏപ്രിൽ ൧൨-ാംതീയതി ഡൽഹിയിൽവച്ചു പണ്ഡിററ് നെഹ്റുവിനെയും മി. കെ. എം. മുൻഷിയേയും മിസിസ് അരുണ കാണുമെന്നും തൃപ്തികരമായ ഫലമുണ്ടായില്ലെങ്കിൽ സോഷ്യലിസ്റ്റ് പാർട്ടി സമരമാരംഭിക്കുമെന്നും അവർ തുടർന്നു. ഇന്നത്തെ സ്ഥിതിഗതികൾ വർഗ്ഗീയസംഘട്ടനത്തിലേക്കു തിരിയുകയും വർഗ്ഗീയഭ്രാന്തിൽ ഇന്ത്യ ഒരിക്കൽകൂടി നിപതിക്കാനിടയാവുകയും ചെയ്യുന്നതാണ്. അതുകൊണ്ടു ജനങ്ങളുടെ ജീവനും പരമാധികാരവും സംരക്ഷിക്കുവാൻ ഇന്ത്യാഗവർമ്മെന്റു അവരുടെ അധികാരം പ്രയോഗിക്കണം. അതു് ഒരുപക്ഷേ യുദ്ധത്തിനു ഇടവരുത്തിയേക്കാം. നമുക്ക് അതിനും തയാറാകേണ്ടിയിരിക്കുന്നു.

### മോംഗ്ടൺ ഹൈദ്രബാദിലേക്കു മടങ്ങി

സർ വാൾട്ടർമോംഗ്ടൺ ഹൈദ്രബാദിലേക്കു മടങ്ങിയിരിക്കുന്നു. ഇന്ത്യാഗവണ്മെന്റിന്റെ സുനിശ്ചിതമായ അഭിപ്രായം അദ്ദേഹത്തെ അറിയിച്ചിട്ടുണ്ട്. നൈസാമുമായുള്ള ആലോചനയുടെ വിജയാപജയങ്ങളെ ആശ്രയിച്ചായിരിക്കും ഇനി സർ മോംഗ്ടൺ ഡൽഹിയിലേക്കു പോകുന്നതു്. നൈസാമിനെ കണ്ടു ഒരു മണിക്കൂർനേരം ഡൽഹിവിവരങ്ങളെപ്പററി അദ്ദേഹം സംഭാഷണം നടത്തി.

ന്യൂഡൽഹി, ഏപ്രിൽ ൧൦—ഇന്ത്യാ ഹൈദരബാദ പ്രശ്നംസംബന്ധിച്ചു തൃപ്തികരമായ ഒരു തീരുമാനമുണ്ടാകുന്ന ലക്ഷണം ഉള്ളതായി ഡൽഹി രാഷ്ട്രീയ കേന്ദ്രങ്ങൾ പ്രകടമാക്കുന്നില്ല. ഈയിടെ സർ വാൾട്ടർമോംങ്ടൺ ഇവിടം സന്ദർശിച്ചു. അദ്ദേഹം ഗവർണ്ണർ ജനറൽ മൗണ്ട്ബാററൻപ്രഭുവുമായും പണ്ഡിററ് ജവഹർലാൽനെഹ്റുവുമായും നാട്ടുരാജ്യവകുപ്പുദ്യോഗസ്ഥന്മാരുമായും സംഭാഷണം നടത്തി. എങ്കിലും സ്ഥിതിഗതികൾ പഴയപടിതന്നെയിരിക്കുന്നതേയുള്ളു. നിശ്ചലകരാർ സംബന്ധിച്ചു നൈസാമിന്റെ ഗവണ്മെന്റു കൊണ്ടുവന്നിട്ടുള്ള പരാതികളെ ഡൊമിനിയൻ ഗവണ്മെന്റിനു അംഗീകരിക്കുവാൻ കഴിവില്ലെന്നാണ് അറിയുന്നതു്. കരാർസംബന്ധിച്ചുള്ള വ്യവസ്ഥകൾ പരിപാലിക്കുന്നതിൽ ഇന്ത്യാഗവണ്മെന്റു വളരെ നിഷ്കർഷ കാണിക്കുമ്പോൾ നൈസാംഗവണ്മെന്റ് തിരിച്ചു് ഇങ്ങോട്ടും അതുപോലെയുള്ള നിഷ്കർഷ കാണിക്കുന്നില്ലെന്നു ശക്തിയുക്തം പ്രസ്താവിക്കപ്പെടുന്നു. നിശ്ചിതസമയങ്ങളിൽ പരിപാടിയനുസരിച്ചു് ഹൈദരാബാദിൽനിന്നു ഇന്ത്യാഗവണ്മെന്റു പട്ടാളത്തെ പിൻവലിച്ചു. എന്നാൽ ഇതിനു പകരമായി ഹൈദരാബാദിൽ അവിടെ യഥാർത്ഥഭരണം നടത്തിവരുന്ന ഇത്തിഹാദുൾ മുസ്ലിമിന്റെ ധ്വംസോത്സുകപ്രവർത്തനങ്ങൾ ഇന്ത്യാ-ഹൈദരാബാദ് ബന്ധത്തിൽ ഒരു വിഷമസന്ധിയുണ്ടാക്കുമെന്നു ഭീഷണിപ്പെടുത്തുന്നു. ഗൗരവാവഹമായ അനന്തരഫലങ്ങൾ അതിൽനിന്നുണ്ടായേക്കാനുമെതി. നൈസാംഗവണ്മെന്റിനു ഇന്ത്യാഗവണ്മെന്റു നൽകുന്ന താല്പര്യപൂർവകമായ ഉപദേശം ഇതാണ്. ആദ്യമായി റസാക്കർ പ്രസ്ഥാനത്തെയും അതിന്റെ നേതാക്കന്മാരെയും നിയമബാഹ്യരാക്കിത്തീർക്കുകയും കർശന നടപടികൊണ്ടു അമർത്തുകയും ചെയ്യുക. രണ്ടാമതായി ഹൈദരാബാദിൽ ഉത്തരവാദഭരണം നടപ്പാക്കുക. ഈ രണ്ടുകാര്യങ്ങളും നൈസാംഗവണ്മെന്റിനു ഇതുവരെ സ്വീകാര്യമായിട്ടില്ല. ഏതാനും മാസങ്ങൾക്കുമുമ്പു സർദാർ പട്ടേൽ ഈ ഉപദേശം നൽകിയെന്നറിയുന്നു. സർ വാൾട്ടർ മങ്ക്ടണുമായി ഇയ്യിടെയുണ്ടായ സംഭാഷണത്തിൽ പ്രധാനമന്ത്രി പണ്ഡിററ് ജവഹർലാൽനെഹ്റുവും ഇതേ ഉപദേശം ആവർത്തിക്കപ്പെട്ടതായിട്ടാണ് ഊഹിക്കപ്പെടുന്നതു്. ഇങ്ങിനെയിരിക്കെ ഹൈദരാബാദിനുള്ളിലെ അവസ്ഥ വളരെ മോശമായി വരികയാണ്. "അപായമേഖലകൾ" എന്നു പറയപ്പെടുന്ന ഹൈദരാബാദിലെ ചില ഭാഗങ്ങളിൽനിന്നു ഹിന്ദുക്കൾ കൂട്ടമായി പുറപ്പെട്ടുപോയി. ഹൈദരാബാദിലെ ഇന്ത്യൻ ഏജന്റ് ജനറൽ ശ്രീ: മുൻഷി എന്നെന്നേക്കുമായി ഹൈദരാബാദ് വിട്ടുവെന്നുള്ള ഒരു റിപ്പോർട്ടു ചില പത്രങ്ങളിൽ പ്രാധാന്യം നൽകി പ്രസിദ്ധപ്പെടുത്തിയതാണു ഇതിനു കാരണം. ഇന്ത്യൻപ്രതിനിധിയുടെ ഹൈദരാബാദിലെ സാന്നിദ്ധ്യം ധൈര്യമുണ്ടാക്കിക്കൊണ്ടിരുന്നുവെന്നും അവിടത്തെ ജനങ്ങളുടെ മനോവീര്യം വർദ്ധിപ്പിച്ചുകൊണ്ടിരുന്നുവെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്നാൽ ആളുകളുടെ ധാരണയ്ക്കു നേരെ വിപരീതമായി ശ്രീ മുൻഷി ഏപ്രിൽ ൧൮-ാംതീയതി ഹൈദ്രബാദിൽ മടങ്ങിയെത്തുന്നതാണ്. ഹൈദ്രബാദും ഇന്ത്യയിലെ സംസ്ഥാനങ്ങളും, തമ്മിലുള്ള വ്യാപാരത്തിനും ഹാനിയുണ്ടായിട്ടുണ്ടെന്നു റിപ്പോർട്ടു ചെയ്യപ്പെടുന്നു. അയൽരാജ്യങ്ങളിലെ കച്ചവടക്കാർക്കായിരിക്കുന്ന ഭയമാണ് ഇതിനു കാരണം. [illegible] നശിച്ചു കച്ചവടം നടത്താനുള്ള സാഹസത്തിനു അവർ ഒരുമ്പെടുന്നില്ല. തുടർന്നു സംഭാഷണം നടത്തുന്നതിനായി അടുത്തയാഴ്ച നൈസാംഗവണ്മെന്റിന്റെ പ്രതിനിധികൾ ഡെൽഹി സന്ദർശിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

മാർച്ച് 31-ാംതീയതി മി: സെയ്യദ് കാസിംറാസ്‌വി ചെയ്തതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്ന "മതയുദ്ധ" പ്രസംഗത്തെ നിഷേധിച്ചുകൊണ്ടു ഹൈദരാബാദ് പ്രധാനമന്ത്രി മിർ ലെയിക് അലി ഇന്ത്യൻപ്രധാനമന്ത്രി പണ്ഡിററ് ജവഹർലാൽനെഹ്റുവിനു ഇന്നു ഒരു കമ്പിസന്ദേശം അയച്ചിരിക്കുന്നു. ഇന്നു കാലത്തു മിർ ലയിക് അലി പിന്നെയും നൈസാമിനെ കണ്ടു. ഗവർണ്ണർ ജനറലുമായും പ്രധാനമന്ത്രിയുമായും ന്യൂഡൽഹിയിൽവച്ചു സർ വാൾട്ടർ മോങ്ക്ടൺ നടത്തിയ സംഭാഷണത്തിന്റെ പ്രകാശത്തിൽ ഇൻഡ്യാ ഹൈദരാബാദ് ബന്ധങ്ങളെപ്പററി നൈസാമും അദ്ദേഹത്തിന്റെ പ്രധാനമന്ത്രിയും തമ്മിൽ ചർച്ചനടന്നു. നാളെ സർ വാൾട്ടർ മോങ്ക്ടൺ നൈസാമിനെ കാണുന്നതാണ്. നിശ്ചലകരാർ നടപ്പിലാക്കുക, ഉത്തരവാദഭരണം നടപ്പിൽകൊണ്ടുവരുന്നതിനുവേണ്ടി രാജ്യത്തിലെ ഭരണഘടന ഉദാരമാക്കിത്തീർക്കുക, ഇന്ത്യൻയൂണിയനും ഹൈദരബാദും തമ്മിൽ സ്ഥിരമായ ബന്ധം സ്ഥാപിക്കുക എന്നീ പ്രശ്നങ്ങളെ യൂണിയൻ ഗവണ്മെന്റിനും ഹൈദരാബാദ് ഗവണ്മെന്റിനും തമ്മിലുള്ള മദ്ധ്യസ്ഥതയ്ക്കു വിടുന്നതിനെപ്പററി ചർച്ചചെയ്യുന്നതിനു മിർലെയിക് അലിയും സർ വാൾട്ടർമൊങ്ക്ടണും അടുത്ത ആഴ്ച ഡൽഹിയിലേക്കു പോകുമെന്നറിയുന്നു. കഴിഞ്ഞമാസത്തിൽ ശ്രീ· കെ. എം. മുൻഷി നൽകിയ നയതന്ത്രകുറിപ്പിനു നൈസാംഗവണ്മെന്റുകൊടുത്ത മറുപടിക്കുള്ള ഇൻന്ത്യാഗവണ്മെന്റിന്റെ നിശ്ചിതഭിപ്രായം അറിയുവാൻ സർ വാൾട്ടർക്കു കഴിയാഞ്ഞതിനാൽ ഈ ഡൽഹിസന്ദർശനം നിശ്ചയമായുണ്ടാകുമെന്നാണ് അഭിജ്ഞകേന്ദ്രങ്ങളിലെ അഭിപ്രായം. കൂടാതെ നാട്ടുരാജ്യവകുപ്പുമന്ത്രി സർദാർപട്ടേലും നാട്ടുരാജ്യവകുപ്പുസെക്രട്ടറി ശ്രീ: വി. പി. മേനവനും സുഖക്കേടായി കിടപ്പിലായിരുന്നതിനാൽ സർ വാൾട്ടർക്ക് അവരെക്കണ്ടു ഒന്നും സംസാരിക്കുവാൻ സാധിച്ചില്ല. ഇന്ത്യൻ സംസ്ഥാനികഗവണ്മെന്റുകൾ ഹൈദരാബാദിനെ സാമ്പത്തികനിരോധനത്തിൽ പെടുത്തിയിരിക്കുന്നുവെന്നു പറയപ്പെടുന്നതിൽനിന്നുണ്ടായിരിക്കുന്ന സ്ഥിതിയെപ്പററി ഇന്ത്യാഗവണ്മെന്റുമായി സർ വാൾട്ടർമാംഗ്ടൺ ചർച്ചചെയ്യുമെന്നും കഴിയുന്നതുംവേഗത്തിൽ ഹൈദരബാദുമായുള്ള വ്യാപാരബന്ധം പുനഃസ്ഥാപിക്കണമെന്നു അപേക്ഷിച്ചുവെന്നും ഈ സങ്കേതങ്ങളിൽ ഊഹിക്കപ്പെടുന്നു. മജ്‌ലിസ് ഇത്തിഹാദുൽമുസ്ലിമീനേയും അതിന്റെ സന്നദ്ധഭടസംഘടനയായ റസാക്കാഴ്സുകളെയും പിരിച്ചുവിടുകയെന്ന പ്രശ്നത്തെസംബന്ധിച്ചു ഈ സങ്കേതങ്ങളിൽ വൈമനസ്യം പ്രകടിതമാകുന്നുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ രാജ്യത്തിന്റെ ചിലഭാഗങ്ങളിലുണ്ടായിട്ടുള്ള കമ്യൂണിസ്റ്റുശല്യത്തോടു നേരിട്ടു ബന്ധമുള്ളതാണെന്നും പറയപ്പെടുന്നു. ആയുധസാമഗ്രികളും, വെടിമരുന്നും, പെട്രോളും, വാഹനങ്ങളും ആഗസ്റ്റ് ൧൫-നുമുമ്പു ലഭിച്ചിരുന്നതോതിൽ ലഭിക്കുന്നപക്ഷം ഈ പ്രശ്നം പരിഹൃതമാക്കാൻ കഴിയാതെയില്ല. ഈവക സാധനങ്ങൾ വേണ്ടപോലെ ലഭിക്കായ്കയാൽ ഹൈദരബാദിലെ കമ്യൂണിസ്റ്റുപ്രവർത്തനങ്ങളെ ഫലപ്രദമായി തടയുവാൻ നൈസാംഗവണ്മെന്റിനു കഴിയാതെയിരിക്കുന്നു.

### റാസ്‌വിയുടെ നിന്ദ്യമായ കള്ളം

കല്ക്കട്ട ഏപ്രിൽ ൧൦. ഇന്ത്യൻമുസ്ലീങ്ങൾ രാജ്യത്തു് അഞ്ചാംപടക്കാരായി പ്രവർത്തിക്കുവാൻ മുതിരുമെന്നുള്ളതു് തെററാണെന്നു് ഇത്തിഹാദുൽ മുസ്ലിമീൻ പ്രസിഡണ്ട് സയ്ദ്കാസിം റാസ്‌വിയെ പഠിപ്പിക്കേണ്ടതാണെന്നു ബംഗാൾ ദേശീയമുസ്ലീംനേതാവായ ഡാക്ടർ ആർ. അഹമ്മദു ഇന്നു് ഒരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. "കാസിം റാസ്‌വിയെപ്പോലുള്ള മതഭ്രാന്തന്മാർ വിഷം വമിക്കുമ്പോൾ ഇന്ത്യൻയൂണിയനിൽ ഇന്ത്യൻമുസ്ലീങ്ങൾ ചെയ്തുവന്നിരുന്ന സകല പ്രവൃത്തികളേയും അതു നിഷ്ഫലമാക്കുന്നു. ഇന്ത്യൻയൂണിയൻ ഹൈദരാബാദിന്റെമേൽ എന്തെങ്കിലും കയ്യേററം നടത്തുന്നപക്ഷം ഇന്ത്യൻയൂണിയനിലെ നാലരകോടി മുസ്‌ലീങ്ങൾ വിപ്ലവപതാക ഉയർത്തുമെന്നുള്ള റാസ്‌വിയുടെ പ്രസംഗത്തെ പരാമർശിച്ചു് ഡാക്ടർ അഹമ്മദു പ്രസ്താവിച്ചതിപ്രകാരമാണ്: ഇതിൽപരം നിന്ദ്യമായ ഒരുകള്ളം ഒരിക്കലും പറഞ്ഞുകേട്ടിട്ടില്ല. തന്റെ ആദർശവുമായി സാത്മ്യപ്പെട്ടിരുന്ന ആ മുസ്‌ലീങ്ങളെല്ലാക്കെ ഇന്ത്യ വിട്ടെന്നു റാസ്‌വി അറിയേണ്ട കാലമായിരിക്കുന്നു.

### മദ്ധ്യസംസ്ഥാനത്തു നടപടികൾ

നാഗ്പോർ, ഏപ്രിൽ ൧൦—ഹൈദ്രബാദ്പ്രദേശത്തിനു ചുററുമുള്ള സിരോഞ്ചാ തഹശീലിലെ ഇത്തിഹാദുൽ മുസ്‌ലിമീൻ എന്ന സംഘടനയെ ഒരു നിയമവിരുദ്ധസംഘടനയായി പ്രഖ്യാപിച്ചിരിക്കുന്നു. പൊതുജനസമാധാനത്തിനു ഇതിന്റെ പ്രവർത്തനം വിപൽക്കരമായതുകൊണ്ടാണു ഗവ: ഈ നിരോധനം പുറപ്പെടുവിച്ചതു്.

### റാസ്‌വിയെ ഇന്ത്യയിലും എതിർക്കുന്നു

മദ്രാസ് ഏപ്രിൽ ൧൧—ഫാസിസ്റ്റുമുസ്ലീംസംഘടനയുടെ നേതാവായ മി: കാസിംറാസ്‌വി ഇന്ത്യൻമുസ്ലീങ്ങൾ അഞ്ചാംപടക്കാരാണെന്നു പറഞ്ഞതിനെ ഇന്ത്യയിലെ മുസ്ലിംലീഗുപ്രസിഡന്റായ മി: മഹമ്മദു ഇസ്മായിൽ ശക്തിയായി എതിർക്കുന്നു. ഇന്ത്യൻയൂണിയനോടു ഭക്ത്യാദരവുള്ള ഇന്ത്യൻമുസ്ലീങ്ങളുടെ മനോഗതിയ്ക്കും സ്വഭാവത്തിനും നിശ്ശേഷം വിപരീതമായിട്ടുള്ള ഒരു നിരീക്ഷണമാണ് മി: റാസ്‌വി ചെയ്തിരിക്കുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചു.

### ബീറാർ വീണ്ടെടുക്കുമെന്നു റാസ്‌വി

ഹൈദ്രബാദ് ഏപ്രിൽ ൧൧—മി: റാസ്‌വി വെള്ളിയാഴ്ച ചെയ്ത പ്രസംഗത്തിന്റെ കൂടുതൽവിവരങ്ങൾ ലഭിച്ചിരിക്കുന്നു. ഹൈദ്രബാദ് താമസിയാതെ മദ്രാസ് പ്രവിശ്യയിലെ സീഡഡ് ഡിസ്ട്രിക്ടുകളും നോർത്തേൺ സർക്കാഴ്സും മധ്യസംസ്ഥാനത്തുനിന്നു ബീറാറും വീണ്ടെടുക്കുന്നതാണെന്നും ഈ പ്രദേശങ്ങളെല്ലാം ഹൈദ്രബാദ് നാട്ടുരാജ്യത്തിന്റെ വകയാണെന്നും റാസ്‌വി ആ പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു. (ഏ. പി.)

—൦—

# യരുശലേം ഷെൽചെയ്തു

—൦—

## അറബിപീരങ്കികൾ

യരുശലേം, ഏപ്രിൽ ൧൧—അറബികൾ യരുശലേമിലെ മൂന്നു യഹൂദപ്രദേശങ്ങൾ ഷെൽചെയ്തിരിക്കുന്നു. ഈ വിശുദ്ധനഗരത്തിന്റെ പശ്ചിമപ്രാന്തത്തിൽ അറബിഭടർ സ്ഥാനങ്ങൾ ഏറെറടുത്തിരിക്കുന്നു. യഹൂദഭടർ അറബിപീരങ്കികളുടെനേർക്കു നീങ്ങിത്തുടങ്ങുകയുംചെയ്തു. കാസ്റ്റലിനു ചുററും ഇപ്പോഴും സമരം നടന്നുകൊണ്ടിരിക്കുന്നു. ഈ നഗരം തങ്ങളുടെ കൈവശമാണെന്നു അറബികളും യഹൂദരും അവകാശപ്പെടുന്നു. (റായിട്ടർ)

—൦—

# ചൗധരി അബ്ബാസ്

—൦—

## ആസാദ് കാശ്മീർസേനയുടെ അധിപതിയായി

ലാഹോർ, ഏപ്രിൽ ൯. ഈയിടെ ഷേക് അബ്ദുള്ളയുടെ ഗവ: മോചിപ്പിച്ച കാശ്മീർ ജമ്മുമുസ്ലീം കാൺഫറൻസ് പ്രസിഡണ്ടായ ചൗധരി ഗുലാം അബ്ബാസ് ആസാദ് കാശ്മീർ പ്രതിരോധസേനയുടെ മേലുള്ള പരമാധികാരം ഏറെറടുത്തിരിക്കുന്നതായി ഇവിടെ അറിയുന്നു.

—൦—

# കുരുക്ഷേത്രക്യാമ്പിൽ ൩൦-ൽപരം തൊഴിലുകളിൽ പരിശീലനം

## സാന്മാർഗ്ഗികമായ ഉൽക്കർഷം രാഷ്ട്രത്തെയും ശക്തമാക്കും

### കുരുക്ഷേത്രക്യാമ്പിൽ അഭയാർത്ഥികളോടു പണ്ഡിതനെഹ്റു ചെയ്ത വികാരഭരിതമായ പ്രസംഗം

ന്യൂഡെൽഹി, ഏപ്രിൽ ൯—യുദ്ധാഗ്നിയുടെ കോളുകൾ വ്യാപിച്ചുകഴിഞ്ഞിട്ടുള്ള ഈ ലോകത്തെ ദുർഘടസന്ധിയെ ത്വരിപ്പിക്കുവാൻ ഇന്ത്യ യാതൊന്നും ചെയ്യരുതെന്നാണ് വ്യാഴാഴ്ച കുരുക്ഷേത്രക്യാമ്പു സന്ദർശിച്ച പ്രധാനമന്ത്രി പണ്ഡിതജവഹർലാൽനെഹ്റു അവിടെ തിങ്ങിക്കൂടിയ ഒരു വലിയ ജനസമൂഹം അഭയാർത്ഥികളോടു പ്രസ്താവിച്ചതു്.



ഒരു ലോകമഹായുദ്ധം ഉണ്ടായാൽ ഇന്ത്യയ്ക്കു ഒററതിരിഞ്ഞുനില്ക്കുവാൻ ഏതായാലും സാദ്ധ്യമല്ല. ഏതുഭാഗത്തുനിന്നു നാം ആക്രമിക്കപ്പെട്ടാലും നാം നമ്മുടെ മുഴുവൻശക്തിയും പ്രയോഗിച്ചു് അതിനെ എതിർക്കുന്നതാണ്. എന്നാൽ നിരപരാധികളും അരക്ഷിതരുമായ സ്ത്രീപുരുഷന്മാരുടെ കൊല ഒരു ഭീരുത്വമാണ്. ഇപ്രകാരമുള്ള വർഗ്ഗീയകലാപങ്ങൾ നിർത്തുവാനാണ് ഗാന്ധിജി ജീവിതം ബലികഴിച്ചതു്. ഇന്ത്യൻസ്വാതന്ത്ര്യത്തിന്റെ കൈവരലിനെ തുടർന്നു പഞ്ചാബിലും വടക്കുപടിഞ്ഞാറെഅതിർത്തിപ്രവിശ്യയിലും ദുർഭാഗ്യകരമായ സംഭവങ്ങളുണ്ടായി. നിരപരാധികളായ ജനങ്ങൾക്കു ലക്ഷക്കണക്കിനു ജീവഹാനി സംഭവിച്ചു. ഏററവും സഹിക്കാതെവന്നതു് സ്ത്രീകളുടെ അഭിമാനം ഒരു കളിപ്പാട്ടമായിത്തീർന്നുവെന്നതാണ്. കുററം ഒരു സമുദായത്തിന്റെയോ മറേറാസമുദായത്തിന്റെയോമേൽ ചുമത്തിയിട്ടു പ്രയോജനമില്ല. നമ്മുടെ ഹസ്തങ്ങൾ രക്തപങ്കിലമാക്കപ്പെട്ടിരിക്കുന്നു. ഈ ഭ്രാന്തു് ആവർത്തിക്കുവാൻ പാടില്ലതന്നെ. ഇന്ത്യയിൽ എല്ലാവരെയും ഒരുപോലെ നമുക്കു കരുതേണ്ടിയിരിക്കുന്നു. നിങ്ങളുടെ ക്ലേശങ്ങളേയും തൽഫലമായി നിങ്ങളുടെ ഹൃദയങ്ങളിൽ തിങ്ങിനില്ക്കുന്ന വിദ്വേഷത്തെയുംപററി എനിക്കറിയാം. എന്നാൽ ധൃതഗതിയിൽ പ്രവർത്തിക്കരുതു്. എന്തെന്നാൽ അതു നിങ്ങളുടെ ദുരിതങ്ങളെ വർദ്ധിപ്പിക്കുകയേയുള്ളു.

സ്വതന്ത്രഇന്ത്യയുടെ ഗവ: ജന്മമെടുത്തതുമുതൽ ചരിത്രത്തിൽ മുൻപൊരിക്കലുമുണ്ടാകാത്തതരത്തിലുള്ള പ്രശ്നങ്ങളെ അതു് അഭിമുഖീകരിക്കുന്നു. വർഗ്ഗീയസമരംമൂലം ലോകത്തിന്റെ ദൃഷ്ടിയിൽ നാം അവമതിക്കപ്പെട്ടിരിക്കുന്നു. പശ്ചിമപാകിസ്ഥാനിൽനിന്നു് ൫൦ ലക്ഷത്തിൽപരം ആളുകളെ ഇനിയും മാറേറണ്ടതായിട്ടുണ്ട്. ഇവരിൽ ഭൂരിപക്ഷമാളുകൾക്കും കുടിയുറപ്പിക്കുന്ന ജോലി ശേഷിക്കുകയാണ്. ഈ വൻപിച്ച പ്രശ്നം പരിഹരിക്കുന്നതിൽ ന്യൂഗവണ്മെന്റിനു ഏതാനും വിജയം മാത്രമെ ഉണ്ടായിട്ടുള്ളു എന്നാൽ നാം അതു അഭിമുഖീകരിക്കുവാൻതന്നെ ഉറച്ചിരിക്കുന്നു. ഈ പ്രയാസങ്ങളൊക്കെ ഉണ്ടായാലും ഇന്ത്യ രാഷ്ട്രസമുച്ചയത്തിലെ മുന്നണിയിലേക്കു കുതിച്ചുകയറുമെന്നു് എനിക്കു ബോദ്ധ്യമുണ്ട്. ഇന്ത്യയിലെ ഓരോ പ്രജയ്ക്കും ഒരു വീടും ഒരു തൊഴിലുമുണ്ടായിക്കാണണമെന്നും ദാരിദ്ര്യം കഴിഞ്ഞകാലത്തെ ഒരു വസ്തുവായിക്കാണണമെന്നും നാം ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. ഇന്ത്യയ്ക്കു കൈവരേണ്ട ആ മഹത്വത്തെപ്പററി ഞാൻ പരാമർശിക്കുമ്പോൾ ഞാൻ അതിന്റെ സന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ മഹത്വത്തെയാണ് അർത്ഥമാക്കുന്നതു്. നാം ഈ പന്ഥാവിൽക്കൂടി ചരിക്കുന്ന കാലത്തോളം ഇന്ത്യ സ്വതന്ത്രവും ഐശ്വര്യപൂർണ്ണവുമായ ഒരു രാജ്യമായിരിക്കും. ആ ആദ്ധ്യാത്മികമഹത്വത്തിന്റെ പാരമ്പര്യങ്ങൾ പുനരുജ്ജീവിപ്പിക്കുവാൻ നമുക്കു വീണ്ടും യത്നിക്കാം.

കുരുക്ഷേത്രക്യാമ്പിൽ ഏർപ്പെടുത്തിയിരിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ പണ്ഡിതനെഹ്റുവിനെ വളരെ ആകർഷിച്ചു. രണ്ടുലക്ഷം ജനങ്ങൾവരുന്ന ഈ ക്യാമ്പിൽ ഏതെങ്കിലും ഒരു അദ്ധ്യാപകൻ തൊഴിലില്ലാതെയിരിക്കുന്നതു് അതിശയമായി അദ്ദേഹത്തിനു തോന്നി. ഇപ്പോഴും തൊഴിലില്ലാതെയിരിക്കുന്ന അദ്ധ്യാപകന്മാർ ശമ്പളത്തിൽ മാത്രം ജോലിചെയ്യാൻ തയ്യാറാണെന്നു പറയപ്പെടുന്നുണ്ട്. ഇതു് ഏററവും ആക്ഷേപകരമായിരിക്കുന്നു. ക്യാമ്പിൽ കൂലിക്കു ജോലിയെന്ന മനോഭാവം ഉണ്ടാകുവാൻപാടില്ല. ഒന്നും ചെയ്യാനില്ലെങ്കിൽ തൊഴിലില്ലാത്ത വെള്ളക്കാളർധാരികൾ റോഡുകൾ തൂക്കേണ്ടതാണ്. ബാപ്പുവിനു അതു ചെയ്യാമെങ്കിൽ ഇവരെന്തിനു അതിനു ശങ്കിക്കുന്നു. ഏതെങ്കിലുംതരത്തിലുള്ള ബോധാധ്യാപനം നടത്തുന്നതിൽ വൈരപ്പുള്ള ഇക്കൂട്ടരെപ്പററി ഒരനുഭാവവുമുണ്ടാകുന്നതല്ല. തങ്ങൾക്കു പരിചയമുള്ള തൊഴിലുകളിൽ ഏർപ്പെടാവുന്നവർക്കു അപ്രകാരം ചെയ്യാവുന്നതാണ്. എന്നാൽ മററുള്ളവർക്കു പ്രയോജനമുള്ള മറേറതെങ്കിലും ജോലിയിൽ തീർച്ചയായും ഏർപ്പെടാവുന്നതാണ്. ഉദാഹരണമായി ഈ ക്യാമ്പിൽ നിയമസമാധാനപാലനത്തിനു ഗവ. എന്തിനാണ് പട്ടാളത്തെയും പോലീസിനെയും സജ്ജമാക്കിയിരിക്കുന്നതു്. തീർച്ചയായും ഈ ക്യാമ്പിനു ഈ ജോലി ചെയ്യാൻ അതിന്റെതന്നെ സാമൂഹ്യപ്രവർത്തകരുടെ ഒരു സംഘത്തെ രൂപവൽക്കരിക്കാവുന്നതാണ്.

കുരുക്ഷേത്രക്യാമ്പിലെ തൊഴിൽപരിശീലനകേന്ദ്രത്തെ അദ്ദേഹം പരാമർശിച്ചു. വിവിധരൂപത്തിലുള്ള ൩൦-ൽപരം തൊഴിലുകൾ ഈ സെന്ററിലെ പരിശീലനക്കാർക്കു പഠിപ്പിച്ചുകൊടുക്കുകയും ധാരാളം സാധനങ്ങൾ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ ഓരോ അഭയാർത്ഥിക്യാമ്പിലും ഇത്തരം തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. പരീക്ഷണാർത്ഥം വിവിധപ്രവിശ്യകളിലും ഇത്തരം കേന്ദ്രങ്ങൾ ഏർപ്പെടുത്തേണ്ടതും അവയ്ക്കു ചുററും ചെറിയ പട്ടണങ്ങൾ വളർന്നുവരേണ്ടതുമാണ്. കുരുക്ഷേത്രക്യാമ്പിൽ അഭയാർത്ഥികൾ അക്ഷമരായിക്കൊണ്ടും വേഗത്തിൽ കുടി ഉറപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും മററുമുള്ള സകലവിധവാദങ്ങളുമായി സമീപിക്കുന്നുവെന്നു പണ്ഡിതനെഹ്റു പ്രസ്താവിച്ചു. അതു് ഏതാനംദിവസങ്ങൾകൊണ്ടു നിറവേററാവുന്ന കാര്യമല്ലെന്നു അവർ ധരിക്കണം. തങ്ങൾ തണുപ്പുള്ള പ്രദേശങ്ങളിൽനിന്നു വരുന്നവരായതുകൊണ്ടു ഹിൽസ്റ്റേഷനുകളിലേക്കു (സുഖവാസസ്ഥലങ്ങൾ) അയയ്ക്കണമെന്നു കാഷ്മീറിലും ലും വടക്കുപടിഞ്ഞാറെ പ്രവിശ്യലും നിന്നുള്ള അഭയാർത്ഥികൾ ആവശ്യപ്പെടുന്നു. “ഞാൻതന്നെ ഒരു കാഷ്മീർകാരനാണ്. എനിക്കും ഈ ചൂടിൽനിന്നു രക്ഷനേടിയാൽകൊള്ളാമെന്നുണ്ട്. എന്നാൽ കർത്തവ്യബോധം എന്നെ അതിനു് അനുവദിക്കുന്നില്ല” എന്നു പണ്ഡിതനെഹ്റു പ്രസ്താവിച്ചു. കാഷ്മീറിൽനിന്നുള്ള അഭയാർത്ഥികളെ അവരുടെ ഗൃഹങ്ങളിലേക്കു തിരിച്ചയയ്ക്കണമെന്നു് അദ്ദേഹത്തിനു് ഉൽക്കണ്ഠയുണ്ട്. ആലിബെഗ്, മുസഫർപൂർ, മിൽപൂർ എന്നിവിടങ്ങളിൽനിന്നുള്ള ജനങ്ങളെ അവരുടെ ഭവനങ്ങളിലേക്കു തിരിച്ചയയ്ക്കുവാൻ ഇപ്പോൾ സാധിക്കുകയില്ല. അതിനുള്ള കാരണം ആ പ്രദേശങ്ങൾ ഇപ്പോഴും യുദ്ധമേഖലയിലാണെന്നുള്ളതാണ്. എന്നാൽ അവരെ കാഷ്മീറിന്റെ മറുഭാഗങ്ങളിലേയ്ക്കു തീർച്ചയായും അയയ്ക്കാം. കഴിയുന്നതുംവേഗം അങ്ങനെ ചെയ്യാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുമുണ്ട്. കാഷ്മീറിൽ ഷേക്ക് അബ്ദുള്ള മേധാവിയായ ഒരിടക്കാലഗവണ്മെന്റു രൂപവല്ക്കരിച്ചിട്ടുണ്ട്. പാകിസ്ഥാനിലും അതിനപ്പടിഞ്ഞാറുള്ള പ്രദേശത്തിലും നിന്നുള്ള ആക്രമണകാരികൾക്കെതിരായി അവർ ഒരു സ്വാതന്ത്ര്യസമരം നടത്തിക്കൊണ്ടിരിക്കുകയാണ്. അക്രമികൾ തങ്ങളുടെ വീട്ടുകൾ കൊള്ളയടിച്ചു നശിപ്പിക്കയും തങ്ങളുടെ സ്ത്രീജനങ്ങളുടെ അഭിമാനത്തെ കയ്യേറുകയും ചെയ്തു. തങ്ങളെല്ലാവരും കാഷ്മീറിൽ തിരിച്ചുചെന്നു സഹസ്രക്കണക്കിനു് ആ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കേണ്ടതു യഥാർത്ഥത്തിൽ അഭയാർത്ഥികളുടെ കർത്തവ്യമാണ്.

പണ്ഡിതനെഹ്റു ഇപ്രകാരം ഉപസംഹരിച്ചു:— “ഇൻഡ്യാഗവണ്മെന്റായിരിക്കുന്ന ഞങ്ങൾ ജനങ്ങളെ പ്രതിനിധീകരിക്കുന്നു. ഞങ്ങൾ നിങ്ങളെ പ്രതിനിധീകരിക്കുന്നു. ഞങ്ങളിൽ വിശ്വാസമുണ്ടായിരിക്കുക. ഇന്നത്തെ പരിതസ്ഥിതികളിൽ ഏററവും ഉത്തമമായിട്ടുള്ളതു് ഞങ്ങൾ ചെയ്യുന്നതാണ്. പരമാർത്ഥത്തിൽ ഇതിൽ നിന്നൊക്കെവിട്ടു് ഒരു വാനപ്രസ്ഥൻ ആകട്ടെയോ എന്നു പലപ്പോഴും എനിക്കു തോന്നത്തക്കവിധം നമ്മുടെ പ്രയാസങ്ങൾ അത്ര വൻപിച്ചതായിരിക്കുന്നു. എന്നാൽ ഈ ത്രിവർണ്ണപതാകയിൻകീഴിൽ എന്റെ അന്ത്യശ്വാസംവരെ ഇന്ത്യയെ സേവിക്കുവാൻ ഞാൻ പ്രതിജ്ഞചെയ്തുപോയി. ആ പ്രതിജ്ഞതന്നെ ഞാൻ മഹാത്മാഗാന്ധിയ്ക്കും നൽകിയിരുന്നു. നിങ്ങളെ സേവിക്കുവാനുള്ള സന്ദർഭം എനിക്കു നൽകുക. എന്നാൽ എനിക്കു നിങ്ങളുടെ സഹകരണംകൂടി വേണ്ടിയിരിക്കുന്നു. ഞാനൊററയ്ക്കു ഈ ഭാരം വഹിക്കുന്നതിനു ഈ ക്യാമ്പിലെയും വെളിയിലെയും എല്ലാ അഭയാർത്ഥികളുടെയും സഹകരണം വേണ്ടിയിരിക്കുന്നു.”

ശ്രീ വിനോബാഭാവെ, ശ്രീ: പ്യാരിലാൽ, ശ്രീ: വി. ഡി. ഭണ്ഡ്യാഗി എന്നിവർ പണ്ഡിതനെഹ്റുവിനെ അനുഗമിച്ചിരുന്നു. ഈ ക്യാമ്പിലെ നാലുപട്ടണങ്ങളിലും അദ്ദേഹത്തെ കൊണ്ടുനടന്നു കാണിച്ചു. റോഡിന്റെ ഇരുപാർശ്വങ്ങളിലും തിങ്ങിക്കൂടിയിരുന്ന ജനക്കൂട്ടത്തിന്റെ മദ്ധ്യേക്കൂടി അദ്ദേഹം കുരുക്ഷേത്രത്തിലെ പരിപാടി മൂന്നുമണിക്കൂർകൊണ്ടു പൂർത്തിയാക്കി. ശരീരത്തിൽ മുറുകികിടക്കുന്ന പൈജാമ ധരിച്ച ജമ്മുവിൽനിന്നുള്ള അഭയാർത്ഥികൾതൊട്ടു് ശ്ലഥമായി കിടക്കുന്ന വസ്ത്രങ്ങൾ ധരിച്ച അതിർത്തിദേശക്കാർവരെയുള്ളവരടങ്ങിയിരുന്ന ആ ജനസമൂഹം ആകർഷകമായ ഒരു കാഴ്ചതന്നെയായിരുന്നു. പത്തുപേരടങ്ങിയ ഓരോ സംഘവും ഒരു ത്രിവർണ്ണപതാക പാറിച്ചിരുന്നു.

പണ്ഡിതനെഹ്റു സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള ആശുപത്രികളും പകർച്ചവ്യാധിക്കു ചികിത്സിക്കുന്ന ആശുപത്രികളും മാതൃശുശ്രൂഷയും ശിശുശുശ്രൂഷയും കേന്ദ്രങ്ങളും സന്ദർശിച്ചു. പരിശീലനം നടത്തുകയും പരിശീലനം നൽകുകയും ചെയ്യുന്ന ഏകദേശം ആയിരത്തിൽപരംപേരടങ്ങിയ തൊഴിൽപരിശീലനകേന്ദ്രങ്ങളാണ് പിന്നീടു് അദ്ദേഹം സന്ദർശിച്ചതു്. അദ്ദേഹം ക്യാമ്പ്കമാൻഡറുമായും ഡെപ്യൂട്ടികമ്മീഷണറുമായും ദന്ത്യാശേ[illegible]യുമായും മററും ക്യാമ്പിലെ കാര്യങ്ങളെപ്പററി ചർച്ച ചെയ്തു. തനിതനിയായും നിവേദകസംഘമായും തന്നെ കാണാൻവന്ന അഭയാർത്ഥികളുടെ അവശതകളെല്ലാം അദ്ദേഹം ക്ഷമാപൂർവം കേട്ടു. ക്യാമ്പിൽ പ്രവർത്തനം നടത്തുന്ന നാലാം ജൻഡാമെറിക്കൂട്ടിണിയും സെന്റ് ജോൺസ് ആംബുലൻസ് വിഭാഗവും ചേർന്നു പ്രധാനമന്ത്രിക്കു ഒരു ഗാർഡ് അഫ് ആണർ നൽകുകയുണ്ടായി. (എ. പി.)

—o—

# മോചനം

—o—

## ൧൭ തടവുകാർക്ക്

തിരു: മീനം ൨൯—ജനകീയമന്ത്രിസഭാഭരണം കയ്യേററതുസംബന്ധിച്ചു് ൧൭ തടവുകാരെ സെൻട്രൽജയിലിൽനിന്നു മോചിപ്പിച്ചിരിക്കുന്നതായി ഒരു പ്രസ്സ്നോട്ടു പുറപ്പെടുവിച്ചിരിക്കുന്നു. (സ്വ—ലേ

—:*:—

## നിശ്ചലകരാർ റദ്ദുചെയ്യുക

—o—

### ഹൈദ്രബാദിനെതിരായി നടപടിയെടുക്കണമെന്നു് അരുണാ

ഷോലാപ്പൂർ ഏപ്രിൽ ൮—ഹൈദ്രബാദുമായുള്ള നിശ്ചലകരാർ ഉടനടി റദ്ദുചെയ്യണമെന്നും ഹൈദ്രബാദിനെതിരായി ശക്തിയായവിധത്തിൽ സാമ്പത്തികനടപടിയെടുക്കണമെന്നും ഇവിടെവച്ചു ഒരു പൊതുയോഗത്തിൽ ചെയ്ത പ്രസംഗമദ്ധ്യേ മിസ്സിസ് അരുണാആസഫ്അലി പ്രസ്താവിച്ചിരിക്കുന്നു. (എ. പി.)

—o—


# ടാക്കീസ്

**കൊല്ലം ലക്ഷ്മിടാക്കീസിൽ**

സുരയ്യാ, മോതിലാൽ, കരൻദിവാൻ അഭിനയിച്ച

**ദോ-ദിൽ**

എന്ന ഹിന്ദിചിത്രം

**ചവറ കെ. സി. ടാക്കീസിൽ**

റ്റി. എസ്സ്. ബാലയ്യാ, എം. എൻ. പെരിയനായകി, എം. എസ്സ്. വിജയാൾ മുതലായവരഭിനയിച്ച

**ചെമ്പകവല്ലി**

മഹത്തായ രണ്ടാംവാരം

**ചവറ സുദർശനാടാക്കീസിൽ**

റ്റി. ആർ. മഹാലിംഗം, ബി. ആർ. പന്തലു, ശാരംഗപാണി, റ്റി. ആർ. രാമചന്ദ്രൻ, റ്റി. എ. ജയലക്ഷ്മി, ബേബികമല മുതലായവർ അഭിനയിച്ചതു്.

**നാം ഇരുവർ**

**ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ**

മഹത്തായ രണ്ടാംവാരം

കണ്ണൻ, ലീല, അങ്കമുത്തു കൃഷ്ണൻ, മധുരം; കാളി എൻ. രത്നം നടിച്ച

**“ദേവദാസി”**

കേരളത്തിലെ പ്രഥമപ്രദർശനം


**ആലപ്പുഴ**

**ശ്രീമാട്ടി ടാക്കീസിൽ**

പി. എസ്സ്. ഗോവിന്ദൻ, വി. എൻ. ജാനകി, കാളി എൻ രത്നം, വരലക്ഷ്മി ടി. എസ്സ്. ദൊരരാജ്, ഗണേശഭാഗവതർ മുതലായവർ അഭിനയിച്ച

**1000 തലൈവാങ്കി അപൂർവചിന്താമണി**

(തമിഴ് ചിത്രം)




# ദേശസേവിക

—ം—

ഗ്രന്ഥകർത്താ, അക്കിത്തം
മംഗളോദയം തൃശ്ശൂർ
വില അണ 8.

ഭുവികിന്നിതളടിച്ചുനീക്കമ-
ബ്ബാലഭാനുവിനെ നോക്കിയേകയായ്
ഓട്ടമേഞ്ഞ കുടിലിൻെറ തിണ്ണയിൽ
ചാരിനില്പിതൊരുകാലിലോമലാൾ.

ശ്രീ. അക്കിത്തത്തിൻെറ കവിതാദേവി, ദേശസേവികചമഞ്ഞു നില്ക്കുന്ന നില്പാണ് മേൽകാണിച്ചിരിക്കുന്നതു്. ഇതാണ ദേശസേവികയിലെ ആദ്യപദ്യം. ദേശസേവികയെ ഒരുകാലിൽനിർത്തി ശ്രീ. അക്കിത്തം ആരംഭിക്കുന്ന കവിതാസർക്കസ്സ് രസംപിടിക്കുന്നില്ലേ. ഇങ്ങനെയാണ കവിതയ്ക്കു പുതുമവരുത്തേണ്ടതു്. ഓടുമേഞ്ഞ കുടിൽ, ഇന്നു കുടിലിനെക്കുറിച്ചുള്ള കവിതകളാണ് ആവശ്യം എന്ന നവീനപക്ഷത്തെ തൃപ്തിപ്പെടുത്താൻവേണ്ടി അദ്ദേഹം സ്വീകരിച്ചതാണ്. ഒരു കുടിൽ എന്നു കേൾക്കുമ്പോൾ നമുക്കുണ്ടാകുന്ന പ്രതീതിക്കു ഈ ഓടുമേച്ചിൽകൊണ്ടു അല്പം ശൈഥില്യം സംഭവിച്ചുപോകുന്നു. ഈ കുടിലിനെ തുടർന്നു വർണ്ണിക്കുന്ന ഒരു ഘട്ടത്തിൽ,

ആ മനോഹരിയിരിക്കയാണതൻ
പൂമുഖത്തറയിലിട്ടകട്ടിലിൽ

എന്നു എഴുതിത്തള്ളുമ്പോളുള്ള ഔചിത്യരാഹിത്യവും കവിക്കു വന്നുപോയിട്ടുണ്ടു്.

മൂകമസ്സദനമാന്ന മേൽപുര-
ക്കോടിതന്നിടത്തുമ്പിലുണ്ടിതാ
ദീനമായ്ക്കുറുകിടുന്നൊരമ്പല-
പ്രാവതിന്നിണ മറഞ്ഞതെങ്ങുവാൻ?

ഈ ശ്ലോകത്തിലെ പൂർവ്വാർദ്ധം കരകങ്കണന്യായേന ഭംഗിയാക്കുന്നുവെന്നു വേണം പറയുവാൻ.

ചാണകം മെഴുകിയിട്ടിരിക്കയാം
നാലുകോൽചതുരമാകുമങ്കണം
ആയതിൻകരളിലുജ്ജ്വലദ്രോമന-
പ്പൂവണിഞ്ഞ ചെറുപിച്ചകത്തടം

യഥാതഥവർണ്ണനയെന്ന ഭാവത്തിൽ കവി സ്വീകരിച്ചിരിക്കുന്ന ഈ പ്രതിപാദനരീതി മുഖ്യാർത്ഥത്തെ സാധിക്കുന്നതിൽ അസമർത്ഥമായിത്തീർന്നിരിക്കുന്നുവെന്നതിൻെറ ലക്ഷ്യം ഈ ശ്ലോകത്തിലും പ്രത്യക്ഷപ്പെട്ടുകതന്നെ ചെയ്യുന്നു.

മാർവെന്തു കണയാൽമുറിഞ്ഞിതാ
പൂവലാംഗി തളിർത്താരാനിൻചൊടി
ഖേദിയായ്ക നിണമൊപ്പിടാം ഹിതം
പോലെയെൻെറ കവിളത്തുതാൻപ്രിയേ

കവിയുടെ രസാത്മകചിത്തവൃത്തി ആവിഷ്കരിക്കുന്നവിധമാണ ഈ പദ്യത്തിൽ. ശൃംഗാരത്തിൻെറ സഹജരസികത, നിണമൊപ്പിടാം എന്ന ബീഭത്സവൃത്താന്തംകൊണ്ടു കവി രസവിച്ഛിത്തിവരുത്തുകയാണ ചെയ്യുന്നതു്.

ചിത്രവർണ്ണപരാഗഭാവരാമിഷൽ
പുഷ്പകീർണ്ണമധുമാസസന്ധ്യകൾ
വന്നിറിനയവരക്കമിന്നമ-
ന്നൊങ്ങൾമുളിയൊരു രാഗഗീതികൾ.

ശ്രീ അക്കിത്തത്തിൻെറ കവിതാദേവി അറിയാതെ ഒരു കിലുക്കിച്ചുകൈവളത്തി നമ്മെ ഈ ശ്ലോകത്തിൽ രസിപ്പിച്ചുകളയുന്നു. പരിണാമരമ്യയായ മധുമാസസന്ധ്യ ആ കവിതാപ്രവാഹത്തിൽ അലിഞ്ഞുചേർന്നു ആസ്വാദ്യമധുരിമ പകർന്നുതരുന്നു. പക്ഷേ, രാഗഗീതി അയവിറക്കുന്നതെങ്ങനെയോ? ദേശസേവിക ഒരു ഖണ്ഡകാവ്യമാണ്. ഇതിവൃത്തം കല്പിതവുമാണ്.

മാതൃഭൂമിയെ വിമുക്തയാക്കുവാൻ
വീരരാടേററടരിലാർമരിച്ചുവോ

ആ സുധീരപതിയെ സ്മരിച്ചുനില്ക്കുന്ന വിധത്തിലാണ് ദേശസേവികയെ കവി നമുക്കു പരിചയപ്പെടുത്തിത്തരുന്നതു്. അങ്ങനെ ദേശാഭിമാനവിജൃംഭിതനായ പതിയുടെ നഷ്ടത്തിൽ കരഞ്ഞും വേദിച്ചും കഴിയുന്ന സതി, ചക്രയുമായി കഴിയുന്ന കാഴ്ചയാണ് രണ്ടാം ഭാഗത്തിൽ. അതൊരു സംഭവകഥനമെന്നതിൽ കവിയ്ക്കൊന്നും സാധിക്കുന്നില്ല. മൂന്നാം ഭാഗത്തിൽ ഒരു ശൃംഗാരമണ്ഡപത്തിനുള്ള രസക്കൂട്ടുകൾ കവി അവിടവിടെ വിതറിച്ചുതുടങ്ങുന്നു.

ചെന്നിറത്തിലവനിട്ടതൊപ്പിതൻ
ചെന്നിയിൽ കലഴപത്തിമൂന്നമായ്

ആ രംഗത്തു ആവിർഭവിക്കുന്ന ആളെ കവി നമുക്കു പരിചയപ്പെടുത്തിത്തരുന്നതു് ഈ ഭാഷയിലാണ്. യുവലോകഹൃത്തിൽ വൻതേക്കൊഴിച്ചു കോലയാളിയായ അവനെ ക്രമേണ സ്വകാന്തൻെറ നിലയിൽ ദേശസേവിക കാണുന്നു. കാണുക മാത്രമല്ല അതൊരു അനുരാഗകഥയായി മാറുകയുംചെയ്യുന്നു. അങ്ങനെ ഒരു സന്ദർഭം കിട്ടിയതു ഈ ദേശസേവികയും രസികനായ നമ്മുടെ കവിയും തീരെ വിട്ടുകളയുന്നില്ല. നോക്കുക.

വക്കിൽവാരൊളികലർന്ന രണ്ടുവെൺ
കൊച്ചുകാറകളിണങ്ങുമങ്ങനെ
വിസ്തൃതാമലനഭസ്സിലൂടെ പോം
പോക്കിൽ നീലനയനം ചരിക്കവേ
നാഥനാന്ന വിരിമാർത്തടത്തിലെ
സ്വേദസങ്കരിതരോമപാളിയിൽ
തുവിരൽത്തുടുനഖങ്ങളോറി

അങ്ങനെ ആ രംഗം കൊഴുപ്പിക്കുന്നു. പ്രേമസാഗരതരംഗമാലകൾ മറമുള്ള രീതിയിൽ കവിയുടെ ശയ്യാപ്രസരം അവിടെ കൊട്ടയിരിക്കുള്ളുന്നു. ആറാംഖണ്ഡത്തിൽ ആ ഭടൻ യുദ്ധരംഗത്തിലേക്കു പോകാൻ നിർബ്ബന്ധിതനാകുന്നു. ജനകീയവിപ്ലവത്തിൽപെട്ടു അയാൾ കഥാവശേഷനാകുന്നു. അതോടുകൂടി അവൾ ചക്കയെ ചവിട്ടിത്തള്ളുന്നു. പക്ഷേ, ദേശീയപ്രവർത്തനത്തിനു മുന്നിട്ടിറങ്ങുവാൻ തരിക്കുന്ന അവളുടെ കയ്യിൽ ഒരു കൊച്ചുജീവിതം സമർപ്പിക്കപ്പെടുകയും അതിൻെറ പുഞ്ചിരിപ്പൊലിമയിൽ അവൾ അലിഞ്ഞുചേരുകയുമാണുണ്ടാകുന്നതു്. നിങ്ങൾ മനുഷ്യത്വമാവിനെ സ്നേഹിക്കൂ എന്ന മഹാസന്ദേശമാണ് കവി ഇതുകൊണ്ടു സാധിക്കാനുദ്ദേശിക്കുന്നതെന്നു വിളിച്ചുപറയുന്നു. അതിക്കവിതകൊണ്ടു നിങ്ങൾക്കു ബോധപ്പെടുന്നില്ലെങ്കിൽ നിങ്ങളുടെ ആസ്വാദനപുണ്യത്തെ അദ്ദേഹം കുറ്റപ്പെടുത്തും. രണ്ടുകൊല്ലം മുമ്പു എഴുതിയ ഈ കവിത അതിനുള്ള കമ്പമാണെന്നു ശ്രീ. അക്കിത്തം പറയുന്നതു പ്രതിപദം പരമാർത്ഥമായിട്ടുണ്ടു്.

സി. എം. പി.

—ം—

# ഭാര്യ

—ം—

വയലാർ രാമവർമ്മ

ഇന്നലെ വെളുപ്പിനെൻ
വീടിൻെറ മട്ടുപ്പാവിൽ
നിന്നൊരാളെന്നെശ്ശകാ-
രിച്ചതായോർക്കുന്നില്ലേ?
അവളാരാണെന്നല്ലേ
നിങ്ങൾ ചോദിച്ചു, പതി-
വ്രതയാമെൻഭാര്യയെ
കണ്ടിട്ടില്ലെന്നോ നിങ്ങൾ?
നിങ്ങളെന്തിനു പൊട്ടി
ച്ചിരിച്ചു, ജീവൽപ്രശ്ന
സംഗരങ്ങളിൽത്തോററ
നിസ്സഹായതകാൺകെ?
നിങ്ങളിൽപ്പലരുംചേർ-
ന്നാഞ്ഞു കൂവുമ്പോൾമാത്ര-
മിങ്ങനെ തലയാ-
ത്തലറിച്ചിരിയ്ക്കും ഞാൻ;
സമുദായമേ പേർത്തും
നീ ജയിച്ചല്ലോ, ചിത്ത-
ഭ്രമമാണെനിയ്ക്കെന്ന
രോഗം നീ വിധിച്ചപ്പോൾ!
ക്രൂരമാം തവ 'സദാചാര
നീതികൾ' വെന്തു
നീറിന ചിതയിൽ ഞാ-
നെൻെറ ജയസ്തംഭം നാട്ടും!
വരുന്നു, വരുന്നു ഞാൻ;
നീ ചിരിയ്ക്കുണ്ടോ, നിൻെറ
വിരുന്നും ക്രീഡാവിഭ
വങ്ങളും തകർക്കുവാൻ!
ഭ്രാന്തനാം,—ഞാനതേ മുഴു
ഭ്രാന്തനാണല്ലോ ഞാൻ,—എൻെറ
സ്വാന്തഗർജ്ജനം നിങ്ങ
ളാരാനും കേട്ടിട്ടുണ്ടോ?
എൻകഥ പറഞ്ഞു ഞാൻ
കേൾപ്പിയ്ക്കാം,—ഒരുപക്ഷേ
നിങ്ങളിലൊരുത്തനും
നില്ക്കുകില്ലതു കേൾക്കാൻ!
അന്നൊക്കെ 'അനുരാഗം',
'പ്രേമ',മീവിധവങ്ങ-
ളെന്നിലെന്താശാമായി
കോൾമോദം രചിച്ചെന്നോ?
അങ്ങനെ വിവാഹിത
നായി ഞാൻ, ദാമ്പത്യത്തിൽ
രംഗമണ്ഡപങ്ങളിൽ
പ്പന്താടിക്കളിയ്ക്കുവാൻ!
ആ നാട്ടിലിടപ്രഭു
വാണ ഞാൻ, ധനമദ
മാനിയാമെനിയ്ക്കെങ്ങാ
നെന്നൊരു പരാജയം?
ചുരുക്കിപ്പറഞ്ഞേക്കാം!
വിശ്വസിച്ചുപോയ് നാട്ടിൽ
ചുരുക്കം ചിലരെ ഞാൻ,—
നതിലൊന്നാണെൻ ഭാര്യ!!

# ഹതവിധിക്ക്

—ം—

വരിഞ്ഞം രാഘവൻപിള്ള

ഹതവിധേ! ഞാൻ മറന്നിടാറില്ല നീ
ചതിവുകാട്ടാൻ മടിക്കയില്ലെന്നെടോ
നൊടിയിടയിലെൻ ജീവിതത്തിന്നടി-
ത്തറയിടിച്ചു പൊളിച്ചു നീ പോയിടാം
ഇതുവരെ ഞാൻ വളർത്തിയ ജീവിത-
ത്തരുവിൽ നീയിടിത്തീവരിപ്പിച്ചിടാം
ഹൃദയവീഥിയിൽ മൊട്ടിട്ടുനിന്നിടും
ലതകളെല്ലാമരിഞ്ഞു നീ വീഴ്ത്തിടാം
ചിറകരിഞ്ഞെന്നെ,യങ്ങാംപറക്കവേ
തറയിൽവീഴ്ത്തി നീ തുള്ളിക്കളിച്ചിടാം
ഇതുവരെപ്പടുത്തുള്ളൊരെൻ ജീവിത-
ച്ചെറുവരമ്പുമറിച്ചെട്ടുമുക്കിടാം
ഉടയവരെയെൻ കൺമുന്നിൽവച്ചു നീ-
യപഹരിച്ചു കരയിച്ചുപോയിടാം.
ഭയമെനിക്കുണ്ടു നിന്നെയോർക്കുമ്പൊഴെ,
ന്നരികിലാരെങ്കിലുമൊന്നുന്നവേ
ചിരിവരുന്നില്ലെനിക്കു നീ കാരണം
കരൾകുളുർക്കെയെൻ തോഴരേതുമ്പൊഴും
അരുതെനിക്കൊന്നുമോതിടാൻ വച്ചു നീ
വിവരമില്ലാതരികിൽമേവീടിനാൽ
കിളികളങ്ങനെ പാടിട്ടുന്നീവിധം
കളവിൽ നീ മയാളിഞ്ഞെങ്ങാം നടക്കവേ
പുതുമണംപൂണ്ട മാമലരങ്ങനെ
കുതുകമൊട്ടുവിടരുന്നെടോ വിധേ!
പവനനെങ്ങനിടയിലെടവന്നിടും?

ഹൃദയമുള്ളവരെക്കണ്ടിടുമ്പൊഴെൻ
ഹൃദയമൊന്നുവിടർന്നങ്ങുമാധ്രുവം
കഠിനകാരിയാം നിന്നെയോർക്കുംവിധേ
കരയുകല്ലാതെ മറ്റൊന്നു ചെയ്തിടും!
വഴിപിഴച്ച നീ കാരണമാക്കമീ
വഴിനടക്കാൻ വിഷമമത്രേതുലോം
കരളിലെത്ര കരുണയില്ലാത്ത നീ
കരുവുകത്തിയിറക്കുമെന്നോടാ വിധേ!
മുലകുടിക്കുന്നപൈതൽനിലവിളി-
ച്ചലിവെഴാത്ത ശിലയലിയിക്കുവാൻ
ഹതവിധേ!യതിൽ പൊറമ്മയെപ്പിടി-
ച്ചുടിയറവച്ചിടും മൃത്യുവിനു നീ
എവിടെ നോക്കുമക്കുഞ്ഞതിന്നോമന-
ജ്ജനനിയെക്കണ്ടിടാൻ—നിൻെറ വിക്രമം!
ഭുവനമീമട്ടലങ്കോലമാക്കുവാൻ
പ്രണയമണ്ഡപം പട്ടടയാക്കുവാൻ
ഒരു നെറിയും കുറിയുമില്ലാതെയാ-
രിവിടെ നിന്നെപ്പറഞ്ഞയച്ചു ബലാൽ?
കൊടിപിടിക്കുന്നീ, ഞങ്ങളയച്ചിടും
നെടിയ നിശ്വാസമേറെപ്പാറട്ടു!
പതിലസിക്കുനീ, മൃത്യുമൊത്തു വ-
ന്നരുളയായിട്ടു മുട്ടിവിടാരെയും.
ചിരിവരുന്നെനിക്കെന്നെ മറിക്കുവാൻ
പുറകിൽ നീ നടക്കുന്നുവെന്നോർക്കവേ
അറിയുക നീയെനിക്കു നിന്നെക്കുറി-
ച്ചധകമൊന്നും ഭയക്കുവാനില്ലെടോ!

—ം—

# *ശ്രദ്ധാഞ്ജലി

വി. കെ. മൂത്തതു്

ഏതൊരു ശക്തിയിയന്നെഴുനേററിഹ മുന്നിലുയന്നു ലസിപ്പൂ നാം
ഏതൊരു ശക്തിയിയന്നു മുഴക്കീ ഭീകര രണഹുങ്കാരം നാം
കടന്നു ജീവിതരായും ഹാ മൃതരായും ശതശത ദുരിതം നാം
ഹാടക വിജയകിരീടം നേടി വിഭൂഷിതയാക്കീ ജനനിയെ നാം
സ്വതന്ത്രരായ് നരവംശത്തിനു മഹദുദാരം താൻ നൽകീ നാം
ഗതമത്തു; ശാന്തിസ്ഫുരണവു മുൽഗതി വിഗ്രഹവും ഉദ്ധാരം
ഗതമായ് സത്യമതിന്നമല പ്രഭ യഹിംസതൻ നവമവതാരം
പതിത, നിനക്കു ലഭിച്ചതുമെന്തേ ഹനിയ്ക്കയാലേ തൽ പ്രാണൻ
ഭൂലമേ നീ ഖണ്ഡഖണ്ഡമായ്തീരിനി മേലിൽ ബലമതുളാൻ
പാതകി തൻ കൈ ലയേല്പതു മെങ്ങീയമരാത്മാവിൽ ലവലേശം
വാഴ്ത്തുവിളിപ്പതു ചൈത്യൻ നമ്മുടെ പരമാത്മീയത തന്നംശം
പോരിക നീയേ യാത്മാർത്ഥതകാ; ചണ്ഡവതേ മേയ്ക്കുയരുന്നു
നേരിൽ നിന്നോട്ടു നില്പതു നാല്പതുകോടി ഗാന്ധിമാരിന്നു
ഗാന്ധിജി തൻ വരസൂക്തികളെല്ലാമെളുവേ പൂർത്തിവരുത്തുക നാം
ഗാന്ധി പ്രതിമകളാക്കുകയീ നവ രാഷ്ട്രത്തിൻ കണകണവും നാം

* ഹിന്ദിയിൽനിന്നു്

ഹിന്ദി സ്വയംശിക്ഷക്
വില രൂപാ ഒന്നര
മാനേജർ, ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.

(തുടർച്ച)

ഇന്ദ്രിയനിഗ്രഹത്താൽ ഇന്ദ്രിയങ്ങളെ വിശേഷിച്ചും കർമ്മേന്ദ്രിയങ്ങളെ ഒരുവിധം നിയന്ത്രണാധീനങ്ങളിൽ വരുത്താമെങ്കിലും ഒരുവൻെറ 'രസം' അതായതു വാസന അഥവാ സംസ്കാരം (രാഗം അഥവാ ഇച്ഛ) സാധൂലമെങ്കിലും ശേഷിച്ചതായിരുന്നാൽ ഇന്ദ്രിയനിഗ്രഹം കൊണ്ടു സിദ്ധിക്കുന്ന ശക്തികൾ ഭഗ്നപ്പെട്ടുപോകുന്നതിനും മൂന്നാമദ്ധ്യായം ആറാംശ്ലോകത്തിൽ പറഞ്ഞപ്രകാരം മിഥ്യാചാരനായിത്തീരുന്നതിനും ഇടയായേക്കാവുന്നതാണ്. അതുനിമിത്തം ഇന്ദ്രിയനിഗ്രഹത്തോടുകൂടി മനോവാസനകളെ അഥവാ ബുദ്ധിയെക്കൂടി പരിശുദ്ധമാക്കുകയും വേണം. അങ്ങിനെ ബുദ്ധിനിർമ്മലവും സമവുമാകുന്നതിനു സർവ്വഭൂതൈക്യസാക്ഷാൽകാരംവേണമെന്നു ആറാമദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ ഈ ബ്രഹ്മാത്മൈക്യജ്ഞാനത്താൽ പരമേശ്വരൻെറ ഏററവും പരിശുദ്ധസ്വരൂപത്തെ സാക്ഷാൽകരിക്കാതെ വാസന സമ്പൂർണ്ണപരിശുദ്ധമാകുവാൻ അസാദ്ധ്യമാണ്. ഈ വിഷയവാസന അതായതു 'രസം' മനസ്സിൽനിന്നും നിശ്ശേഷം കളയുന്നതിന് പരമേശ്വരനെ സാക്ഷാൽകരിക്കണമെന്നു മുമ്പെതന്നെ പറഞ്ഞിട്ടുള്ളതിപ്രകാരമാണ്.

'വിഷയാ വിനിവർത്തന്തേ
നിരാഹാരസ്യ ദേഹിനഃ
രസവർജ്ജം രസോപ്യസ്യ
പരം ദൃഷ്ട്വാ നിവർത്തതേ,

അതായതു വിഷയങ്ങളെ ഭുജിക്കാത്ത മനുഷ്യൻ വിഷയങ്ങളിൽനിന്നും നിവൃത്തിലഭിക്കുന്നു, എങ്കിലും ഇവൻെറ 'രസം' അതായതു വിഷയവാസന ഇല്ലാതാകുന്നില്ല; എന്നാൽ ഇവൻെറ ആ രസം (വിഷയവാസന)കൂടി പരമേശ്വരസാക്ഷാൽകാരത്താൽ തീരെ നശിച്ചുപോകുന്നു. അതുകൊണ്ടു കർമ്മയോഗമനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഈ പരമേശ്വരസാക്ഷാൽകാരം സമ്പാദിക്കേണ്ട വിധികൾ ഏഴാമദ്ധ്യായം മുതൽ വിവരിച്ചിരിക്കുന്നു. 'യോഗം യുഞ്ജൻ' എന്നതിൽനിന്നും സിദ്ധിക്കുന്നതു, കർമ്മയോഗമഭ്യസിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ആ യോഗത്തിലെ ഏററവും പ്രധാനതത്വമായ സമത്വബുദ്ധി വ്യക്തമോ അവ്യക്തമോ ആയ ഉപാസനകൊണ്ടു പരമേശ്വരൻെറ സർവ്വവ്യാപക അഥവാ സർവ്വാത്മകസ്വരൂപജ്ഞാനം സമ്പാദിക്കണമെന്നും അല്ലാതെ അതിനായിട്ടു കർമ്മം ഉപേക്ഷിക്കേണ്ടതില്ലെന്നും ആ സ്വരൂപസാക്ഷാൽകാരത്തിനുള്ള മാർഗ്ഗമാണ് ജ്ഞാനവിജ്ഞാനനിരൂപണമെന്നുമാണ്. ഇനിയും പരമേശ്വരസാക്ഷാൽകാരത്തിനു വേണ്ടതായ ജ്ഞാനവിജ്ഞാനനിരൂപണത്തി

# ഗീതാധർമ്മം കർമ്മയോഗം തന്നെ


എൻ. ഗോവിന്ദപ്പണിക്കർ റിട്ട: അസിസ്റ്റൻറുപേഷ്കാർ

ലെ വിധികളെന്തെല്ലാമെന്ന് മേലുള്ള വിഷയഗ്രഹണത്തെ പ്രതീക്ഷിച്ച് ഇവിടെ ചുരുക്കിപറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഇതു മുൻപിൽ അദ്ധ്യായങ്ങളുടെ സംബന്ധത്തെ സ്പഷ്ടമാക്കുന്നതാണ്. ഇവിടെ 'ജ്ഞാന'മെന്നതു അദ്ധ്യാത്മജ്ഞാനവും വിജ്ഞാനമെന്നതു പ്രകൃതിയെപ്പററിയുള്ള അതായതു പ്രപഞ്ചസൃഷ്ടിയെപ്പററിയുള്ള ജ്ഞാനവുമാണെന്നു ആദ്യമായി ധരിച്ചിരിക്കേണ്ടതാണ്. ജ്ഞാനവിജ്ഞാനങ്ങൾക്ക് യഥാക്രമം അദ്ധ്യാത്മജ്ഞാനമെന്നും പ്രപഞ്ചസൃഷ്ടിജ്ഞാനമെന്നുമുള്ള ഈ അർത്ഥങ്ങൾതന്നെ കല്പിക്കപ്പെട്ടിരിക്കുന്നു എന്നു ഭാഗവതത്തിൽ അനാസക്തമായ സൃഷ്ടികർമ്മത്തിൻെറ ജ്ഞാനത്തേയും മററും ഉദ്ദേശിച്ചു തപസ്സുചെയ്ത ബ്രഹ്മാവിൻെറ അപേക്ഷപ്രകാരം സാക്ഷാൽ ശ്രീഭഗവാൻ 'ജ്ഞാനവിജ്ഞാന'ങ്ങളേയും മററും ഉപദേശിച്ച ഭാഗങ്ങളിൽനിന്നുംകൂടി വ്യക്തമാകുന്നതാണ്. (ഭാഗ: ൨-൯-൩൦-൩൧) ബുദ്ധി അഥവാ മനസ്സു 'രസവർജ്ജവും' (വിഷയവാസനാരഹിതവും) സമവുമാകുന്നതിനു വേണ്ടതായ പരമേശ്വരസ്വരൂപസാക്ഷാൽകാരത്തിനുള്ള പല മാർഗ്ഗങ്ങളും വിധിച്ചിട്ടുണ്ട്. ഒരിക്കൽ പരാപ്രകൃതി അപരാപ്രകൃതിഎന്ന വിഭജനനിരൂപണത്താലും വീണ്ടും അതിനെത്തന്നെ ക്ഷരാക്ഷരവിഭാഗദൃഷ്ടികൊണ്ടും വീണ്ടും ക്ഷേത്രക്ഷേത്രജ്ഞദൃഷ്ടിയാലും പിന്നെയും സാംഖ്യശാസ്ത്രത്തിലെ പ്രകൃതിപുരുഷവിഭേദത്താലുംവീണ്ടും ക്ഷരത്തിനു മൂലപ്രകൃതിയായ അക്ഷരത്തിനും അതീതനായ പുരുഷോത്തമൻെറ നിരൂപണത്താലും ഇതിനുംപുറമെ വേദോക്തമായ ബ്രഹ്മവൃക്ഷനിരൂപണത്താലും വിധിക്കപ്പെട്ടിട്ടുണ്ട്. ഈ വിധ നിരൂപണങ്ങളിൽനിന്നു സിദ്ധിക്കുന്നതു, പിണ്ഡത്തിലുള്ളതുതന്നെയാണ് ബ്രഹ്മാണ്ഡത്തിലും അതായതു ശരീരത്തിലുള്ളതുതന്നെയാണ് പ്രപഞ്ചത്തിലും എന്നാണ്. എന്നാൽ ഇപ്രകാരം പരമേശ്വരസ്വരൂപം നിരൂപിക്കപ്പെടുമ്പോൾ അതു ചിലപ്പോൾ വ്യക്തവും ചിലപ്പോൾ അവ്യക്തവുമെന്നു കാണപ്പെടുന്നു. കൂടാതെ ഈ നിരൂപണത്തിനിടയ്ക്കു ഇവരണ്ടിലുംവെച്ചു ശ്രേഷ്ഠമേതാണെന്നും ഈ ശ്രേഷ്ഠസ്വരൂപത്തിൽനിന്നു ഗൗണസ്വരൂപം എങ്ങിനെ എന്തിനായിട്ടു

എപ്പോൾ ഉണ്ടാകുന്നെന്നും മററുമുള്ള അനവധി ചോദ്യങ്ങളും പര്യാലോചിക്കേണ്ടിയിരിക്കുന്നു അപ്രകാരംതന്നെ പൂർണ്ണജ്ഞാനം (സാക്ഷാൽകാരം) സിദ്ധിക്കുന്നതിനും തന്നിമിത്തം ബുദ്ധി ഏകാഗ്രവും സ്ഥിരവും വാസനാരഹിതവും സമവും ആത്മനിഷ്ഠവുമാകുന്നതിനും വേണ്ടി അനുഷ്ഠിക്കേണ്ടതായ ഉപാസന പരമേശ്വരൻെറ വ്യക്ത (സഗുണ അഥവാ സാകാര) ഭാവത്തിലൊ അതായതു ഭക്തിമാർഗ്ഗത്താലൊ അല്ലെങ്കിൽ അവ്യക്ത (നിർഗ്ഗുണ അഥവാ നിരാകാര)ഭാവത്തിലൊ അതായതു ജ്ഞാനമാർഗ്ഗത്താലോ വേണ്ടതെന്നു തീർച്ചപ്പെടുത്തേണ്ടതായിട്ടുമുണ്ട്. പിന്നെയും ഒരേ ഒരു പരമേശ്വരൻമാത്രമേയൊള്ളു എങ്കിലും വ്യക്തസൃഷ്ടിയിൽ അതായതു പ്രപഞ്ചത്തിൽകാണുന്ന നാനാത്വം (അനേകവിധ ചരാചരങ്ങളുമായിരിക്കുന്നതു) അവ്യക്ത (മൂല) പ്രകൃതിയുടെ ത്രിഗുണങ്ങളുടേയും അവയുടെ സമ്മിശ്രണവും ഹേതുവായിട്ടുള്ളതാണെന്നും വാസ്തവത്തിൽ ഒരേഒരു പരമേശ്വരൻ മാത്രമേയൊള്ളു എന്നും ഭക്തിദൃഷ്ടിയാലും ജ്ഞാനദൃഷ്ടിയാലും സമാധാനിക്കേണ്ടിയിരിക്കുന്നു. ഈ വിഷയങ്ങളെല്ലാം യഥാക്രമം വിവരിക്കുന്നതിനു ൭ മുതൽ ൧൭ വരെയുള്ള പതിനൊന്നദ്ധ്യായങ്ങളോളം വേണ്ടിവന്നിട്ടുണ്ട്. ഈ വിഷയനിരൂപണങ്ങളുടെയിടയ്ക്കു പ്രസംഗവശാൽ പല ചില്ലറസംഗതികളും വിവരിച്ചിട്ടുമുണ്ട്. ഇങ്ങനെ നോക്കുന്നതായാൽ ധ്യാനത്തിൻെറയും ഭക്തിയുടെയും ജ്ഞാനത്തിൻെറയും പ്രതിപാദനം വന്നിട്ടുള്ളതു കർമ്മയോഗത്തിൻെറ വിധികളിൽ ഉൾപ്പെട്ട അംഗങ്ങളായിട്ടാണെന്നും അല്ലാതെ അവ സ്വതന്ത്രമാർഗ്ഗമായിട്ടല്ലെന്നും ധ്യാനം സാംഖ്യനിഷ്ഠ, ജ്ഞാനവിജ്ഞാനം, ഭക്തി എന്നിവയെപ്പററിയുള്ള ഗീതയിലെ നിരൂപണം കർമ്മയോഗനിരൂപണത്തിൻെറ പരിപൂർത്തിക്കും സമർത്ഥനത്തിനും വേണ്ടി പ്രസംഗവശാൽ മാത്രം വന്നതാണെന്നും കാണാവുന്നതാണ്. ചുരുക്കത്തിൽ മേൽവിവരിച്ച വിഷയവിശ്ലേഷണത്തിൽ നിന്നും സിദ്ധിക്കുന്നതു, ഗീത ജ്ഞാനത്തിൽ അധിഷ്ഠിതവും ഭക്തിപരമപ്രധാനവുമായ കർമ്മയോഗത്തെ സമർത്ഥിക്കുന്നു എന്നതാണ്. ഇനിയും ഈ സിദ്ധാന്തത്തെ അടിസ്ഥാനമാക്കി ജ്ഞാനവിജ്ഞാനവിഷയം വി

വിധ അദ്ധ്യായങ്ങളിൽ എങ്ങിനെ നിരൂപിക്കപ്പെട്ടിരിക്കുന്നു എന്നു നോക്കാം.

൮ൾ (അ. ൭-൧൨) ൭-ാമദ്ധ്യായത്തിൽ ക്ഷരാക്ഷരസൃഷ്ടിയുടെ അതായതു ബ്രഹ്മാണ്ഡത്തിൻെറ വിചാരം ആരംഭിച്ചിരിക്കുന്നു. ശ്രീഭഗവാൻ ആദ്യമായിട്ടു, പുരുഷനും പ്രകൃതിയുമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഈ സമസ്തജഗത്തും തൻെറ ശ്രേഷ്ഠമായ പരാപ്രകൃതിയെന്നും കനിഷ്ഠമായ അപരാപ്രകൃതിയെന്നുമുള്ള സ്വരൂപങ്ങളാണെന്നും മായാതീതമായ തൻെറ അവ്യക്തസ്വരൂപത്തെഅറിഞ്ഞു ഉപാസിക്കുന്നവർസമബുദ്ധിയേയും ഉത്തമപദത്തേയും പ്രാപിക്കുന്നു എന്നും പറഞ്ഞു, തൻെറ അവ്യക്ത അഥവാ അക്ഷരസ്വരൂപത്തെ വിവരിച്ചിട്ടുണ്ട്. അനന്തരം എല്ലാ ദേവന്മാരും ഭൂതങ്ങളും യജ്ഞങ്ങളും കർമ്മങ്ങളും അദ്ധ്യാത്മവും താൻതന്നെയെന്നു പറഞ്ഞു തൻെറ സ്വരൂപത്തെവർണ്ണിക്കയും ചെയ്തിട്ടുണ്ട്. ൮-ാമദ്ധ്യായാരംഭത്തിൽ അദ്ധ്യാത്മം അധിയജ്ഞം അധിദൈവം അധിഭൂതം എന്നിവയെന്താണെന്നു അർജ്ജുനൻെറ ചോദ്യത്തിനുത്തരമായി ശ്രീഭഗവാൻ വിവരിക്കയും തൻെറ ഈ സ്വരൂപത്തെ അറിയുന്നവരെ താൻ ഉപേക്ഷിക്കയില്ലെന്നും പറഞ്ഞിട്ടുണ്ട്. അതിനുശേഷം ജഗത്തിൻെറ അക്ഷരവും അമൃതവുമായ തത്വം എന്താണെന്നും സമസ്തജഗത്തിൻെറയും സംഹാരം എപ്പോൾ എങ്ങിനെയെന്നും പരമേശ്വരൻെറ യഥാർത്ഥസ്വരൂപത്തെ സാക്ഷാൽകരിച്ചറിഞ്ഞവരും ആ ജ്ഞാനംകൂടാതെ കാമ്യകർമ്മങ്ങളെ ചെയ്യുന്നവരും യഥാക്രമം ഏതേതു ഗതികളെ പ്രാപിക്കുന്നു എന്നും വിവരിച്ചിട്ടുമുണ്ട്. ൯-ാമദ്ധ്യായത്തിൽ അതേവിഷയം തന്നെ തുടരുന്നു. ഇപ്രകാരം സമസ്തജഗത്തും നിറഞ്ഞിരിക്കുന്ന അവ്യക്തപരമേശ്വരൻെറ വ്യക്തസ്വരൂപത്തെ ഭക്തികൊണ്ടു അനുഭവത്തിൽ പ്രത്യക്ഷീകരിക്കയും തന്നെ അനന്യഭാവേനയും സംപൂർണ്ണമായും ശരണംപ്രാപിക്കയും അഥവാ ആത്മസമർപ്പണംചെയ്കയും ചെയ്യുന്നതുതന്നെ ബ്രഹ്മപ്രാപ്തിക്കുസുലഭവും സുഗമവും പ്രയോഗികാനുഭവകരവുമായ രാജമാർഗ്ഗം അഥവാ രാജഗുഹ്യം എന്നും ശ്രീഭഗവാൻ പറഞ്ഞിട്ടുണ്ട്. എങ്കിലും ജ്ഞാനമാർഗ്ഗമോ ഭക്തിമാർഗ്ഗമൊ അനുഷ്ഠിക്കുന്നവൻ കർമ്മങ്ങളെ ചെയ്തുകൊണ്ടിരിക്കണമെന്ന കർമ്മയോഗത്തിൻെറ പ്രധാനതത്വത്തെ ഈ മൂന്നദ്ധ്യായങ്ങളിലും ഇടയ്ക്കിടയ്ക്കു പറയുവാൻ വിസ്മരിച്ചിട്ടില്ല, ഉദാഹരണമായി തസ്മാൽ സർവ്വേഷു കാലേഷുമാമനുസ്മര യുദ്ധ്യ ച (൮. ൭), 'സർവ്വകർമ്മങ്ങളേയും എന്നിൽ സമർപ്പിക്കുന്നതുകൊണ്ടു കർമ്മങ്ങളുടെ ശുഭാശുഭഫലങ്ങളിൽനിന്നു നീ മുക്തനാകും (൯. ൨൭, ൨൮) ൧൦-ാമദ്ധ്യായത്തിൽ സമസ്തജഗത്തും തന്നിൽനിന്നുണ്ടായതാണെന്നും തൻെറ സ്വരൂപമാണെന്നും മുമ്പു പറഞ്ഞിട്ടുള്ളതിനെത്തന്നെ, ജഗത്തിലെ ഓരോ ശ്രേഷ്ഠവസ്തുവും തൻെറ വിഭൂതി (അഭിവ്യക്തി അഥവാ പ്രകാശനം) ആണെന്നു പറഞ്ഞു, അനേകഉദാഹരണസഹിതം വിവരിച്ചിരിക്കുന്നു. ൧൧-ാമദ്ധ്യായത്തിൽ, ശ്രീഭഗവാൻ അർജ്ജുനൻെറ അപേക്ഷയനുസരിച്ചു തൻെറ വിശ്വരൂപത്തെ കാണിച്ച് പരമേശ്വരൻ സർവ്വവ്യാപിയും വിശ്വാത്മകനുമാണെന്ന തത്വത്തെ പ്രത്യക്ഷാനുഭവപ്പെടുത്തികൊടുത്തിട്ടുമുണ്ട്. ഇങ്ങനെകാണിച്ചു യഥാർത്ഥകർത്താവു പരമേശ്വരനാണെന്നു ബോദ്ധ്യപ്പെടുത്തിയതിനുശേഷം 'യഥാർത്ഥകർത്താവുഞാൻ, നീ നിമിത്തമാത്രം, അതിനാൽ സംശയമെല്ലാംകളഞ്ഞു യുദ്ധംചെയ്ക' എന്നുപറഞ്ഞിട്ടുമുണ്ട്. (൧൧-൩൩) ഇപ്രകാരം ജഗത്തിൽ ഒരേ ഒരു പരമേശ്വരനേയൊള്ളു എന്നു തെളിയിച്ചിട്ടുണ്ടെങ്കിലും പലടത്തും താഴെവരുന്നപ്രകാരമുള്ള വചനങ്ങളും കാണുന്നുണ്ട്. 'ഞാൻ അവ്യക്തനാണെങ്കിലും മൂഢന്മാർ എന്നെ വ്യക്തി അതായതു മനുഷ്യഭാവത്തെ പ്രാപിച്ചവൻ എന്നു വിചാരിക്കുന്നു; (൭ ൨൪) 'യദക്ഷരം വേദവിദോ വദന്തി'(൮. ൧൧), 'അവ്യക്തോഽക്ഷര ഇത്യുക്തഃ' (൮. ൨൧), എൻെറ യഥാർത്ഥസ്വരൂപത്തെ അറിയാതെ എന്നെ മനുഷ്യശരീരിയെന്നു മൂഢന്മാർ വിചാരിക്കുന്നു' (൯. ൧൧), വിദ്യകളിൽവെച്ചു അദ്ധ്യാത്മവിദ്യതന്നെ ശ്രേഷ്ഠം' (൧൦. ൩൨), 'ത്വമക്ഷരം സദസത് തത് പരം യത്' (൧൧. ൩൭), ഈ വച



ജർമ്മൻ ബോംബുപ്രയോഗത്തിൽ ഇംഗ്ലണ്ടിലെ കോമൺസ്സഭാമന്ദിരത്തിൻെറ പല ഭാഗങ്ങളും നാമാവശേഷമായി. പുതിയ കോമൺസ്സഭാമന്ദിരത്തിൻെറ പണി 1952-ൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. സാധനങ്ങളുടെ ദൗർലഭ്യമാണു താമസത്തിനു കാരണം. ജോലിക്കാരെ കിട്ടാനുള്ള വിഷമവും മറെറാരു കാരണമാണ്. വിദഗ്ദ്ധന്മാരായ തൊഴിലാളികൾ അകത്തെ കൊത്തുപണികൾ നടത്തിവരുന്നു. മന്ദിരത്തിൻെറ അകത്തെ നിർചലകകൾക്കും മററുമായി 30000 ക്യൂബിക്കടി ഇംഗ്ലീഷുഓക്ക് തടി വേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. മുകളിൽകാണുന്നതു ഗാഥറിയുടെ മുൻഭാഗത്തു വിചിത്രവേലകൾ ചെയ്യുന്നതാണ്. കോമൺസ്സഭയുടെ പുതിയ കെട്ടിടത്തിലും മുഴുവൻ അംഗങ്ങൾക്കും ഇരിക്കുന്നതിനു സ്ഥലമുണ്ടായിരിക്കയില്ലെന്നാണറിയുന്നത്.

(ഒൻപതാംപേജിൽനിന്നും തുടർച്ച)

നങ്ങളുടെ അർത്ഥം പരമേശ്വരന്റെ അവ്യക്തസ്വരൂപമാണ് ശ്രേഷ്ഠമെന്നായിരിക്കെകൊണ്ട്, അർജ്ജുനൻ ൧൨-ാം അദ്ധ്യായാരംഭത്തിൽ ശ്രീഭഗവാന്റെ വ്യക്തസ്വരൂപത്തേയോ അവ്യക്തസ്വരൂപത്തേയോ ഉപാസിക്കേണ്ടതു്, അത്ഥാൽ ഭക്തിമാർഗ്ഗമോ ജ്ഞാനമാർഗ്ഗമോ വേണ്ടതു എന്നു ചോദിക്കുന്നു. ഇതിനുത്തരമായി ഈ[illegible]യിൽ ഒൻപതാമദ്ധ്യായത്തിൽ വർണ്ണിക്കപ്പെട്ട വ്യക്തസ്വരൂപത്തിന്റെ ഉപാസന അതായതു് ഭക്തിമാർഗ്ഗംതന്നെ സുലഭവും സുഗമവുമെന്നും അവ്യക്തോപാസന അതായതു് ജ്ഞാനമാർഗ്ഗം അധികം ക്ലേശകരമെന്നും ശ്രീഭഗവാൻ പറഞ്ഞു. രണ്ടാമദ്ധ്യായത്തിലെ സ്ഥിതപ്രജ്ഞന്റെ അവസ്ഥയെപ്പോലെ ഭഗവൽഭക്തന്റെ സ്ഥിതിയെ വർണ്ണിച്ചും അദ്ധ്യായം അവസാനിപ്പിക്കുന്നു. പരമേശ്വരൻ ബ്രഹ്മാണ്ഡം അതായതു ക്ഷരാക്ഷരസൃഷ്ടിമുഴുവനും അധിവസിക്കുന്നു വ്യാപിക്കയുംചെയ്യുന്നുഎന്നു വിശ്വരൂപദർശനത്താൽ പ്രത്യക്ഷീകരിച്ചതിന്റെശേഷം ൧൩-ാം അദ്ധ്യായത്തിൽ അതേ പരമേശ്വരൻ പിണ്ഡത്തിൽ അതായതു ക്ഷേത്രത്തിൽ അഥവാ ശരീരത്തിൽ ആത്മസ്വരൂപത്തിൽ അധിവസിക്കുന്നുഎന്നും ഈ ആത്മാവിന്റെ അതായതു ക്ഷേത്രജ്ഞന്റെ ജ്ഞാനംതന്നെ പരമേശ്വരജ്ഞാനമെന്നുമുള്ള ക്ഷേത്ര-ക്ഷേത്രജ്ഞവിചാരം ചെയ്തിരിക്കുന്നു. 'അനാദിമത് പരംബ്രഹ്മ' ഇത്യാദി വചനങ്ങളെക്കൊണ്ടു ഉപനിഷത്തുകളെ പ്രമാണമാക്കി പരമാത്മാവിനെ അതായതു പരബ്രഹ്മത്തെ വർണ്ണിച്ചശേഷം ക്ഷേത്ര-ക്ഷേത്രജ്ഞവിചാരവിഷയംതന്നെ പ്രകൃതിപുരുഷന്മാരെന്ന സാംഖ്യശാസ്ത്രവിവേചനയിൽ അന്തർഭവിച്ചിരിക്കുന്നു എന്നു കാണിച്ചിട്ടുണ്ടു്. അനന്തരം പ്രകൃതിപുരുഷന്മാർതമ്മിലുള്ള ഭേദം അറിഞ്ഞിട്ടു ജ്ഞാനചക്ഷുസ്സുകൊണ്ടു സർവ്വഗതനായ നിർഗ്ഗുണപരമാത്മാവിനെ ധ്യാനംകൊണ്ടോ സാംഖ്യയോഗംകൊണ്ടോ കർമ്മയോഗംകൊണ്ടോ ഭക്തികൊണ്ടോ അറിയുന്നവൻ മുക്തനാകുന്നു എന്നു വർണ്ണിച്ചിട്ടുമുണ്ടു്. എന്നാൽ ഇതിലുംകൂടി 'എല്ലാ കർമ്മങ്ങളും പ്രകൃതിചെയ്യുന്നു. ആത്മാവു അകർത്താവാണ് എന്നറിഞ്ഞാൽ കർമ്മം ബന്ധകമാകയില്ല' എന്ന വചനത്താൽ കർമ്മയോഗത്തിന്റെ സൂത്രവും 'അന്യേത്വേവമജാനന്തഃ ശ്രുത്വാന്യേഭ്യ ഉപാസതേ' അതായതു (ധ്യാനത്താലോ, സാംഖ്യത്താലോ അതായതു ആത്മാനാത്മ അഥവാ പ്രകൃതിപുരുഷവിവേചനത്താലോ കർമ്മയോഗത്താലോ) സ്വയമേ ആത്മജ്ഞാനം സമ്പാദിക്കാൻകഴിയാത്ത മററുചിലർ മററുള്ളവരിൽനിന്നു ഗ്രഹിച്ചു ശ്രദ്ധാഭക്തിയുള്ളവരായി പരമേശ്വരനെ ഉപാസിക്കുന്നു എന്നവചനത്താൽ ഭക്തിസൂത്രവും പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്, ൧൪-ാം അദ്ധ്യായത്തിൽ ഈ ജ്ഞാനവിജ്ഞാനവിഷയം തന്നെ തുടർന്നിരിക്കുന്നു. ഒരേ ഒരാത്മാവു് അഥവാ പരമേശ്വരൻമാത്രമേ ഉള്ളു എങ്കിലും പ്രകൃതിയുടെ സത്വം രജസ്സ് തമസ്സ് എന്ന ത്രിഗുണഭേദംനിമിത്തം ജഗത്തിൽ എങ്ങിനെ നാനാത്വം അതായതു് വൈചിത്ര്യം ഉണ്ടാകുന്നു എന്നതിനെപ്പററി ഒരു വർണ്ണനയുണ്ടു്. പിന്നെയും ഇതെല്ലാം പ്രകൃതിയുടെ പ്രവൃത്തികളാണെന്നും ത്രിഗുണങ്ങളുടെ അപ്പുറമുള്ള ദ്രഷ്ടാവായ പരമേശ്വരൻ അകർത്താവാണെന്നും അറിയുകയും പരമേശ്വരനെ ഭക്തിയോടുകൂടി സേവിക്കുകയും ചെയ്യുന്നവൻതന്നെയാണ് ശരിയായ മുക്തനും ത്രിഗുണാതീതനുമെന്നു പറഞ്ഞു, ഒടുവിൽ അർജ്ജുനന്റെ ചോദ്യത്തിനുത്തരമായി, സ്ഥിതപ്രജ്ഞന്റെയും ഭഗവൽഭക്തന്റെയുമെന്നപോലെ, ത്രിഗുണാതീതന്റെ അവസ്ഥയേയും വർണ്ണിച്ചിട്ടുമുണ്ടു്. ൧൫-ാം അദ്ധ്യായത്തിൽ, ശ്രുതിഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന ബ്രഹ്മവൃക്ഷവിവരണംപോലെ, പര

## കാമൺവെൽത്തു റിലേഷൻസുവകുപ്പു് അണ്ടർസെക്രട്ടറി



ഏതാനുംമാസങ്ങൾക്കുമുമ്പ് ഇൻഡ്യ, പാക്കിസ്ഥാൻ, സിലോൺ മുതലായ രാജ്യങ്ങൾ സന്ദർശിച്ച മി. പാട്രിക്ക ഗോർഡൻവാക്കർ ൧൯൫൦ അവസാനത്തോടുകൂടി മന്ത്രിയായി നിയമിക്കപ്പെട്ടു. ൧൯൪൫-ൽ ഇദ്ദേഹം കാമൺസ്സഭാംഗമായി തിരഞ്ഞെടുക്കപ്പെടുകയും മി: ഹെർബർട്ട മോറിസന്റെ പാർലമെന്ററി പ്രൈവററസെക്രട്ടറിയായി നിയമിതനാകുകയുംചെയ്തു. യുദ്ധകാലത്തു ബ്രിട്ടീഷുപ്രക്ഷേപണവകുപ്പിൽ മി: ഗോർഡൻവാക്കർ ഉദ്യോഗംവഹിച്ചു ജർമ്മൻതൊഴിലാളികളെ അഭിസംബോധനംചെയ്തു പ്രക്ഷേപണങ്ങൾ നടത്തി. ആക്സ്ഫോർഡ് സർവ്വകലാശാലയിലെ ഒരു "ഡാൺ" ആയിരുന്നു മി: ഗോർഡൻവാക്കർ.

മേശ്വരനെ 'ഊർദ്ധ്വമൂലമധഃശാഖ'മായ ഒരു വൃക്ഷസ്വരൂപമാക്കിയ വർണ്ണനയുണ്ടു്. സാംഖ്യശാസ്ത്രത്തിൽ 'പ്രകൃതിയുടെ പ്രസ്താരം' എന്നുപറയപ്പെടുന്നതു് ഈ അശ്വത്ഥവൃക്ഷമല്ലാതെ മററൊന്നുമല്ലെന്നും ഒടുവിൽ ക്ഷരാക്ഷരങ്ങൾക്കും അതീതനായ പുരുഷോത്തമനെ അറിഞ്ഞു ഭജിക്കുന്നതുകൊണ്ടു് മനുഷ്യൻ കൃതകൃത്യനാകുന്നു എന്നും പറഞ്ഞിട്ടുണ്ടു്. ൧൬-ാം അദ്ധ്യായത്തിൽ, പ്രകൃതിയുടെ ഗുണഭേദംനിമിത്തം ജഗത്തിൽ വൈചിത്ര്യമുണ്ടാകുന്നതുപോലെതന്നെ മനുഷ്യർ ദൈവീസമ്പത്തുള്ളവരും ആസുരീസമ്പത്തുള്ളവരുമെന്നു വിഭാഗിക്കപ്പെട്ടിരിക്കുന്നുവെന്നു പറഞ്ഞു് അവരുടെ ലക്ഷണങ്ങളും കർമ്മങ്ങളുമെന്തെല്ലാമെന്നും അവർ യഥാക്രമം ഏതേതു ഗതികളെ പ്രാപിക്കുന്നുഎന്നും വർണ്ണിച്ചിട്ടുണ്ടു്. ൧൭-ാം അദ്ധ്യായത്തിൽ, അർജ്ജുനന്റെ ഒരു ചോദ്യത്തിനുത്തരമായി ത്രിഗുണാത്മികപ്രകൃതിയുടെ ഗുണവൈഷമ്യം (ഭേദം,കൊണ്ടുണ്ടാകുന്ന വൈചിത്ര്യം, ശ്രദ്ധ ആഹാരം യജ്ഞം തപസ്സ് ദാനം എന്നിവയിലും ഏതുപ്രകാരം കാണപ്പെടുന്നു എന്നതിന്റെ വർണ്ണനമുണ്ടു്. ഒടുവിൽ 'ഓം തത് സത്' എന്ന ബ്രഹ്മനിർദ്ദേശവചനത്തിലുള്ള 'തത്' എന്ന പദത്തിനു് നിഷ്കാമബുദ്ധ്യാ ചെയ്യപ്പെടുന്ന കർമ്മമെന്നും 'സത്' എന്നതിനു് [illegible], സാധ്യതം അഥവാ പ്രശസ്തകർമ്മമെന്നും അർത്ഥമാണെന്നു വിവരിച്ചു് ബ്രഹ്മത്തിന്റെ ഈ സാമാന്യനിർദ്ദേശം കർമ്മയോഗത്തെ അനുകൂലിക്കുന്നു എന്നും കാണിച്ചിട്ടുമുണ്ടു്. ചുരുക്കത്തിൽ ഈ പതിനൊന്നാദ്ധ്യായങ്ങളുടെയും താല്പര്യം, ഈ വിശ്വരൂപദർശനംകൊണ്ടും ആദ്ധ്യാത്മിക ചക്ഷുസ്സുകൊണ്ടും പരമേശ്വരനെ പ്രത്യക്ഷീകരിക്കുന്നതയാലും ജഗത്തിൽ ഒരേഒരു പരമേശ്വരനേയുള്ളുവെന്നും ശരീരത്തിൽ വസതിചെയ്യുന്ന ആത്മാവും അതായതു് ക്ഷേത്രജ്ഞനും ക്ഷരസൃഷ്ടിയ്ക്കപ്പുറമുള്ള അക്ഷരനും ആ പരമേശ്വരൻ തന്നെയെന്നും ആ പരമേശ്വരൻ ദൃശ്യസൃഷ്ടിയെ വ്യാപിച്ചും അതിനപ്പുറവുമായും സ്ഥിതിചെയ്യുന്നു എന്നും ആ പരമേശ്വരൻ ഏകനാണെങ്കിലും പ്രകൃതിയുടെ ഗുണഭേദംനിമിത്തം വ്യക്തസൃഷ്ടിയിൽ നാനാത്വം കാണപ്പെടുന്നു എന്നും ഈ മായകൊണ്ടു അഥവാ പ്രകൃതിയുടെ ഗുണഭേദംകൊണ്ടു് മനുഷ്യരുടെ സ്വഭാവത്തിലെന്നപോലെ അവരുടെ ശ്രദ്ധ തപസ്സ് യജ്ഞം ദാനം മുതലായവയിലും പലഭേദങ്ങളുണ്ടെന്നു വ്യക്തമോ അവ്യക്തമോ അതായതു സോപാധികമോ നിരുപാധികമോ ആയ ഉപാസനകൊണ്ടു അതായതു് ഭക്തികൊണ്ടോ ജ്ഞാനംകൊണ്ടോ മനുഷ്യൻ ഈ നാനാത്വത്തിലുള്ള ഏകത്വത്തെ സാക്ഷാൽക്കരിച്ചു തന്റെ ബുദ്ധിയെ സമവും സ്ഥിരവുമാക്കി വയ്ക്കണമെന്നും അങ്ങനെയുള്ള സാമ്യബുദ്ധികൊണ്ടുതന്നെ ജീവിതത്തിൽ സ്വധർമ്മമനുസരിച്ചു പ്രാപ്തമാകുന്ന കർമ്മങ്ങളെല്ലാം നിഷ്കാമബുദ്ധ്യാ കേവലം കർത്തവ്യമെന്നനിലയിൽ മാത്രം ചെയ്യുന്നതു അവശിഷ്ടമെന്നുമാണ്. ഇവിടത്തെ ഉദ്ദേശം അദ്ധ്യായങ്ങളിലെ വിഷയങ്ങളുടെ മാത്രം നിരൂപിക്കുകയെന്നതുകൊണ്ടു് അതിലേക്കാവശ്യമുള്ള ഭാഗം മാത്രമെ വിവരിച്ചിട്ടുള്ളൂ. അതിനാൽ പ്രസംഗവശാൽ ഇടയ്ക്കുവന്നിട്ടുള്ള മററു ചില്ലാസംഗതികളെ എടുത്തു വിവരിച്ചിട്ടില്ലാത്തതാണ്.

(തുടരും)


# ഏററവും പുതിയത്

1. തൂലികാചിത്രങ്ങൾ:—കമ്പളത്തു ശങ്കുപ്പിള്ള, ശ്രീകണ്ഠൻനായർ, ആർ. സുഗതൻ, ററി. വി. തോമാസ്, അക്കാമ്മ ചെറിയാൻ, പി. ററി. പുന്നൂസ്, പട്ടം താണുപിള്ള, സി. കേശവൻ, മിസ്സ് മസ്ക്രീൻ, കെ. സി. ജോർജ്ജ്, ററി. എം. വർഗ്ഗീസ്. (ഗ്രന്ഥകർത്താ പൊൻകുന്നം വർക്കി) 2 0 0
2. ദേവദാസി:—(ചെറുകഥാസമാഹാരം) വെട്ടൂർ രാമൻനായർ 1 8 0
3. എന്റെ ജയിൽദിനങ്ങൾ—(വിജയലക്ഷ്മിപണ്ഡിററ് വിവ: ഒ. കെ. നമ്പൂതിരിപ്പാട്.) 1 8 0
4. ഒരു എം. ഏ-ക്കാരന്റെ മരണവിലാപം:—(ഡാക്ടർ മുൽക്കരാജ് ആനന്ദ്. വിവ: എം. സി. നമ്പൂതിരിപ്പാട് 1 8 0
5. തൂപ്പുകാരൻ:—(ചെറുകഥാസമാഹാരം—കാരൂർ) 1 4 0
6. ഇരുട്ടിൽ:— Do 1 0 0
7. സിക്കന്തർ:—(ഗദ്യനാടകം—ഇ. എം. കോവൂർ) 1 4 0
8. ബംഗാളിലൂടെ:—(ഒരു യാത്രാവിവരണം) ,, 1 0 0
9. പെല്ലീസും മെലിസാന്ദയും:—(ഒരു ബെൽജിയൻനാടകം) വിവ: ചങ്ങമ്പുഴ 1 8 0
10. മാനസാന്തരം:—(ഒരു ജാപ്പനീസ്നാടകം) ,, 1 8 0
11. പ്രതികാരദുർഗ്ഗ:—(നോർവീജിയൻനോവൽ) ,, 2 8 0
12. പ്രൊഫസർ:—(മുണ്ടശ്ശേരി) 1 0 0
13. മൂടുപടം:—(നോവൽ—എസ്സ്. കെ. പൊററെക്കാട്ട്) 2 8 0
14. യുക്തിഭാഷ:—(വ്യാഖ്യാനസഹിതം) വ്യാഖ്യാതാക്കൾ: കൊച്ചി രാമവർമ്മമരുത്തമ്പുരാൻതിരുമനസ്സും, ശ്രീ. എ. ആർ. അഖിലേശ്വരയ്യർ എം. ഏ. എൽ. ടി-യും, കേരളത്തിലെ ഗണിതശാസ്ത്രപ്രേമികളുടേയും ഗണിതാദ്ധ്യാപകന്മാരുടേയും ശ്രദ്ധയെ ഏററവും അർഹിക്കുന്ന ഒരു ഗ്രന്ഥം.— റോയൽ 8 വലിപ്പത്തിൽ ഒട്ടാകെ 408 പേജ്. മുഴുവൻ കാലിക്കോ, ഓപ്പൺ ബയന്റ്. വില 10 0 0

മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.

സർ സ്റ്റാഫോർഡ് ക്രിപ്സ്



ബ്രിട്ടീഷ് ധനകാര്യമന്ത്രി സർ സ്റ്റാഫോർഡ് ക്രിപ്സ് അദ്ദേഹത്തിന്റെ ആദ്യബഡ്ജറ്റ് കഴിഞ്ഞ ചൊവ്വാഴ്ച കാമൺസ് സഭയിൽ അവതരിപ്പിക്കയുണ്ടായി. ഏറ്റവും വിഷമമയമായ ഒരു സാമ്പത്തികസന്ധിയിലാണ് ഇന്നു ബ്രിട്ടൻ നിലകൊള്ളുന്നതു്. വൻപിച്ച ത്യാഗങ്ങൾ ബ്രിട്ടീഷുകാർ ഇനിയും അഭിമുഖീകരിക്കേണ്ടതായിരിക്കുന്നു. ബ്രിട്ടീഷ് ജനങ്ങളുടെ ത്യാഗസന്നദ്ധതയും അമേരിക്കൻ ധനസഹായവും ഇന്നത്തെ പ്രതിസന്ധിയിൽ ബ്രിട്ടനെ രക്ഷിക്കുന്നതിനു സഹായിക്കുമെന്നു സർ സ്റ്റാഫോർഡ് വിശ്വസിക്കുന്നു. ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാരുടെ മുന്നണിയിൽ എത്തിയിട്ടുള്ള സർ സ്റ്റാഫോർഡ് വളരെ ലഘുവായ ഒരു ജീവിതമാണു നയിക്കുന്നതു്. ഒരു സസ്യഭുക്കായ ഇദ്ദേഹം ബ്രിട്ടനിലെ പ്രധാനമന്ത്രിപദം അർഹിക്കുന്നു എന്നു അമേരിക്കയിലെ സസ്യഭുക്കുകളുടെ ഒരു സംഘം അഭിപ്രായപ്പെട്ടിരിക്കുന്നു.

(ഒന്നാംപേജിൽനിന്നും തുടർച്ച)

മുസ്ലീംമതഭ്രാന്തന്മാർ ഈ രാജ്യത്തെ മുസ്ലീങ്ങളെ നശിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളായിത്തീർന്നുവെന്നു ഭാവി രേഖപ്പെടുത്തും. ആ അപരാധം ഹിന്ദുക്കളിലായിരിക്കുകയില്ല. ഹിന്ദുക്കളോടും മറ്റും യോജിച്ചു നൈസാമിനെ ബഹിഷ്കരിക്കുകയും മഹത്തായ ഇന്ത്യൻയൂണിയനിൽ രാജ്യത്തെ ലയിപ്പിക്കുകയും ചെയ്യുന്നതിനു പ്രവർത്തിച്ചില്ലെങ്കിൽ ഹൈദരബാദിലെ മുസ്ലീങ്ങൾക്കു യാതൊരു ഭാവിയുമുണ്ടാവുകയില്ലെന്നു അവർ ഓർക്കേണ്ടതാണ്. ഇതു വ്യക്തമാണ്. കാസിംറസ്വി ഇതു കണ്ടറിഞ്ഞു തക്കസമയത്തു പ്രവർത്തിക്കുമോ?

അതോടുകൂടിത്തന്നെ നമ്മുടെ ഗവൺമെന്റും ലെയിക്ക് അലിയും തമ്മിലുള്ള കൂടുതലായുള്ള സല്ലാപങ്ങളും നിർത്തിവയ്ക്കണം. ഹൈദരബാദിലെ ജനങ്ങൾക്കുവേണ്ടി സംസാരിക്കുന്നതിനു ഇലക്ക് യാതൊരു അധികാരവുമില്ല. ജനപ്രതിനിധികൾ അധികാരത്തിൽ വരുന്നതുവരെ നാം കാത്തിരിക്കണം. ഹൈദരബാദ് എന്തുചെയ്യണമെന്ന കാര്യം അവർതന്നെ തീരുമാനിക്കട്ടെ. അവരുടെ നിശ്ചയം നമുക്ക് അംഗീകരിക്കാം.

നമ്മുടെ അടിയന്തിരകർത്തവ്യമെന്താണ്? അധികാരം കൈകവിടാൻ വിസമ്മതിക്കുന്നവരുടെ കയ്യിൽനിന്നു അതു പിടിച്ചുവാങ്ങുന്നതിന് അവിടത്തെ നിർഭാഗ്യരായ ബഹുലക്ഷങ്ങളെ സഹായിക്കുക എന്നതാണ് നമ്മുടെ കർത്തവ്യം. മുസ്ലീം പോലീസിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ഇത്തിഹാദ്മുസ്ലീനുകളിൽനിന്നു അവർ ഭയങ്കരദുരിതങ്ങൾ അനുഭവിക്കുകയാണ്. വേണ്ടിവന്നാൽ നിശ്ചലകരാർ ഉപേക്ഷിക്കുന്നതിനും തന്റെ അധികാരങ്ങൾ ജനങ്ങളിൽ നിക്ഷേപിക്കുന്നതിനു നൈസാമിനെ നിർബ്ബന്ധിക്കുന്നതിനും ധൈര്യസമേതം വേണ്ട പരിപാടികൾ നാം സ്വീകരിക്കണം. നമ്മുടെ സൈന്യങ്ങളെ ഇതിനുപയോഗിക്കേണ്ടിവന്നേക്കാം. ആ ചുമതലയിൽനിന്നും നാം പിന്മാറരുതു്. ശക്തിയുടേതല്ലാതെ യാതൊരു ന്യായവാദവും മനസ്സിലാക്കുന്നതിനുള്ള ബുദ്ധി നൈസാമിനില്ലെന്നാണു കാണുന്നതു്.

കാശ്മീർ ഭരണാധികാരി യൂണിയനോടു ചേരാമെന്നു സമ്മതിച്ചപ്പോൾ ഉത്തരവാദഭരണം നൽകിയാൽ മാത്രമേ അദ്ദേഹത്തിന്റെ അപേക്ഷ സ്വീകരിക്കയുള്ളു എന്ന വ്യവസ്ഥ അദ്ദേഹത്തിനു നൽകി. ആ രാജ്യത്തിന്റെ ഭാവി നിശ്ചയിക്കാനുള്ള അധികാരം കാശ്മീരിലെ ജനങ്ങൾക്കു മാത്രമാണുള്ളതെന്നും നാം വ്യക്തമാക്കി. ഹൈദരബാദിന്റെ കാര്യത്തിൽ വ്യത്യസ്തമായ ഒരു നയം നമുക്കു സ്വീകരിക്കാവുന്നതല്ല. അല്ലാത്തപക്ഷം, മുസ്ലീം ഏകാധിപത്യം സംബന്ധിച്ചു ദുർബ്ബലതയും, ഹിന്ദു സ്വേച്ഛാധിപത്യം അവസാനിപ്പിക്കുന്നതിൽ ധീരതയും സാമർത്ഥ്യവുമാണു നാം പ്രകടിപ്പിക്കുന്നതെന്ന ആരോപണം നമ്മുടെ പേരിൽ ഉണ്ടാകുന്നതാണ്. ഉറുമ്പിനെ അരിച്ചെടുക്കുകയും ഒട്ടകത്തിനെ വിഴുങ്ങുകയും ചെയ്യുന്നവരാണു നാം എന്നു ജനങ്ങൾ പറയും. കാശ്മീരിലെ ജനങ്ങളെ ആപത്തിൽ സഹായിക്കുന്നതിനു നാം നമ്മുടെ സൈന്യത്തെ അയച്ചുകൊടുത്തു. ഹൈദ്രബാദിലെ ജനങ്ങളുടെ വിഷമങ്ങൾ ഒട്ടും കുറഞ്ഞവയല്ലതന്നെ. നാം കാഴ്ചക്കാരായി അലസരായിനിന്നാൽ മതിയോ? നമ്മുടെ രാജ്യത്തിലെ രാജാക്കന്മാരുടെ ദുർഭരണത്തിന്റെയും വർഗ്ഗീയാധിപത്യത്തിന്റെയും അവസാനത്തെ ഈ ദുർഗ്ഗം തകർക്കുന്നതിനുള്ള ആഹ്വാനം സ്വീകരിച്ചു അതു നാം ഛിന്നഭിന്നമാക്കേണ്ടതല്ലേ?

Copyright N. P. S.

—o—

## *Our American Letter*

# "AMERICA SPEAKS TO ME"

## II

K. A. V. Pandalai.

It would be of great interest to look into the causes that contribute to the prosperity of America. A nation of great financial and mineral resources, that has gone through a heavy and impoverishing world-war, stands up with great power and strength when all the other nations of the world are going through a very chaotic aftermath of war. The inflation in France and China, the austerity measures adopted in England to cross the embrassing economic crisis in England, the poverty and misery of most of the European and Asiatic countries make us think why America alone has escaped the heavy and pernicious repercussions of the war and in fact, become stronger after the war. This would be of great importauce to Indiams as we have to work immediately to make our coun-try a prosperous one. If America which has a population which is only half of that of India can, through industry and proper planning, become a world power there is no reason why India cannot. But the internal disorder should be quelled and the undue importance and emphasis that was being laid on caste, creed and community should be done away with because it is a menace to progress and a disgrace to India.

If I were asked to say in a word what I think is the reason for America's prosperity, I would say Industrialsation. Today, we live in a scientific age and we see man using and missusing science. A nation has got to industrialise herself if she is to preserve her liberty; Also national defence and the imperialistic designs of certain countries of the world make it imperative for peace loving countries to resort to science in order to safeguard independence. India to be a great nation has to industrialise vastly and immediately. Perhaps a geological survey would be the first step.

Americans seem to have a dislike for nationalisation of industries. They do not believe in Government taking over and running everything; industries, companies and banks for they say that no Government can do it properly. Their feelings in this matter are best expressed by Thomas Dewey of New York when he said that he was convinced that no Government can ever do any job as well as private enterprise. This is the reason why almost all the key industries such as steel industries and oil companies are private enterprises. Schools and Colleges are private. One thing is quite certain; nationalisation kills competition which alone can keep the prices low and also it hits at the root of efficiency. This does not mean that I am advocating private enterprises; but I am of opinion that the management of industries run on a private enterprise basis can be controlled and thier policy checked by Government through a liason officer in order to safegaurd the rights and improve the lot of labourers. This means Government is not taking upon itself a great and difficult responsibility, but at the same time, Government almost controls the management. This is very important for India because the Government at present has to devote all possible time and energy in running the administration efficiently and in planning to lay the foundation for a prosperous nation. The economice crisis of England partly caused by the hasty scheme of nationalisation adopted by the present Labour Government in England shold serve as a warning, for many Indians very loosely talk of nationalisation as if it were a panacea for the many ills and troubles of our country.

The high speed comforts and constant improvements in the railways in America might be due to competition and the private enterprise-basis on which they are run. The use of diesel oil, improvements in the mechanism and the design would improve the Indian trains. In these days when transportation is of great moment India should do all she can to improve the means of transportation.

Almost all the nations of the world are undergoing an acute food crisis which is aggravated by war. America alone has more that what she needs. As stated in the last article, this is due to one fact, that she employs the most scientific methods in agriculture. If the fertility of soil in America and India are compared, it will be seen that if we immediately adopt means to check soil-erosion, we need not have much head-ache about the fertility or four soil. What is most needed is the application of the scientfic and up todate methods and discarding of antiquated methods which should be obsolete. Co-operative farming will be seen to yield more, than when tiny plots are cultivated separately. In India the crying need today is food and so this problem cannot be put off. Partition of land is is menace and a means of impoverishing the people. Also it a essential to enact some legislation to bring about better understanding between the tenant and landlord based on a decent treatment of labour. But it should be borne in mind that labour, if given more importance than it deserves, would only further labour-troubles which would hinder progress. An equilibrium has to be struck. If India or any state in India is going to be indifferent to the most important problem of agriculture, and food we will be digging our own graves. In future no country can afford to be dependant on other countries in essentials like food and clothing.

Almost everything in America is private owned. Automobile industries, oil companies, steel industries and even broad-casting stations are private owned. Perhaps this is too much. What is suggested is not a cent per cent adoption of this system in India; but, to start with, we would do well to run important industries on a private enterprise system with the Government having a good hand in the management until their foundations are unshakeably laid when the Government may, if need there be, nationalise them. It would be unnecessary for any Government to nationalise any industry if almost all the advantages of such a step could be obtained by other means because whether an idustry is nationaliseed or not, what is mainly aimed at is the fair and just treatment of labour and the safeguarding of their legitimate rights. The income to Government due to nationalisation can be made up by the lavying of some sort of tax like Excess Profit Tax which will either lead to a greater distribution of the profit among the labourers or a part of the profit going into the country's exchequer.

In short, if the prosperity and the high rank America occupies in the highly industrialised nations of the world teach us anything, it is that any nation to become highly advanced should be independent in the matter of essentials like food, should resort to a scheme of rapid and vast industrialisation which alone can solve the problem of unemployment, should give great encouragement to private enterprise, enact legislation to effect a good and just relation between labour and management, should improve the means of transportation, and have a good plan for research in the various fields, of science.

NEW YORK,
28-3-48.



ബോർഡ് ഓഫ് ട്രേഡ് (വാണിജ്യമന്ത്രാലയത്തിന്റെ വകുപ്പ്) വിദേശത്തെ പ്രസ്സ് കോൺഫറൻസ്. ബോർഡ് പ്രസിഡന്റ് മി: ഹാരോൾഡ് വിൽസൺ, അദ്ദേഹത്തിന്റെ ഇടതുവശം മിസ്സ് അലക്സ് കിർക്ക് റോയി മുതലായവർ നാനാ സാധനങ്ങളുടെ വിലനിശ്ചയിച്ചുണ്ടായ ഉത്തരവിനെപ്പറ്റി പ്രസ്സ് കോൺഫറൻസിൽ വിശദീകരിക്കുന്നു.

(രണ്ടാംപേജിൽനിന്നും തുടർച്ച)

ഈ റിപ്പബ്ളിക്കുകളിലെ ഭരണഘടനാവ്യവസ്ഥയനുസരിച്ചാണ്. യൂണിയൻറിപ്പബ്ളിക്കിലെ നിയമനിർമ്മാണസഭ ഈ സുപ്രീംസോവിയറ്റാണ്. യൂണിയൻ റിപ്പബ്ളിക്കിന്റെ ഭരണഘടനാനിയമത്തെ ഉണ്ടാക്കുകയും അതിൽ യു. എസ്. എസ്. ആറിന്റെ ഭരണഘടനാനിയമത്തിന് അനുരൂപ്യമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുകയും ഭേദഗതി വരുത്തുകയും, യൂണിയൻറിപ്പബ്ളിക്കിന്റെ ഘടകങ്ങളായിട്ടുള്ള സ്വയംഭരണഘടനാനിയമത്തെ സ്ഥിരീകരിക്കയും അവയുടെ അതിർത്തികളെ വിവരിക്കയും, രാഷ്ട്രീയസാമ്പത്തികപദ്ധതിയെ ശരിയാക്കുകയും, റിപ്പബ്ളിക്കിന്റെ ബഡ്ജററ് അനുവദിക്കയും, യൂണിയൻ റിപ്പബ്ളിക്കിലെ നീതിന്യായക്കോടതികളാൽ ശിക്ഷിക്കപ്പെട്ട പൗരന്മാർക്ക് മാപ്പു നൽകുകയും, അന്തർരാഷ്ട്രീയബന്ധത്തിനായി പ്രതിനിധികളെ നിയോഗിക്കയും ചെയ്യുന്നതിന് ഈ സഭയ്ക്കു അവകാശമുണ്ട്. യൂണിയൻറിപ്പബ്ളിക്കിന്റെ പ്രസീഡിയത്തെ യൂണിയൻറിപ്പബ്ളിക് സുപ്രീംസോവിയററ് തെരഞ്ഞെടുക്കുന്നു. ഈ പ്രസീഡിയത്തിൽ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷന്മാരും കാര്യദർശിയും മെമ്പറന്മാരുമുണ്ട്. പ്രസീഡിയത്തിന്റെ അധികാരങ്ങളെ യൂണിയൻറിപ്പബ്ളിക്കിന്റെ ഭരണഘടനാനിയമത്തിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. സുപ്രീംസോവിയററിന്റെ സമ്മേളനനടപടികളെ നയിക്കുന്നതിനുവേണ്ടി ഒരു അദ്ധ്യക്ഷനെയും ഉപാദ്ധ്യക്ഷന്മാരെയും സഭ തിരഞ്ഞെടുക്കുകയും യൂണിയൻറിപ്പബ്ളിക്കിന്റെ ഗവമെന്റായ യൂണിയൻറിപ്പബ്ളിക് പീപ്പിൾസ് കമ്മീസ്സാർകൌൺസിലിനെ നിയമിക്കയും ചെയ്യുന്നു.

## V
## സോവിയററുയൂണിയനിലെ ഗവമെന്റുഘടകങ്ങൾ

യു. എസ്. എസ്. ആറിന്റെ രാഷ്ട്രാധികാരത്തിന്റെ ഏററവും ഉയർന്ന എക്സിക്യൂട്ടീവും ഭരണകർത്തൃത്വാധികാരവും വഹിക്കുന്നതു യു. എസ്. എസ്. ആറിലെ പീപ്പിൾസ് കമ്മീസ്സാർമാരുടെ കൌൺസിലാണ്. കൌൺസിലിനു യു. എസ്. എസ്. ആറിലെ സുപ്രീംസോവിയററിനോടു ഉത്തരവാദിത്വം ഉണ്ട്. അതിനോടു സമാധാനം പറയുകയും വേണം. സുപ്രീംസോവിയററിന്റെ സമ്മേളനങ്ങൾ ഇല്ലാത്ത ഇടക്കാലത്തു കമ്മീസ്സാർസ് കൌൺസിൽ പ്രസീഡിയത്തോടു ഉത്തരം ചെയ്യണം. കൌൺസിലിനെ നിയമിക്കുന്നതു സോവിയററുയൂണിയനിലെ സുപ്രീംസോവിയററാണ്. ഈ കൌൺസിലിലെ അംഗങ്ങൾ.

എ) അദ്ധ്യക്ഷൻ. ബി) ഉപാദ്ധ്യക്ഷന്മാർ. സി) സ്റ്റേററ് പ്ലാനിങ്ങ് കമ്മീഷന്റെ അദ്ധ്യക്ഷൻ. ഡി) സോവിയററ് കൺട്രോൾ കമ്മീഷന്റെ അദ്ധ്യക്ഷൻ. ഇ) കലാകമ്മിററിയുടെ അദ്ധ്യക്ഷൻ. എഫ്) ഉന്നതവിദ്യാഭ്യാസകമ്മിററിയുടെ അദ്ധ്യക്ഷൻ. ജി) സ്റ്റേററബാങ്കിന്റെ ബോർഡിന്റെ അദ്ധ്യക്ഷൻ. എച്ച്) യു. എസ്. എസ്. ആറിലെ പീപ്പിൾസ് കമ്മീസ്സാർമാർ.

നിലവിൽ ഇരിക്കുന്ന നിയമങ്ങളെ അടിസ്ഥാനമാക്കി കൌൺസിൽതീരുമാനങ്ങളും ഉത്തരവുകളും പ്രഖ്യാപനം ചെയ്യുകയും അവയുടെ നടത്തിന്റെ മേൽനോട്ടം വഹിക്കയും ചെയ്യുന്നു. ഈ തീരുമാനങ്ങളും ഉത്തരവുകളും യു. എസ്സ്. എസ്സ്. ആറിലെ എല്ലാം പ്രദേശത്തെയും ബന്ധിക്കുന്നതാണ്.

കൌൺസിലിന്റെ പ്രധാന പ്രവൃത്തനങ്ങൾ അഖിലയൂണിയൻ പീപ്പിൾസ് കമ്മീസ്സാറിയേററുകളുടേയും യൂണിയൻ റിപ്പബ്ളിക്കൻ പീപ്പിൾസ് കമ്മീസ്സാറിയേററുകളുടെയും കൌൺസിലിന്റെ കീഴിലുള്ള സാമ്പത്തികം സാംസ്കാരികം മുതലായ സ്ഥാപനങ്ങളുടെയും പ്രവൃത്തനങ്ങളെ അനുരഞ്ജിപ്പിക്കയും നയിക്കയും ചെയ്യുക; രാഷ്ട്രീയ-സാമ്പത്തികപദ്ധതികളുടേയും സ്റ്റേററബഡ്ജററിന്റേയും നടത്തിപ്പിനുവേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കുക; ക്രെഡിററ്, നാണയസംബന്ധമായുമുള്ള പദ്ധതി ബലപ്പെടുത്തുക; പൊതുജനക്ഷേമപാലനത്തിനും സംസ്ഥാനത്തിന്റെ താല്പര്യങ്ങളുടെ സംരക്ഷണത്തിനും പൌരന്മാരുടെ അവകാശങ്ങളുടെ സംരക്ഷണത്തിനും വേണ്ടതായ ഉപായങ്ങളും സ്വീകരിക്കുക; വിദേശരാജ്യങ്ങളുമായിട്ടുള്ള ബന്ധങ്ങളെസംബന്ധിച്ചു ഒരു സാമാന്യ മാർഗ്ഗദർശനം കൊടുക്കുക; സൈനികസേവനത്തിന് ആണ്ടുതോറും എത്ര പൌരന്മാരെ വിളിക്കണമെന്നു തീർച്ചപ്പെടുത്തുക; സായുധസേനകളുടെ സാമാന്യസംഘടനയേയും വികസനത്തെയും സംബന്ധിച്ചു സാമാന്യ നിയന്ത്രണം ചെയ്യുക, ആവശ്യമുള്ളപക്ഷം സാമ്പത്തികം, സാംസ്കാരികം, പ്രതിരോധകം, സംരക്ഷണം എന്നീ വിഷയങ്ങൾക്കുള്ള സംഘടനകളെസംബന്ധിച്ചു വിശേഷാൽ കമ്മിററികളും കേന്ദ്രഭരണസ്ഥാപനങ്ങളും ഉണ്ടാക്കുക; എന്നിവയാണ്.

യു എസ്സ് എസ്സ്. ആറിന്റെ അംഗീകാരത്തിനു വിധേയമായിട്ടുള്ള ഭരണപരമായും സാമ്പത്തികമായും ഉള്ള തുറകളെസംബന്ധിച്ചു യൂണിയൻറിപ്പബ്ളിക്കുകളിലെ പീപ്പിൾസ് കമ്മീസ്സാർസ് കൌൺസിലുകളുടെയും തീരുമാനങ്ങളേയും ഉത്തരവുകളേയും റദ്ദാക്കുന്നതിനും യു. എസ്സ്. എസ്സ്. ആറിലെ പീപ്പിൾസ് കമ്മീസ്സാർമാരുടെ ആജ്ഞകളേയും നിർദ്ദേശങ്ങളേയും ഭേദപ്പെടുത്തുന്നതിനും അധികാരമുണ്ട്.

യു എസ്സ് എസ്സ് ആറിന്റെ അധികാരപരിധിയിൽപ്പെട്ട സംസ്ഥാനഭരണശാഖകളെ നയിക്കുന്നതു സോവിയററുയൂണിയനിലെ പീപ്പിൾസ് കമ്മീസ്സാർമാരും കമ്മീസ്സാറിയേററുകളുമാണ്. അവർ കമ്മീസ്സാറിയേററിന്റെ അധികാരപരിധിയിൽപ്പെട്ട തുറകളെസംബന്ധിച്ചു ഉത്തരവുകളും നിർദ്ദേശങ്ങളും നൽകുകയും കൌൺസിലിന്റെ തീരുമാനങ്ങളേയും ഉത്തരവുകളേയും അനുസരിപ്പിക്കയും ചെയ്യുന്നു. ഈ ഉത്തരവുകളും നിർദ്ദേശങ്ങളും യു. എസ്സ്. എസ്സ്. ആറിലെ നിയമങ്ങളെ അനുസരിച്ചുള്ളതായിരിക്കണം. ഈ ഉത്തരവുകളുടേയും മററും നടത്തിപ്പിനെക്കുറിച്ചു കമ്മീസ്സാർ മേൽനോട്ടം വഹിക്കയും ചെയ്യുന്നു.

യു എസ്സ്. എസ്സ്. ആറിലെ കമ്മീസ്സാറിയേററുകൾ ആൾയൂണിയൻ കമ്മീസ്സാറിയേററ് എന്നും യൂണിയൻ റിപ്പബ്ളിക്കൻ കമ്മീസ്സാറിയേററ് എന്നും രണ്ടുതരത്തിൽപ്പെട്ടവയാണ്. ആൾയൂണിയൻ കമ്മീസ്സാറിയേററുകളെ ഏല്പിച്ചിരിക്കുന്ന സംസ്ഥാനഭരണശാഖകളെ അവ സോവിയററുയൂണിയന്റെ എല്ലാ പ്രദേശങ്ങളിലും നേരിട്ടോ അല്ലാത്തപക്ഷം അവയാൽ നിയുക്തമായ സംഘടനമൂലമോ നടത്തുന്നു. യൂണിയൻ റിപ്പബ്ളിക്കൻ കമ്മീസ്സാറിയേററുകൾ അവയെ ഏല്പിച്ചിട്ടുള്ള ഭരണശാഖകളെ നയിക്കുന്നതു അവയോടു സാദൃശ്യമുള്ള യൂണിയൻ റിപ്പബ്ളിക്കിലെ പീപ്പിൾസ് കമ്മീസ്സാറിയേററുവഴിയുമാണ്. സുപ്രീംസോവിയററിലെ പ്രസീഡിയം സ്ഥിരീകരിച്ചിട്ടുള്ള ഒരു പട്ടികയിൽപെട്ട പരിമിതസംഖ്യയുള്ള സംരംഭങ്ങളെ മാത്രമേ അവ നേരിട്ടു നടത്തുന്നുള്ളു.

അഖിലയൂണിയൻ പീപ്പിൾസ് കമ്മീസ്സാറിയേററുകൾ താഴെ ചേർത്തിരിക്കുന്നവയാണ്.

എ) വിദേശവാണിജ്യം. ബി) റെയിൽവേകൾ. സി) പോസ്റ്റ്, ടെല്ലഗ്രാഫ്, ടെല്ലഫോൺ. ഡി) കടൽക്കപ്പൽസമൂഹം ഇ) നദീനൗകസമൂഹം. എഫ്) കരക്കരിഖനിവ്യവസായം. ജി) എണ്ണവ്യവസായം. എച്ച്) വിദ്യുച്ഛക്തി പവർസ്റ്റേഷൻസ്. ഐ) ഇലക്ട്രിക്കൽ എൻജിനീയറിംഗ്. ജെ) ഇരുമ്പ്, ഉരുക്ക് വ്യവസായം. കെ) നാൺഫെറസ് മെററൽസ് വ്യവസായം. എൽ) കെമിക്കൽ വ്യവസായം. എം) വിമാനവ്യവസായം. എൻ) കപ്പൽനിർമ്മാണവ്യവസായം. ഒ) വെടിക്കോപ്പുവ്യവസായം. പി) ആയുധവ്യവസായം. ക്യു) ഭാരയന്ത്രനിർമ്മാണവ്യവസായം. ആർ) ഇടത്തരം യന്ത്രനിർമ്മാണവ്യവസായം. എസ്) സാമാന്യയന്ത്രനിർമ്മാണവ്യവസായം. ടി) നേവൽഫോഴ്സ്. യു) കർഷകസ്റ്റോക്ക്. വി) സിവിൽ എൻജിനീയറിംഗ്വ്യവസായം. ഡബ്ലിയു) സെല്ലുലോസും കടലാസും വ്യവസായം.

യൂണിയൻറിപ്പബ്ളിക്കൻ കമ്മീസ്സാറിയേററുകൾ.

എ) പ്രതിരോധം. ബി) വിദേശകാര്യങ്ങൾ. സി) ഭക്ഷണവ്യവസായം. ഡി) മത്സ്യപിടിത്തവ്യവസായം. ഇ) ഇറച്ചിയും ഡെയറിപ്രൊഡക്ടസും വ്യവസായം. എഫ്) ലഘുവ്യവസായങ്ങൾ. ജി) തുണിവ്യവസായം. എച്ച്) തടിവ്യവസായം. ഐ) കൃഷി. ജെ) സംസ്ഥാനംവക ധാന്യവും കന്നുകാലികളും വ്യവസായങ്ങൾ. കെ) ഫൈനാൻസ് (സാമ്പത്തികകാര്യം) എൽ) വാണിജ്യം. എം) ആഭ്യന്തരകാര്യങ്ങൾ. എൻ) സംസ്ഥാനരക്ഷ. ഒ) നീതിന്യായം. പി) പൊതുജനാരോഗ്യം. ക്യു) ഗൃഹനിർമ്മാണസാധനവ്യവസായം. ആർ) സംസ്ഥാനനിയന്ത്രണം.

## VI
## യൂണിയൻറിപ്പബ്ളിക്കുകളിലെ ഗവമെന്റുസ്ഥാനങ്ങൾ

ഒരു യൂണിയൻറിപ്പബ്ളിക്കിലെ ഏററവും ഉയർന്ന എക്സിക്യൂട്ടീവും ഭരണപരവും ആയ സ്ഥാപനം യൂണിയൻറിപ്പബ്ളിക്കിന്റെ പീപ്പിൾസ് കമ്മീസ്സാർമാരുടെ കൌൺസിലാണ്. കൌൺസിലിനെ നിയമിക്കുന്നതു യൂണിയൻറിപ്പബ്ളിക്കിലെ സുപ്രീംസോവിയററാണ്. കൌൺസിലിനു യൂണിയൻറിപ്പബ്ളിക് സുപ്രീംസോവിയററിനോടു ഉത്തരവാദിത്വം ഉണ്ട്. കൌൺസിൽ, സോവിയററിനോടു സമാധാനംപറയുകയും വേണം. സോവിയററിന്റെ സമ്മേളനം ഇല്ലാത്ത ഇടക്കാലങ്ങളിൽ കൌൺസിൽ യൂണിയൻറിപ്പബ്ളിക്കിന്റെ പ്രസീഡിയത്തോടു ഉത്തരവാദംചെയ്യണം. യു. എസ്. എസ്. ആറിലും, യൂണിയൻറിപ്പബ്ളിക്കിലും പ്രാബല്യത്തിൽ ഇരിക്കുന്ന നിയമങ്ങളേയും യു. എസ്. എസ്. ആറിലെ പീപ്പിൾസ് കമ്മീസ്സാർകൌൺസിലിന്റെ നിശ്ചയങ്ങളേയും ഉത്തരവുകളെയും ആധാരമാക്കി യൂണിയൻറിപ്പബ്ളിക്കുകളിലെ കൌൺസിലുകൾ നിശ്ചയങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കയും അവയുടെ നടത്തിപ്പിനെക്കുറിച്ചു പരിശോധനനടത്തുകയും ചെയ്യുന്നു. സ്വയംഭരണറിപ്പബ്ളിക്കുകളിലെ കൌൺസിലുകളുടെ തീരുമാനങ്ങളെയും ഉത്തരവുകളെയും പ്രദേശങ്ങൾ മേഖലകൾ സ്വയംഭരണമേഖലകൾ എന്നിവയിലെ സോവിയററുകളുടെ എക്സിക്യൂട്ടീവു കമ്മിററികളുടെ തീരുമാനങ്ങളേയും ഉത്തരവുകളേയും അസ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശംകൌൺസിലിനുണ്ട്. ഈ കൌൺസിലിലെ അംഗങ്ങൾ, അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷന്മാർ, സംസ്ഥാനസംവിധാനകമ്മീഷന്റെ അദ്ധ്യക്ഷൻ, പ്രതിരോധം വിദേശകാര്യങ്ങൾ, ഭക്ഷ്യവ്യവസായം മത്സ്യവ്യവസായം, ഇറച്ചിയും ഡെയറിപ്രൊഡക്ടസുംവ്യവസായം ലഘുവ്യവസായം, വസ്ത്രവ്യവസായം, തടിവ്യവസായം, ഭവനനിർമ്മാണസാധനവ്യവസായം, കൃഷി, സംസ്ഥാനംവക ധാന്യങ്ങളുടേയും കന്നുകാലികളുടെയും കൃഷിസ്ഥലം, ഫൈനാൻസ് വാണിജ്യം, ആഭ്യന്തരകാര്യങ്ങൾ നീതിന്യായം, പൊതുജനാരോഗ്യം സംസ്ഥാനകൺട്രോൾ, വിദ്യാഭ്യാസം, പ്രാദേശികവ്യവസായം, മുനിസിപ്പൽകാര്യനിർവഹണം, സാമൂഹ്യസംരക്ഷണം മോട്ടോർഗതാഗതം, എന്നിവയുടെ പീപ്പിൾസ് കമ്മീസ്സാർമാർ കലാഭരണത്തിന്റെ പ്രധാനി അഖിലയൂണിയൻ കമ്മീസ്സാറിയേററിലെ പ്രതിനിധികൾ എന്നിവരാണ്. യൂണിയൻ റിപ്പബ്ളിക്കിലെ പീപ്പിൾസ് കമ്മീസ്സാർമാർ യൂണിയൻറിപ്പബ്ളിക്കിന്റെ അധികാരപരിധിയിൽപെട്ട അവരുടെ ഭരണശാഖകളെ നയിക്കുന്നു. അവരുടെ കമ്മീസ്സാറിയേററുകളുടെ അധികാരപരിധിക്കുള്ളിൽ അവർ യു. എസ്. എസ്. ആറിലും യൂണിയൻറിപ്പബ്ളിക്കിലും നിലവിലിരിക്കുന്ന നിയമങ്ങൾക്കും, രണ്ടിലേയും കൌൺസിലുകളുടെ നിശ്ചയങ്ങൾക്കും ഉത്തരവുകൾക്കും അനുസരിച്ചു ഉത്തരവുകളും നിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നു. യു. എസ് . എസ്. ആറിലെ കമ്മീസ്സാറിയേററിന്റേയും യൂണിയൻ റിപ്പബ്ളിക്കിലെ കമ്മീസ്സാറിയേററുകളുടെയും ഉത്തരവുകളെയും നിർദ്ദേശങ്ങളേയും അനുസരിച്ചും ശാസനങ്ങൾ പുറപ്പെടുവിക്കുന്നു. യൂണിയൻറിപ്പബ്ളിക്കുകളിലെ കമ്മീസ്സാറിയേററുകൾ യൂണിയൻറിപ്പബ്ളിക്കൻ എന്നും റിപ്പബ്ളിക്കൻ എന്നും രണ്ടുതരത്തിലാണ്. യൂണിയൻ റിപ്പബ്ളിക്കൻ കമ്മീസ്സാറിയേററുകൾ അവയെ ഏല്പിച്ച ഭരണശാഖകളെ നയിക്കുന്നു. അവ യൂണിയൻറിപ്പബ്ളിക്കിലെ കൌൺസിലിനോടും യു. എസ്. എസ്. ആറിലെ യൂണിയൻറിപ്പബ്ളിക്കൻ കമ്മീസ്സാറിയേററിനോടും കീഴ്പെട്ടാണ്. റിപ്പബ്ളിക്കൻ കമ്മീസ്സാറിയേററുകൾ യൂണിയൻറിപ്പബ്ളിക്കൻ കൌൺസിലിന്റെ നേരിട്ടു കീഴിലാണ്. അവയ്ക്കു വിട്ടുകൊടുത്തിട്ടുള്ള ഭരണശാഖകളെ അവ നയിക്കുന്നു.

(തുടരും)

Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.